بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ  نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ  وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ
وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ
വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 4
ലക്കം 18
വാർഷിക വരിസംഖ്യ 500 രൂപ
പത്രാധിപർ എച്ച്.ശംസുദ്ദീൻ
സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 മെയ് 2/ഹി:ശം:1398 ഹിജ്റത്ത് 2/ഹി:ഖ:1440 ശഅ്ബാൻ 26

## അല്ലാഹുവിന്റെ വചനം

قُلۡ اِنَّ الۡفَضۡلَ بِیَدِ اللّٰہِ ۚ
یُؤۡتِیۡہِ مَنۡ یَّشَآءُ ؕ
وَاللّٰہُ وَاسِعٌ عَلِیۡمٌ ○
یَّخۡتَصُّ بِرَحۡمَتِہٖ مَنۡ یَّشَآءُ ؕ
وَاللّٰہُ ذُو الۡفَضۡلِ الۡعَظِیۡمِ ○

“പറയുക, ‘നിശ്ചയമായും എല്ലാ അനുഗ്രഹവും അല്ലാഹുവിന്റെ കൈയിലാണ്. താനുദ്ദേശിക്കുന്നവർക്ക് അവൻ അത് നല്കുന്നു. അല്ലാഹു വളരെ വിശാലതയുള്ളവനും എല്ലാ കാര്യങ്ങളും അറിയുന്നവനുമാകുന്നു. തന്റെ കാരുണ്യം താനുദ്ദേശിക്കുന്നവർക്ക് അവൻ പ്രത്യേകമായി നല്കുന്നു. അല്ലാഹു മഹത്തായ കാരുണ്യത്തിന്റെ നാഥനാകുന്നു.”(3:74–75)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**വിശുദ്ധഖുർആൻ തഖ്വയുടെ വഴികൾ കൈക്കൊള്ളുകയും**
**എല്ലാതരത്തിലുള്ള മനുഷ്യരേയും വിവിധതരക്കാരായ ബുദ്ധിമതികളേയും**
**പോറ്റിവളർത്തുന്നതിനുള്ള മാർഗം പഠിപ്പിക്കുകയും**
**ഓരോ ജാഹിലിന്റേയും പണ്ഡിതന്റേയും തത്ത്വചിന്തകന്റേയും**
**പരിപാലനത്തിനുള്ള വഴി പറഞ്ഞുകൊടുക്കുകയും**
**എല്ലാ തരത്തിലുള്ള ചോദ്യങ്ങൾക്കും മറുപടി നല്കുകയും ചെയ്തു.**
**ചുരുക്കത്തിൽ പരിഷ്കരണത്തിന്റെ മാർഗം പറഞ്ഞുകൊടുക്കാതെ**
**ഒരു കക്ഷിയേയും വിട്ടുകളഞ്ഞില്ല.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

## ആരാണ് മുത്തഖി?

വിനയത്തോടും നിസ്സഹായതയോടും കൂടി നടക്കുന്നവനാണ് മുത്തഖിയെന്ന് ദൈവഗ്രന്ഥത്തിൽ കാണുന്നു. അവർ അഹന്തയോടെ സംസാരിക്കുകയില്ല. കുട്ടികൾ വലിയവരോടെന്ന പോലെയായിരിക്കും അവരുടെ സംസാരം. ഏതവസ്ഥയിലും നമ്മൾ അങ്ങനെ ചെയ്യേണ്ടതാണ്. അതുമുഖേന നമുക്ക് വിജയമുണ്ടാകണം. അല്ലാഹു ആരുടേയും കുത്തകയൊന്നുമല്ല. അവൻ തഖ്വ(ഭക്തി)മാത്രം ആഗ്രഹിക്കുന്നു. ആരാണോ തഖ്വ കൈക്കൊള്ളുന്നത് അവൻ ഉന്നതസ്ഥാനത്തെത്തുന്നതായിരിക്കും. നബി(സ)തിരുമേനിയോ ഹദ്റത്ത് ഇബ്റാഹിം(അ)മോ അനന്തരാവകാശത്തിൽ ആദരവ് പ്രാപിച്ചിട്ടില്ല; നബി(സ)തിരുമേനിയുടെ പിതാവ് അബ്ദുല്ലാഹ് അന്യാരാധകൻ ആയിരുന്നില്ല എന്നത് നമ്മുടെ വിശ്വാസമാണെങ്കിലും! പക്ഷേ, അവൻ നുബുവ്വത്ത് എന്തായാലും അദ്ദേഹത്തിന് നല്കിയില്ല. അതൊരു ദൈവകൃപയായിരുന്നു; അദ്ദേഹത്തിന്റെ പ്രകൃതിയിലുണ്ടായിരുന്ന സത്യസന്ധത കാരണത്താൽ! ഇതുതന്നെയായിരുന്നു കൃപയുടെ ചാലകശക്തിയും. ഹദ്റത്ത് ഇബ്റാഹിം(അ) അബുൽ അമ്പിയാ ആയിരുന്നു. അദ്ദേഹം തന്റെ സത്യസന്ധതയും തഖ്വയും കൊണ്ടുതന്നെയാണ് മകനെ ബലിയറുക്കാൻ മടിക്കാതിരുന്നത്. സ്വയം തീയിൽ ഇടപ്പെട്ടു. നമ്മുടെ സയ്യിദും മൗലായുമായ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ)യുടെ സത്യസന്ധതയും കൂറും നോക്കുക. അവിടന്ന് എല്ലാതരത്തിലുള്ള ദുഷ്ടാഹ്വാനങ്ങളേയും നേരിട്ടു. പലരീതിയിലുള്ള വിപത്തുകളും ബുദ്ധിമുട്ടുകളും സഹിച്ചു. പക്ഷേ, ഒന്നും വകവെച്ചില്ല. ഇതേ സത്യസന്ധതയും കൂറും കാരണമാണ് അല്ലാഹു കൃപചെയ്തത്. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത് **ഇന്നല്ലാഹ വ മലാഇക്കത്തഹൂ യുസ്വല്ലൂന അലന്നബിയ്യി യാ അയ്യുഹല്ലദീന ആമനൂ സ്വല്ലൂ അലയ്ഹി വ സല്ലിമൂ തസ്‌ലീമാ.** (33:57) അല്ലാഹുവും അവന്റെ എല്ലാ മലക്കുകളും നബി(സ)തിരുമേനിയുടെമേൽ അനുഗ്രഹങ്ങളാശംസിക്കുന്നു. അല്ലയോ വിശ്വാസികളേ! നിങ്ങളും അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കുന്നതിന് പ്രാർഥിക്കുക. ആദരണീയനായ റസൂലിന്റെ കർമങ്ങൾ എങ്ങനെയുള്ളതായിരുന്നുവെന്നാൽ, അല്ലാഹു അവയെ പ്രശംസിക്കുന്നതിനോ ഗുണവിശേഷങ്ങളുടെ സീമ നിശ്ചയിക്കുന്നതിനോ ഒരു പ്രത്യേക പദവും പറഞ്ഞിട്ടില്ലെന്നത് ഈ ആയത്തിൽ പ്രകടമാണ്. അതുപ്രകടിപ്പിക്കാനുള്ള പദം കിട്ടാഞ്ഞിട്ടല്ല. പക്ഷേ, അവൻ അത് സ്വയം ഉപയോഗിച്ചില്ല. അതായത് അവിടത്തെ സൽക്കർമങ്ങളുടെ പ്രശംസ പരിധികൾക്കപ്പുറമായിരുന്നു. ഇത്തരത്തിലുള്ള ആയത്ത് മറ്റൊരു നബിയുടെ മഹിമാവിലാസത്തിലും ഉപയോഗിച്ചിട്ടില്ല. അവിടത്തെ ആത്മാവിൽ ആ സത്യസന്ധതയും പരിശുദ്ധിയുമുണ്ടായിരുന്നു. അവിടത്തെ കർമങ്ങൾ ദൈവദൃഷ്ടിയിൽ എത്രമാത്രം പ്രിയപ്പെട്ടതായിരുന്നുവെന്നാൽ അല്ലാഹു ഭാവിയിൽ ആളുകൾ നന്ദിപ്രകടനമെന്നനിലയിൽ അദ്ദേഹത്തിനുമേൽ സ്വലാത്തു ചൊല്ലാൻ എന്നെന്നേക്കുമായി കല്പിച്ചു. അദ്ദേഹത്തിന്റെ ധൈര്യവും സത്യസന്ധതയും എന്തായിരുന്നുവെന്നാൽ, നമ്മൾ മുകളിലും താഴേയും ദൃഷ്ടിപായിച്ചാൽ അതിനു സമാനത ലഭിക്കുകയില്ല. ഹദ്റത്ത് മസീഹിന്റെ(അ)കാലം നോക്കുക, അദ്ദേഹത്തിന്റെ ധൈര്യത്തിന്റേയോ ആത്മീയമായ സത്യസന്ധതയുടേയോ പരിശുദ്ധിയുടേയോ സ്വാ ധീനം അദ്ദേഹത്തിന്റെ അനുയായികളിൽ എത്രത്തോളമുണ്ടായിരുന്നു. ഒരു ദുസ്വഭാവിയെ നേരെയാക്കുക എന്നത് എത്രമാത്രം പ്രയാസമാണെന്ന് ഓരോരുത്തർക്കും മനസ്സിലാക്കാവുന്നതാണ്. ദൃഢഗാഢമായ ശീലങ്ങൾ വിപാടനം ചെയ്യുക എത്രമാത്രം അസംഭാവ്യമാണ്. പക്ഷേ, നമ്മുടെ പരിശുദ്ധ നബി(സ) മൃഗങ്ങളെക്കാൾ നികൃഷ്ടരായിരുന്ന ആയിരക്കണക്കിനാളുകളെ നന്നാക്കിയെടുത്തു; ചിലർ മാതാക്കളോടും സഹോദരിമാരോടും മൃഗങ്ങളെപോലെ പെരുമാറിയിരുന്നത്. അനാഥരുടെ ധനം തിന്നിരുന്നു. മരിച്ചവരുടെ ധനം തിന്നിരുന്നു. ചിലർ നക്ഷത്രാരാധകരായിരുന്നു. ചിലർ നിരീശ്വരവാദികളായിരുന്നു. ചിലർ വെള്ളം കാറ്റ് അഗ്നി മണ്ണ് എന്നിവയെ ആരാധിക്കുന്നവരായിരുന്നു. അറേബ്യൻ ഉപദ്വീപ് എന്തായിരുന്നു? മതങ്ങളുടെ ഒരു സമുച്ചയംതന്നെ ഉള്ളിൽ വഹിച്ചിരുന്ന ഒരു രാജ്യമായിരുന്നു അറേബ്യാ.

## വിശുദ്ധഖുർആൻ സമ്പൂർണസന്മാർഗം

ഇതുകൊണ്ടുള്ള വലിയ നേട്ടം വിശുദ്ധഖുർആൻ എല്ലാ തരത്തിലുള്ള അധ്യാപനവും ഉൾക്കൊള്ളുന്നുവെന്നതാണ്. എല്ലാ ഓരോ തെറ്റായ വിശ്വാസത്തേയും ലോകത്തുണ്ടാകാൻ സാധ്യതയുള്ള വൃത്തികെട്ട അധ്യാപനത്തേയും ഉന്മൂലനം ചെയ്യാനുള്ള അധ്യാപനം അതിലുണ്ട്. ഇത് അല്ലാഹുവിന്റെ അതിസൂക്ഷ്മമായ യുക്തിയും നിയന്ത്രണവുമാണ്.

തികവുറ്റ ഗ്രന്ഥം വന്ന് തികവാർന്ന പരിഷ്കരണം നടത്തണമായിരുന്നു. അതിറങ്ങുന്നനേരത്ത് എല്ലാ ഓരോ രോഗത്തിനും തികവാർന്ന ചികിത്സ ലഭ്യമാക്കുന്നതിന് സകല രോഗങ്ങളും സമ്പൂർണമായ നിലയിൽ ഉണ്ടാകണമായിരുന്നു; അതുകൊണ്ടുതന്നെ ഈ ദ്വീപിൽ എല്ലാവിധ രോഗികളുണ്ടായിരുന്നു. അവയിൽ അക്കാലത്തോ അതിനുശേഷം വരുന്ന തലമുറയെ ബാധിക്കുന്നതോ ആയ എല്ലാ ആത്മീയമായ രോഗങ്ങളുമുണ്ടായിരുന്നു. വിശുദ്ധഖുർആൻ എല്ലാ ശരീഅത്തുകളേയും ഒരുമിച്ചുകൂട്ടാൻ കാരണവും ഇതുതന്നെയായിരുന്നു. മറ്റുഗ്രന്ഥങ്ങൾ ഇറങ്ങിയിരുന്ന കാലത്ത് ഇത് നിർബന്ധമായിരുന്നില്ല; അവരിൽ ഇത്തരം സമ്പൂർണ അധ്യാപനം ഉണ്ടായിരുന്നതുമില്ല.

## നബി(സ) തിരുമേനിയുടെ മഹത്തായ ദിവ്യദൃഷ്ടാന്തം

സമ്പൂർണനായ നമ്മുടെ നബിയുടെ അനുഗ്രഹങ്ങൾ എത്രത്തോളമാണ് പ്രകടമായത്, എല്ലാ ദിവ്യദൃഷ്ടാന്തങ്ങളേയും മാറ്റിനിറുത്തുകയാണെങ്കിൽ അവിടത്തെ പരിഷ്കരണം തന്നെയാണ് ദിവ്യദൃഷ്ടാന്തം. അവിടന്ന് വന്നപ്പോഴുള്ള അവസ്ഥയേയും പിന്നീട് അവിടന്ന് വിട്ടുംവെച്ചുപോയ അവസ്ഥയേയും കുറിച്ച് ആരെങ്കിലും ചിന്തിക്കുകയാണെങ്കിൽ അതുണ്ടാക്കിയ സ്വാധീനം ഒരു ദിവ്യദൃഷ്ടാന്തമായിരുന്നുവെന്ന് അവന് അംഗീകരിക്കേണ്ടതായിവരും. എല്ലാ നബിമാരും ആദരാർഹരാണ്. പക്ഷേ, **ദാലിക്ക ഫള്ലുല്ലാഹി യുഅ്തീഹി മൻയ്യശാഉ** (62:5)

നബി(സ)തിരുമേനി വന്നിട്ടില്ലായിരുന്നെങ്കിൽ നുബുവ്വത്ത് അവിടെ നില്ക്കട്ടെ, ദൈവാസ്തിക്യത്തിനുള്ള തെളി വും ഇതുപോലെ ലഭിക്കുമായിരുന്നില്ല. ആ മഹാത്മാവിന്റെ അധ്യാപനത്തിൽനിന്നാണ് **ഖുൽ ഹുവല്ലാഹു അഹദ്. അല്ലാഹു സ്സ്വമദ്, ലം യലിദ്, വലംയൂലദ്. വലം യകുൻല്ലഹു കുഫ്‌വൻ അഹദ്** അറിയാൻ കഴിഞ്ഞത്. തൗറാത്തിൽ അങ്ങനെയുള്ള ഏതെങ്കിലും അധ്യാപനമുണ്ടായിരുന്നെങ്കിൽ വിശുദ്ധഖുർആൻ അതിനെ വ്യാഖ്യാനിക്കുക മാത്രമേ ചെയ്യുമായിരുന്നുള്ളൂ. അപ്പോൾ ക്രൈസ്തവരുടെ അസ്തിത്വംതന്നെ എന്തിന്?

## വിശുദ്ധഖുർആനിൽ സകല സത്യതകളുമുണ്ട്

ചുരുക്കിപ്പറഞ്ഞാൽ വിശുദ്ധഖുർആൻ തഖ്വയുടെ വഴികൾ കൈക്കൊള്ളുകയും എല്ലാതരത്തിലുള്ള മനുഷ്യരേയും വിവിധതരക്കാരായ ബുദ്ധിമതികളേയും പോറ്റിവളർത്തുന്നതിനുള്ള മാർഗം പഠിപ്പിക്കുകയും ഓരോ ജാഹിലിന്റേയും പണ്ഡിതന്റേയും തത്ത്വചിന്തകന്റേയും പരിപാലനത്തിനുള്ള വഴി പറഞ്ഞുകൊടുക്കുകയും എല്ലാ തരത്തിലുള്ള ചോദ്യങ്ങൾക്കും മറുപടി നല്കുകയും ചെയ്തു. ചുരുക്കത്തിൽ പരിഷ്കരണത്തിന്റെ മാർഗം പറഞ്ഞുകൊടുക്കാതെ ഒരു കക്ഷിയേയും വിട്ടുകളഞ്ഞില്ല. **ഫീഹാ കുതുബുൻ ഖയ്യിമ** എന്നു പറഞ്ഞതുപോലെ ഇതൊരു അതിസൂക്ഷ്മമായ നേരമായിരുന്നു. അതായത് ഇതു ഏടുകളാണ്;

ഇവയിൽ എല്ലാ സത്യതയുമുണ്ട്. ഉന്നതപദവിവരെ എത്തുന്നതിനുള്ള എല്ലാ സാധനസാമഗ്രികളും ഉൾക്കൊള്ളുന്ന അനുഗൃഹീത ഗ്രന്ഥമാണിത്.”(മൽഫൂദാത്ത്, വാള്യം 1, പേജ് 31-34, 2018 ഖാദിയാൻ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# പ്രാർഥന

വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)
വിവർത്തനം:കെ.വി.ഹസ്സൻകോയ കോഴിക്കോട്

**പ്രാർഥന മനുഷ്യന്റെ കടമയാണ് പ്രതികരണം ദൈവികമാണ്:**
വിശപ്പുകൊണ്ടു ഒരു കുഞ്ഞ് നിലവിളിക്കുമ്പോൾ മാതാവിന്റെ സ്തനങ്ങളിൽ പാല് കൊണ്ടുവരപ്പെടുന്നു. ശിശുവിന് പ്രാർഥന എന്തെന്നറിയില്ല. പക്ഷേ അതിന്റെ കരച്ചിലാണ് പാല് കൊണ്ടുവരുന്നത്. ഇത് പ്രാപഞ്ചികമായ ഒരനുഭവമാണ്. ചില സമയങ്ങളിൽ തന്റെ സ്തനങ്ങളിൽ പാലുണ്ടെന്ന് മാതാവ് അറിയുന്നില്ല. എന്നാൽ, ശിശുവിന്റെ കരച്ചിൽ പാലുണ്ടാക്കുവാൻ സഹായിക്കുന്നു. അപ്പോൾ നമ്മുടെ വിലാപങ്ങൾ സർവ്വശക്തനായ ദൈവത്തിന്റെ മുമ്പിൽ ഒരു പ്രതികരണവും ഉണ്ടാക്കുകയില്ലെന്നാണോ? അവ എല്ലാറ്റിനേയും ആകർഷിക്കുന്നുണ്ട്. എന്നാൽ, കാഴ്ചശക്തിയില്ലാത്ത ആളുകൾക്ക് പണ്ഡിതന്മാരും തത്ത്വജ്ഞാനികളുമെന്ന നിലയിൽ നമ്മുടെ മുമ്പിൽ അണിനിരക്കുന്നവർക്ക് അത് കാണാൻ കഴിയുന്നില്ല. ഒരു വ്യക്തി ഒരു മാതാവിന് ശിശുവുമായുള്ള ബന്ധം തന്റെ മനസ്സിൽ കണ്ടുകൊണ്ട് പ്രാർഥനയുടെ തത്ത്വശാസ്ത്രത്തെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ അതു വളരെ എളുപ്പമാണെന്നു കണ്ടെത്തുന്നതാണ്.

പ്രാർഥനയ്ക്കുശേഷം രണ്ടാമത്തെ വിധത്തിലുള്ള കാരുണ്യം പ്രവർത്തനപഥത്തിൽ വരും. ചോദിക്കുന്നത് തുടർന്നുകൊണ്ടേയിരിക്കുക. കിട്ടേണ്ടതു കിട്ടിക്കൊണ്ടേയിരിക്കും.

"**ഉദ്ഊനി അസ്തജിബ് ലക്കും**" ഇത് വെറും വാക്കുകളല്ല. മനുഷ്യപ്രകൃതിയുടെ ഒരു സവിശേഷതയാണ്. പ്രാർഥിക്കുകയെന്നത് മനുഷ്യപ്രകൃതിയും പ്രതികരിക്കുകയെന്നത് ദൈവപ്രകൃതിയുമാണ്. മനസ്സിലാക്കാത്തവനും വിശ്വസിക്കാത്തവനുമായ വ്യക്തി വ്യാജനാണ്. ഞാൻ എടുത്തുകാണിച്ച ശിശുവിന്റെ ഉദാഹരണം വളരെ മികവുറ്റനിലയിൽ പ്രാർഥനയുടെ തത്ത്വശാസ്ത്രം വിശദീകരിക്കുന്നു. (മൽഫൂദാത്ത്, വാള്യം 1, പേജ് 129,130)

ഒരു പരീക്ഷണത്തിന്റെ ഘട്ടത്തിലാണ് അത്ഭുതകരവും അപൂർവ്വവുമായ പ്രാർഥനയുടെ ഗുണങ്ങളും ഫലങ്ങളും പ്രകടമാകുന്നത്. (മൽഫൂദാത്ത്, വാള്യം 111, പേജ് 201)

**പ്രാർത്ഥനയുടെ മര്യാദ:**
പ്രാർഥന അത്ഭുതകരമായ ഒരു കാര്യമാണ്. പ്രാർഥിക്കുന്നവർ പ്രാർഥിക്കേണ്ട രീതിയെന്താണെന്നതിനെ സംബന്ധിച്ചും പ്രാർഥനാസ്വീകാര്യതയുടെ വഴികളെന്തെന്ന് പരിചയപ്പെട്ടിട്ടില്ല എന്നതു സംബന്ധിച്ചും ബോധവാന്മാരല്ല എന്നത് പരിതാപകരമാണ്. പ്രാർഥനയുടെ യാഥാർഥ്യംതന്നെ അസാധാരണമായിരിക്കുന്നു എന്നതാണ് സത്യം. പ്രാർഥനയുടെ ഫലത്തെത്തന്നെ പറ്റെ നിഷേധിക്കുന്നവരാണ് ചിലർ. എന്നാൽ, മറ്റുചിലരുണ്ട്, അവർ പ്രാർഥനയെ നിഷേധിക്കുന്നില്ല. പ്രാർഥനയുടെ രീതിയെക്കുറിച്ച് അറിവില്ലാത്തത് കാരണം അവരുടെ പ്രാർഥന സ്വീകരിക്കപ്പെടുന്നില്ല. യഥാർഥത്തിൽ അവരുടേത് പ്രാർഥനയുമല്ല. അവരുടെ അവസ്ഥ പ്രാർഥന നിഷേധിക്കുന്നവരുടെ അവസ്ഥയേക്കാൾ മോശമാണ്. അവരുടെ പ്രാ യോഗികമായ അവസ്ഥ അവരെ ദൈവനിഷേധത്തിന്റെ വക്കത്തെത്തിക്കുന്നു.

പ്രാർഥിക്കുന്നവൻ ക്ഷീണിതനാകാൻ പാടില്ല എന്നതാണ് അതിന്റെ ഒന്നാമത്തെ നിബന്ധന.ഒന്നും സംഭവിക്കില്ലെന്ന് വിചാരിച്ച് നിരാശപ്പെടരുത്. ചില സമയത്ത് പ്രാർഥന സ്വീകരിക്കപ്പെടുന്ന അവസ്ഥവരെ എത്തുമ്പോൾ പ്രാർഥിക്കുന്നവൻ ക്ഷീണിച്ചുപോകുന്നു. അതിന്റെ ഫലം പരാജയവും ഇച്ഛാഭംഗവുമാകുന്നു. ഇച്ഛാഭംഗം കാരണം പ്രാർഥനയുടെ ഫലപ്രാപ്തിയെക്കുറിച്ചുള്ള നിഷേധമുണ്ടാകുന്നു. ക്രമേണ അത് ദൈവനിഷേധത്തിന്റെ ഉച്ചസ്ഥാനത്തെത്തുന്നു. പ്രാർഥന സ്വീകരിക്കുന്ന ഒരു ദൈവമുണ്ടായിരുന്നുവെങ്കിൽ ദീർഘകാലമായി ചെയ്തുകൊണ്ടിരുന്ന ഈ പ്രാർഥനകൾ എന്തുകൊണ്ട് സ്വീകരിക്കപ്പെട്ടില്ല എന്നു ചോദിക്കാൻ തുടങ്ങുന്നു. അങ്ങനെ ചിന്തിക്കുന്നവരും കാലിടറുന്നവരും തങ്ങളുടെ സ്ഥിരോത്സാഹത്തെക്കുറിച്ചു ചിന്തിക്കണമായിരുന്നു. അങ്ങനെയായരുന്നെങ്കിൽ തങ്ങളുടെ സ്വന്തം ധിറുതിയും അക്ഷമയുമാണ് ഇച്ഛാഭംഗമുണ്ടാക്കിയതെന്ന് അവർ അറിയുമായിരുന്നു. ദൈവികശക്തികളെ കുറിച്ചുള്ള തെറ്റു ധാരണയാണ് നിരായ്ശക്ക് കാരണമായത്. അതിനാൽ പ്രാ ർഥയിതാവ് ഒരിക്കലും ക്ഷീണിതനാവരുത്.

**ആത്മാർഥതയും ദൃഢനിശ്ചയവുമുള്ളവരാകുക:**
പ്രാർഥിക്കുകയെന്നത് ഒരു കർഷകൻ വിത്ത് വിതയ്ക്കുന്നതുപോലെയാണ്. പ്രത്യക്ഷത്തിൽ അയാൾ നല്ല വിത്ത് മണ്ണിൽ വിതയ്ക്കുന്നു. ആ സമയത്ത് ആ വിത്ത് വളർന്നു വലിയ ഒരു വൃക്ഷമായിത്തീരുമെന്നും ഫലം കായ്ക്കുമെന്നും ആർക്കാണ് പറയാൻ കഴിയുക? പുറത്തുള്ളവരും കർഷകൻപോലും ആ വിത്ത് ഭൂമിയ്ക്കടിയിൽ ഒരു ചെടിയുടെ രൂപം പ്രാപിക്കുന്നുണ്ടെന്നും കാണുന്നില്ല. എന്നാൽ, യാഥാർഥ്യമെന്താണെന്നാൽ, കുറച്ചു ദിവസങ്ങൾക്കുശേഷമാണ് ആ വിത്തിന് മാറ്റം സംഭവിക്കുന്നത്. അത് ഒരു ചെടിയുടെ രൂപം കൈക്കൊള്ളുകയും ചെയ്യുന്നു. പിന്നെ അത് പൊട്ടിമുളച്ചു വരുമ്പോൾ ഓരോ ആളും കാണുമാറാകുന്നു. വിത്ത് ഭൂമിയിൽ വിതച്ച നിമിഷം മുതൽ അത് ഒരു ചെടിയായിത്തീരാനുള്ള തയ്യാറെടുപ്പിലായിരുന്നു. ബാഹ്യമായിമാത്രം കാണുന്ന കണ്ണുകൾ അതിനെക്കുറിച്ച് അറിയുന്നില്ല. അത് പൊട്ടിമുളച്ച് പുറത്തേക്കുവന്നാൽ മാത്രമാണ് കാണാൻ കഴിയുന്നത്. അജ്ഞനായ ഒരു ശിശുവിന് ആ ഘട്ടത്തിൽ യഥാസമയത്ത് അത് ഫലം കായ്ക്കുമെന്നു മനസ്സിലാവില്ല. ഉടനെതന്നെ അത് ഫലം കായ്ക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. എന്നാൽ, ബുദ്ധിമാനായ ഒരു കർഷകന് അത് കായ്ക്കുന്ന സമയം അറിയാം. അയാൾ സ്ഥിരചിത്തതയോടെ അതിനെ ശുശ്രൂഷിക്കുകയും വളമിടുകയും ചെയ്യുന്നു: അത് കായ്ക്കുകയും പക്വമാകുകയും ചെയ്യുന്നതുവരെ.

ഇങ്ങനെത്തന്നെയാണ് പ്രാർഥനയുടെ കാര്യവും. അതേ പ്രകാരം വളരുകയും അങ്ങനെ കായ്ഫലം നല്കുകയും ചെയ്യും. ധിറുതികാണക്കുന്നവൻ പെട്ടെന്ന് ക്ഷീണിതനാവുകയും ശ്രമം ഉപേക്ഷിക്കുകയും ചെയ്യുന്നു. സ്ഥിരചിത്തത പ്രദർശിപ്പിക്കുകയും സ്ഥിരോത്സാഹം കാണിക്കുകയും ചെയ്യുന്നവർ ലക്ഷ്യത്തിലെത്തുന്നു. പ്രാർഥനയിൽ വിവിധ ഘട്ടങ്ങളുണ്ടെന്നത് സത്യമാണ്. അവരെക്കുറിച്ച് അജ്ഞരായ ആളുകൾക്ക് അവരുടെ പ്രാർഥനയുടെ ഫലം ലഭിക്കുന്നില്ല. അവർ ബദ്ധപ്പാടിലാണ്. കാത്തിരിക്കാൻ കഴിയില്ല. എന്നാൽ, സർവ്വശക്തന്റെ പ്രവർത്തനങ്ങളിൽ പുരോഗതിയുണ്ട്. ഇന്ന് വിവാഹിതനാകുന്ന ഒരുവന് നാളെത്തന്നെ കുട്ടിയുണ്ടാവണമെന്നു പറഞ്ഞാൽ നടക്കുകയില്ല. അല്ലാഹു സർവ്വശക്തനും താൻ ഇച്ഛിക്കുന്നത് ചെയ്യുന്നവനുമാണെങ്കിലും അവൻ ആവശ്യമാണെന്ന് നിശ്ചയിച്ച നിയതിനി യമവും വ്യവസ്ഥിതിയും പാലിക്കേണ്ടതുണ്ട്. ഗർഭം ധരിച്ച ആദ്യത്തെ ഘട്ടങ്ങളിൽ ഒന്നും അറിയാൻ സാധിക്കുകയില്ല. അത് സസ്യങ്ങൾ മുളച്ചുപൊന്തുന്നതുപോലെത്തന്നെയാണ്. നാ ലുമാസത്തേക്ക് ഒരു ഉറപ്പുമില്ല. പിന്നെ ഒരു ചലനം അനുഭവപ്പെടാൻ തുടങ്ങുന്നു. കാലം പൂർത്തിയായാൽ വളരെ പ്രയാസത്തോടെ കുട്ടി ജനിക്കുന്നു. കുട്ടിയുടെ ജനനം മാതാവിനും പുതിയ ജനനം നൽകുന്നു. ഒരു സ്ത്രീയ്ക്ക് ഗർഭാവസ്ഥയിൽ സഹിക്കേണ്ടിവരുന്ന വിഷമങ്ങളേയും ബുദ്ധിമുട്ടുകളേയും മനസ്സിലാക്കാൻ ഒരു പുരുഷന് വിഷമമാണ്. പക്ഷേ, ശിശുവിന്റെ ജനനം സ്ത്രീയ്ക്ക് ഒരു പുതിയ ജനനമാണെന്ന കാര്യം സത്യമാണ്. ഒരു ശിശു ജനിക്കാൻ മാതാവ് ഒരു മരണംവരിക്കേണ്ടതുണ്ട്. അതേപ്രകാരം പ്രാർത്ഥയിതാവ് ധിറുതി ഉപേക്ഷിക്കുകയും ബുദ്ധിമുട്ടുകൾ അനുഭവിക്കുകയുംവേണം. പ്രാർഥന സ്വീകരിക്കുകയില്ലെന്ന് സങ്കല്പിക്കാൻപോലും പാടില്ല. അവസാനം അയാളുടെ ഫലം വെളിപ്പെടുന്നു. തന്റെ ലക്ഷ്യമായിരുന്ന ശിശു പിറക്കുന്നു. ഫലമുണ്ടാവുന്ന പരിധിവരെ പ്രാർഥന തുടരണം. സൂര്യരശ്മി ഒരു ഗ്ലാസിനുമേൽ പതിപ്പിക്കുകയും അതിനുകീഴെ ഒരു തുണിക്കഷണം വെക്കുകയും ചെയ്താൽ പ്രത്യേക ഡിഗ്രിയിൽ ചൂടെത്തുമ്പോൾ തുണിക്കഷണത്തിന് തീ പിടിക്കുന്നു. ഇതേപ്രകാരം പ്രാർഥന ഒരു ഘട്ടംവരെ തുടരേണ്ടതാണ്. അപ്പോൾ ഒരുവിധത്തിലുള്ള ചൂട് രൂപപ്പെടുകയും അത് പരാജയങ്ങളേയും ഇച്ഛാഭംഗങ്ങളേയും കരിച്ചുകളയുകയും അങ്ങനെ ആഗ്രഹിച്ച ഉദ്ദേശ്യം സഫലമാകുകയും ചെയ്യുന്നു.

പ്രാർഥയിതാവ് പ്രാർഥനയിൽ ദീർഘനേരം മുഴുകേണ്ടതാണ്. അപ്പോഴാണ് സർവ്വശക്തനായ അല്ലാഹു ഫലം പ്രകടിപ്പിക്കുന്നത്. എന്റെ അനുഭവവും ഇതുതന്നെയാണ്. മുൻകഴിഞ്ഞ സാത്വികരായ ആളുകൾ ഇതിന് സാക്ഷ്യം വഹിച്ചതാണ്. കുറേസമയത്തേക്ക് മൗനമാണെങ്കിൽ വിജയത്തിനു ള്ള ആശയുണ്ട്. ക്ഷണത്തിൽ മറുപടി കിട്ടുകയാണെങ്കിൽ ഉദ്ദേശ്യം കിട്ടാതിരിക്കാനുള്ള സാധ്യതയുണ്ട്. ഒരു യാചകൻ ഒരാളുടെയടുക്കൽചെന്ന് വളരെ താഴ്മയോടും ആത്മാർഥതയോടും യാചിക്കുന്നു. തന്റെ സ്ഥാനത്തുനിന്നു അയാൾ അനങ്ങുകയില്ല. ചീത്തപറഞ്ഞാലും അയാൾ യാചിച്ചുകൊണ്ടേയിരിക്കും. അവസാനം ആരോടാ ണോ യാചിച്ചത് അയാളിൽ ചലനമുണ്ടാകുന്നു. പിശുക്കനായാലും അയാൾ എന്തെങ്കിലും കൊടുക്കുന്നു. അതുകൊണ്ട് പ്രാർഥയിതാവിന് ചുരുങ്ങിയപക്ഷം ഈ സാധാരണ യാചകന്റെയത്രയെങ്കിലും സ്ഥൈര്യം ഉണ്ടാകേണ്ടതല്ലേ? അപ്പോൾ സർവ്വശക്തനാ യ ദൈവം, ഔദാര്യവാനായവൻ, പ്രതാപമുടയവൻ, തന്റെ വിനീതദാസൻ തന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമത്തിലേക്ക് വീണാൽ അവൻ ദുർപര്യവസാനത്തിലേക്ക് അവനെ നയിക്കുകയില്ല. ഗർഭിണിയായ ഒരു സ്ത്രീ അഞ്ചുമാസം കഴിഞ്ഞു അക്ഷമയായി ഗർഭഛിദ്രത്തിനുള്ള മരുന്നുകഴിച്ചാൽ കുട്ടി ജനിക്കുകയില്ല. എന്നല്ല, അവൾ സ്വയം ഹതാശയായിത്തീരുന്നു. അതേപ്രകാരം സമയമെത്തുന്നതിനു മുമ്പേ ധിറുതിപ്പെട്ടാൽ നഷ്ടമാണുണ്ടാവുക. അയാളുടെ വിശ്വാസം അപകടത്തിലാകുന്നു. ഈ അവസ്ഥയിൽ ( ശേഷം പേജ് 12ൽ)

**"നിങ്ങൾക്ക് ഇരുലോകത്തും വിജയം കരസ്ഥമാകണമെന്നും ജനങ്ങളുടെ ഹൃദയങ്ങൾ കീഴടക്കണമെന്നും ആഗ്രഹിക്കുന്നെങ്കിൽ പരിശുദ്ധി സ്വായത്തമാക്കുക. നിങ്ങൾ സ്വയം നിങ്ങളെ നന്നാക്കുകയും മറ്റുളളവർക്ക് നിങ്ങളുടെ ശ്രേഷ്ഠമായ സ്വഭാവങ്ങളുടെ മാതൃക കാണിക്കുകയും ചെയ്യുക; അപ്പോഴായിരിക്കും നിങ്ങൾ വിജയിക്കുന്നത്."**
**(ജുമുഅ ഖുത്ബ 2016 ജനുവരി 1)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

## അല്ലാഹുവിന്റെ കലാം

***"അല്ലാഹുവല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലതന്നെ."(2:108)***

ത്വാലിബെ ദുആ
M.P.Haneef Ahmad
Ameer Ahmadiyya Jama-ath Koodali, Kerala.

## കലാമുൽ ഇമാം:-

**'വ്യാപാരമോ ക്രയവിക്രയമോ സമ്പാദ്യമോ അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്ന് അവരെ തടയുകയില്ല' എന്ന് അല്ലാഹു പറഞ്ഞവരാണ് നിങ്ങളുടെ മാതൃക. (മൽഫൂദാത്ത്, വാള്യം 5, പേജ് 104)**

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya jama-ath Calicut, Kerala.

## ഖുത്ബ ജുമുഅ

**അന്ത്യദിനത്തിൽ ഒരു ജനതയെ കൊണ്ടുവരുന്നതാണ്. അവരോടൊപ്പം തഹാമയുടെ മലകൾ കണക്കെ നന്മകൾ ഉണ്ടായിരിക്കും. പക്ഷേ, അത് സമർപിക്കപ്പെടുമ്പോൾ അല്ലാഹു അവരുടെ സകല കർമങ്ങളും പാഴാക്കി ക്കളയുന്നതായിരിക്കും. അവരെ തീയിൽ ഇടുന്നതാണ്...... അവർ നോമ്പു പിടിക്കുന്നവരും നമസ്കാരം നിർഹിക്കുന്നവരും രാത്രിയിൽ അല്പം മാത്രം ഉറങ്ങുന്നവരും നഫ്ലുകൾ നിർവഹിക്കുന്നവരുമായിരിക്കും. എന്നാൽ, അവരുടെ മുന്നിൽ നിഷിദ്ധമായവ സമർപിക്കപ്പെടുമ്പോൾ അതിന്മേൽ ചാടി വിഴുന്നതായിരിക്കും.**

**സ്വന്തക്കാരും എന്തെങ്കിലും അക്രമം ചെയ്യുകയോ തെറ്റുചെയ്യുകയോ ചെയ്താൽ നബി(സ)തിരുമേനി അതിൽനിന്ന് ജാഗ്രത പ്രകടിപ്പിക്കുകയും തടയുകയും ചെയ്തിരുന്നു. എന്നല്ല അതിന് നഷ്ടപരിഹാരവും കൊടുത്തിരുന്നു. മർദ്ദിതരുടെ സമാധാനത്തിനുള്ള സൗകര്യം ഒരുക്കാൻ ശ്രമിക്കുകയും ചെയ്തു.**

ദൂരം കൂടുതലോ വാഹനമില്ലെങ്കിലോ സമയം ലഭിക്കുന്നില്ലെങ്കിലോ ........ അഹ്മദികൾ അവരുടെ വീടുകളിൽ നമസ്കാരസെന്ററുകൾ ഒരുക്കുകയും ചുറ്റുമുള്ളവരെ ഒരുമിച്ചുകൂട്ടി ജമാഅത്തായി നമസ്കരിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹു നമുക്ക് എല്ലാവർക്കും അവന്റെ കൽപനകൾ അനുസരിച്ച് പ്രവർത്തിക്കുവാൻ തൗഫീഖ് നല്കുമാറാകട്ടെ.

അനുസരണത്തിന്റേയും ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപങ്ങളായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബിമാർ ഹദ്റത്ത് ത്വുലയ്ബ് ബിൻ ഉമയ്ർ, ഹദ്റത്ത് സാലിം മൗലാ അബീ ഹുദയ്ഫ, ഹദ്റത്ത് ഇത്ബാൻ ബിൻ മാലിക്(റളിയല്ലാഹു അൻഹും വറളൂ അൻഹും)തുടങ്ങിയവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം.

**പരേതരായ ഹദ്റത്ത് ഗുലാം മുസ്തഫാ അഅ്വാൻ സാഹിബിനേയും മുഹമ്മദ് നവാസ് സാഹിബ് കാഠ്ഗഢിയുടെ ഭാര്യ അമത്തുൽ ഹയ്യ് സാഹിബയേയും കുറിച്ചുള്ള അനുസ്മരണവും ഗാഇബ് ജനാസ നമസ്കാരവും**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2019 മാർച്ച് 29/1398 തബ്ലീഗ് 29**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

**ഹദ്റത്ത് ത്വുലയ്ബ് ബിൻ ഉമയ്ർ:** ഇദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ അദിയ്യ് എന്നായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് അർവാ എന്നായിരുന്നു. അവർ അബ്ദുൽ മുത്ത്വലിബിന്റെ മകളും നബി(സ)തിരുമേനിയുടെ പിതൃസഹോദരിയുമായിരുന്നു. ഇദ്ദേഹം ആരംഭകാലത്ത് ഇസ്ലാം സ്വീകരിച്ചവരിൽപ്പെട്ടയാളാണ്. നബി(സ) തിരുമേനി ദാറു അർഖമിൽ ഉണ്ടായിരുന്ന കാലത്താണ് ഇസ്ലാം സ്വീകരിച്ചത്. (ഉസുദുൽ ഗാബ, വാള്യം 3, പേജ് 93, ഹദ്റത്ത് ത്വുലയ്ബ് ബിൻ ഉമയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബ്നാൻ, 2003).

അബൂസലമ ബിൻ അബ്ദുർറഹ്മാൻ വിവരിക്കുന്നു: ഹദ്റത്ത് ത്വുലയ്ബ് ബിൻ ഉമയ്ർ(റ)ദാറു അർഖമിൽവച്ച് നബി(സ)തിരുമേനിയിൽ വിശ്വസിച്ചു. അതിനുശേഷം ഇദ്ദേഹം തന്റെ മാതാവിന്റെ അടുത്ത് വന്നു. ഇദ്ദേഹം പറഞ്ഞു: 'ഞാൻ മുഹമ്മദ്(സ)ന്റെ ശിഷ്യത്വം സ്വീകരിക്കുകയും സർവ്വലോകനാഥനായ അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു.' അപ്പോൾ ഇദ്ദേഹത്തിന്റെ മാതാവ് പറഞ്ഞു: 'നിന്റെ സഹായ ത്തിനും പിന്തുണയ്ക്കും കൂടുതൽ അവകാശി നിന്റെ മാതുലപുത്രൻതന്നെയാണ്.' അതായത് നബി(സ) തിരുമേനി. എന്നിട്ട് പറഞ്ഞു: 'അല്ലാഹുവാണ! ഞങ്ങൾ സ്ത്രീകൾക്കും പുരുഷന്മാരെ പോലെ ശക്തിയുണ്ടായിരുന്നെങ്കിൽ തീർച്ചയായും ഞങ്ങളും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കുമായിരുന്നു. സഹായവും സംരക്ഷണവും നല്കുമായിരുന്നു.' ഹദ്റത്ത് ത്വുലയ്ബ് ബിൻ ഉമയ്ർ പറഞ്ഞു: 'പിന്നെ നിങ്ങൾ എന്തുകൊണ്ട് ഇസ്ലാം സ്വീകരിച്ച് നബി(സ)തിരുമേനിയെ പിൻപറ്റുന്നില്ല?' ഇതായിരുന്നു ഇദ്ദേഹത്തിന്റെ വികാരം. ഇദ്ദേഹം പറഞ്ഞു:'നിങ്ങളുടെ സഹോദരൻ ഹംസ മുസ്ലിമായിരിക്കുന്നു.' അവർ പറഞ്ഞു: 'ഞാൻ എന്റെ സഹോദരിമാരുടെ നിലപാട് എന്താണെന്ന് നോക്കട്ടെ. പിന്നെ ഞാനും അവരിൽ ചേരുന്നതാണ്.' അപ്പോൾ ഹദ്റത്ത് ത്വുലയ്ബ് പറഞ്ഞു: 'ഞാൻ അല്ലാഹുവിനെ മുൻനിറുത്തി നിങ്ങളോട് പറയുകയാണ്, നിങ്ങൾ നബി(സ)തിരുമേനിയുടെ അടുത്തുചെന്ന് അദ്ദേഹത്തിന് സലാം പറയുകയും അദ്ദേഹത്തെ സാക്ഷ്യപ്പെടുത്തുകയും അല്ലാഹുവല്ലാതെ മറ്റാരും ആരാധനയ്ക്കർഹനില്ലെന്നും മുഹമ്മദ്(സ) അല്ലാഹുവിന്റെ റസൂലാണെന്നും സാക്ഷ്യം വഹിക്കുകയും ചെയ്യുക.' ഇദ്ദേഹത്തിന്റെ മാതാവ് പറഞ്ഞു: 'അല്ലാഹുവല്ലാതെ മറ്റാരും ആരാധനയ്ക്കർഹനില്ലെന്നും മുഹമ്മദ്(സ)അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.' പിന്നീട് അവർ തന്റെ നാവുകൊണ്ടും നബി(സ)തിരുമേനിയ്ക്കുവേണ്ടി പ്രതിരോധിച്ചുകൊണ്ടിരുന്നു. തന്റെ മകനോടും അദ്ദേഹത്തെ സഹായിക്കണമെന്നും അനുസരിക്കണമെന്നും പറയുമായിരുന്നു.'(അൽ മുസ്തദർക്ക് അലസ്സ്വഹീഹയ്ൻ, വാള്യം 3, പേജ് 266, കിതാബു മഅ്രിഫത്തുസ്സ്വഹാബ ദിക്റു മനാഖിബു ത്വുലയ്ബ് ബിൻ ഉമയ്ർ, ഹദീഥ് 5047 പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).

ഇദ്ദേഹത്തെ കുറിച്ച് പറയുന്നു: നബി(സ) തിരുമേനിയെ അപമാനിച്ച കാരണത്താൽ ഒരു മുശ്രിക്കിനെ മുറിവേൽപ്പിച്ച ഇസ്ലാമിലെ ആദ്യ വ്യക്തിയാണ് ഇദ്ദേഹം. അതിന്റെ വിശദീകരണം ഇപ്രകാരമാണ്: ഒരിക്കൽ നബി(സ)തിരുമേനിയെ കുറിച്ച് ഔഫ് ബിൻ സ്വബ്റ സഹ്മീ കുത്തുവാക്കുൾ പറയുകയായിരുന്നു. ഹദ്റത്ത ത്വുലയ്ബ് ഒട്ടകത്തിന്റെ താടിയെല്ല് കൈയിലെടുക്കുകയും അതുകൊണ്ട് കുത്തി അയാളെ മുറിവേല്പിക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ മാതാവായ അർവയോട് ആരോ ഇതുസംബന്ധമായി പരാതിപ്പെട്ടു. നിങ്ങളുടെ മകൻ എന്താണ് ചെയ്തതെന്ന് നിങ്ങൾ കാണുന്നില്ലേ? എന്നു ചോദിച്ചു. അവർ അതിന് മറുപടിയായി പറഞ്ഞു:

إِنَّ طُلَيْبًا نَصَرَ ابْنَ خَالِهِ وَسَعَاهُ فِيْ دَمِهِ وَمَالِهِ

'ത്വുലയ്ബ് തന്റെ മാതുലപുത്രനെ സഹായിച്ചിരിക്കുന്നു. അവൻ തന്റെ രക്തവും ധനവുംകൊണ്ട് അദ്ദേഹത്തെ ആശ്വസിപ്പിച്ചു.' ചിലർ പറയുന്നതനുസരിച്ച് ഹദ്റത്ത് ത്വുലയ്ബ് പരിക്കേൽപ്പിച്ച വ്യക്തിയുടെ പേര് അബൂ ഇഹാബ് ബിൻ അസീസ് ദാരിമീ എന്നായിരുന്നു. ചില നിവേദനങ്ങളനുസരിച്ച് ഹദ്റത്ത് ത്വുലയ്ബ് പരിക്കേൽപ്പിച്ച വ്യക്തി അബൂലഹബോ അബൂ ജഹ്ലോ ആയിരുന്നു. ഒരു നിവേദനമനുസരിച്ച് ഇദ്ദേഹത്തിന്റെ ആക്രമണത്തെ കുറിച്ച് ഇദ്ദേഹത്തിന്റെ മാതാവിനോട് പരാതിപ്പെട്ടപ്പോൾ അവർ പറഞ്ഞു: 'ത്വുലയ്ബിന്റെ ജീവിതത്തിലെ ഏറ്റവും നല്ല ദിവസം, അല്ലാഹുവിൽ നിന്ന് സത്യത്തോടു കൂടിവന്ന അവന്റെ മാതുലപുത്രനെ അഥവാ നബി(സ)തിരുമേനിയെ അവൻ സംരക്ഷിച്ച ഈ ദിവസമാണ്.'(അൽ ഇസ്വാബ, വാള്യം 3, പേജ് 439, ത്വുലയ്ബ് ബിൻ ഉമയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).(അൽ മുസ്തദർക്ക് അലസ്സ്വഹീഹയ്ൻ ലിൽഹാക്കിമി, വാള്യം 4, പേജ് 57, കിതാബു മഅ്രിഫത്തുസ്സ്വഹാബ ദിക്റു മനാഖിബു അർവാ ബിൻത് അബ്ദുൽമുത്ത്വലിബ്, ഹദീഥ് 6868 പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).

ഹദ്റത്ത് ത്വുലയ്ബ് ഹബ്ശയിലേയ്ക്ക് ഹിജ്റത്ത് ചെയ്ത മുസ്ലിംകളിൽ പെട്ടയാളാണ്. എന്നാൽ, ഖുറയ്ശികളെല്ലാം മുസ്ലിംങ്ങളായെന്ന് ഹബ്ശയിൽ കിംവദന്തി പരന്നപ്പോൾ ഹബ്ശയിൽനിന്ന് കുറച്ചു മുസ്ലിമീംകൾ തിരിച്ച് മക്കയിൽ വന്നു. ഇവരിൽ ത്വുലയ്ബും ഉണ്ടായിരുന്നു.(സീറത്തു ഇബ്നു ഹിശാം, പേജ് 169, ദാറു ഇബ്നു ഹസം ബേറൂത്ത് 2009).

മുമ്പേയും പറഞ്ഞുകഴിഞ്ഞിട്ടുള്ളതുപോലെ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ അഭിപ്രായത്തിൽ ചില ചരിത്രകാരന്മാരുണ്ട്; എല്ലാവരുമല്ല. (അവർ വിവരിച്ചിട്ടുള്ളത്)ആ മുഹാജിരീംകൾ ഹബ്ശയിലെത്തി അധികം കഴിയുന്നതിനുമുമ്പേ ഖുറയ്ശികളെല്ലാം മുസ്ലിം

കളായെന്നും മക്ക തികച്ചും സമാധാനത്തിലായെന്നുമുള്ള കിംവദന്തി പരന്നു. അങ്ങനെ ചില യാളുകൾ ഒന്നും ചിന്തിക്കാതെയും മനസ്സിലാക്കാതെയും മക്കയിൽ തിരിച്ചുവന്നു. പിന്നീടാണ് ആ വാർത്ത ശരിയല്ലെന്ന് അവർ അറിഞ്ഞത്. ഇതിന്റെ വിശദീകരണം കുറച്ചാഴ്ചകൾക്ക് മുമ്പേ നടത്തിയ ഖുത്ബകളിൽ ഞാൻ വിവരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. എന്തായാലും മക്കയിൽ തിരിച്ചെത്തിയപ്പോഴാണ് അവർ ആ വിവരം കളവാണെന്ന് അറിഞ്ഞത്. യാഥാർത്ഥ്യം അറിഞ്ഞപ്പോൾ കുറച്ചാളുകൾ മക്കയിലെ നേതാക്കന്മാരുടെ അഭയം തേടി. കുറച്ചാളുകൾ തിരിച്ച് ഹബ്ശയിലേക്കുപോകുകയും ചെയ്തു. കാരണം ആ വാർത്ത തികച്ചും കളവായിരുന്നു. എന്തിനാണ് ഈ കിംവദന്തി പരത്തിയതെന്ന് ഞാൻ മുമ്പേയും വിവരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് ഇവിടെ ആവർത്തിക്കേണ്ട ആവശ്യമില്ല.

ഇക്കാരണത്താൽ ആ സ്വഹാബ തിരിച്ചുപോയപ്പോൾ ഖുറയ്ശികളുടെ ദ്രോഹവും പീഢനവും നിത്യേന വർധിക്കാൻ തുടങ്ങി. നബി(സ) തിരുമേനിയുടെ നിർദേശമനുസരിച്ച് മറ്റു മുസ്‌ലിംകളും രഹസ്യമായി പതുക്കെപ്പതുക്കെ ഹിജ്‌റത്ത് ചെയ്തുകൊണ്ടിരുന്നു. ഹബ്ശയിലേക്ക് ഹിജ്‌റത്ത് ചെയ്തവരുടെ എണ്ണം 101 വരെ എത്തിയിരുന്നുവെന്ന് പറയപ്പെടുന്നു. അവരിൽ സ്ത്രീകളുടെ എണ്ണം 18 ആയിരുന്നു. നബി(സ)തിരുമേനിയുടെ അടുത്ത് വളരെ കുറച്ച് മുസ്‌ലിമീംകൾ ബാക്കിയായി. മടങ്ങിയെത്തിയതിനുശേഷം വീണ്ടും ഹിജ്‌റത്ത് ചെയ്തവരും അതിനുശേഷം ഹിജ്‌റത്ത് ചെയ്തവരുമുണ്ട്. ഈ ഹിജ്‌റത്തിനെ ചരിത്രകാരന്മാർ 'രണ്ടാം ഹബ്ശ ഹിജ്‌റത്ത്' എന്നു പറയുന്നു. (സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എം. എ, പേജ് 147-149)

ഹദ്റത്ത് ത്വുലയ്ബ് മക്കയിൽനിന്ന് ഹിജ്‌റത്ത് ചെയ്ത് മദീനയിൽ വന്നപ്പോൾ അദ്ദേഹം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലമാ അജ്‌ലാനിയുടെ വീട്ടിൽ താമസിച്ചു. നബി(സ)തിരുമേനി ഹദ്റത്ത് ത്വുലയ്ബിനേയും ഹദ്റത്ത് മുൻദിർ ബിൻ അംറിനേയും സഹോദരന്മാരാക്കി. ഹദ്റത്ത് ത്വുലയ്ബ് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. അദ്ദേഹം മുതിർന്ന സ്വഹാബക്കളിൽ എണ്ണപ്പെടുന്നു. ഹിജ്‌റ 13 ജമാദുൽഅവ്വൽ മാസത്തിൽ നടന്ന അജ്‌നാവയ്ൻ യുദ്ധാവസരത്തിൽ 35-ാം വയസ്സിൽ അദ്ദേഹം ശഹാദത്ത് വരിച്ചു.

ശാമിലുള്ള ഒരു പ്രദേശത്തിന്റെ പേരാണ് അജ്‌നാവയ്ൻ. അവിടെ മുസ്‌ലിമീംകൾക്കും റോമക്കാർക്കുമിടയിൽ ഹിജ്‌റ 13-ാം വർഷം യുദ്ധം നടന്നിരുന്നു. എന്നാൽ, ചിലർ പറയുന്നത് ഇദ്ദേഹം യർമൂക് യുദ്ധത്തിലാണ് ശഹീദായതെന്നാണ്.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 91, ത്വുലയ്ബ് ബിൻ ഉമയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാല്യം 3, പേജ് 94, ത്വുലയ്ബ് ബിൻ ഉമയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (മുഅ്ജബുൽ ബുൽദാൻ, വാല്യം 1, പേജ് 129, 'അജ്‌നാവയ്ൻ', പ്രസാധകർ ദാറുൽ കുതുബുൽഇൽമിയ്യ ബേറൂത്ത്)

**ഹദ്റത്ത് സാലിം മൗലാ അബീ ഹുദയ്ഫ(റ):** ഇദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ അബ്ദുല്ലാഹ് എന്നായിരുന്നു. പിതാവിന്റെ പേര് മഅ്ഖിൽ എന്നായിരുന്നു. ഇറാഖിലെ ഇസ്ത്വഹർ പ്രദേശത്താണ് താമസിച്ചിരുന്നത്. ഇദ്ദേഹം മുതിർന്ന സ്വഹാബാക്കളിൽപ്പെട്ടയാളാണ്. ഇദ്ദേഹം മുഹാജിരീംകളിലും പെടുന്നു. ഇദ്ദേഹം നബി(സ)തിരുമേനിയ്ക്കു മുമ്പേ മദീനയിൽ ഹിജ്‌റത്ത് ചെയ്തു. നബി(സ)തിരുമേനി ഹദ്റത്ത് സാലിമിനേയും മുആദ് ബിൻ മാഇസിനേയും സഹോദരന്മാരാക്കി. (ഉസുദുൽ ഗാബ, വാല്യം 2, പേജ് 382-383, സാലിം മൗലാ അബീ ഹുദയ്ഫ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഥുബയ്ത്ത ബിൻത് യഗാറിന്റെ അടിമയായിരുന്നു ഹദ്റത്ത് സാലിം. അവർ ഹദ്റത്ത് അബൂ ഹുദയ്ഫായുടെ ഭാര്യയായിരുന്നു. ഹദ്റത്ത് ഥുബയ്ത്ത,ഹദ്റത്ത്സാലിമിനെ'സാഇബ'ആക്കിയാണ് മോചിപ്പിച്ചത്. അക്കാലഘട്ടത്തിൽ അടിമകളുടെ പൊതുനിയമം, ആരെയെങ്കിലും മോചിപ്പിക്കുകയും മോചിപ്പിക്കപ്പെട്ട അടിമ മരിക്കുകയും ചെയ്താൽ അയാളുടെ സ്വത്തിന്റെ അനന്തരാവകാശി മോചിപ്പിച്ച ആളായിരിക്കുമെന്നതായിരുന്നു. യജമാനൻ അല്ലാഹുവിന്റെ മാർഗത്തിൽ അടിമയെ മോചിപ്പിക്കുന്നതിനാണ് 'സാഇബ' എന്നു പറയുന്നത്. അതിന്റെ ഉദ്ദേശ്യം ഇനി ഈ അടിമ മരിച്ചാൽ അയാളുടെ സ്വത്തിന് മോചിപ്പിച്ചയാൾക്ക് ഒരു അവകാശവും ഉണ്ടായിരിക്കുകയില്ല എന്നാണ്. ഹദ്റത്ത് സാലിമിനെ ഹദ്റത്ത് അബൂ ഹുദയ്ഫ ദത്തുപുത്രനാക്കിയിരുന്നു. അതിനുശേഷമാണ് അദ്ദേഹത്തെ സാലിം ബിൻ അബീ ഹുദയ്ഫാ എന്നു പറയാൻ തുടങ്ങിയത്. ഹദ്റത്ത് അബൂ ഹുദയ്ഫ തന്റെ സഹോദരപുത്രി ഫാത്വിമ ബിൻത് വലീദുമായി അദ്ദേഹത്തിന്റെ വിവാഹവും നടത്തിയിരുന്നു. (അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 5, പേജ് 63, സാലിം മൗലാ അബീ ഹുദയ്ഫ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (അൽമുസ്തദർക് അലസ്സ്വഹീഹയ്ൻ (പരിഭാഷ) വാല്യം 4, പേജ് 434 (അടിക്കുറിപ്പ്) ഇശ്തിയാഖ് എ മുശ്താഖ് പ്രിന്റേഴ്സ് ലാഹോർ 2012)

പറയപ്പെടുന്നത് *അല്ലാഹു ഉദ്ഊഹും ലി ആബാഇഹിം ഹുവ അഖ്സത്വു ഇൻദല്ലാഹി ഫ ഇൻല്ലം തഅ്‌ലമൂ ആബാഅഹും ഫഇഖ്വാനുക്കും ഫിദ്ദീനി വ മവാലീക്കും വ ലയ്സ അലയ്ക്കും ജുനാഹുൻ ഫീമാ അഖ്ത്വഅ്തും ബിഹീ വലാകിൻ മ്മാ തഅമ്മദത്ത് ഖുലൂബുക്കും വ കാനല്ലാഹു ഗഫൂറൻ ർറഹീമാ* 'അവരെ (ദത്തുപുത്രന്മാരെ) അവരുടെ പിതാക്കളോടു ചേർത്ത് വിളിക്കുക. അല്ലാഹുവിന്റെ പക്കൽ അതാണ് നീതിയുക്തമായിട്ടുള്ളത്. ഇനി അവരുടെ പിതാക്കളെ നിങ്ങളറിയില്ലെങ്കിൽ, മതത്തിൽ നിങ്ങളുടെ സഹോദരങ്ങളും മിത്രങ്ങളുമാണവർ. എന്നാൽ, നിങ്ങൾക്ക് (ഈ വിഷയത്തിൽ മുമ്പേ) തെറ്റു പറ്റിപ്പോയതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. പക്ഷേ, നിങ്ങൾ മനഃപൂർവ്വം പ്രവർത്തിച്ചതാണ് (കുറ്റകരം). അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു(33:6) എന്ന ഖുർആനിക വചനമിറക്കിയതിനുശേഷമാണ് ഹദ്റത്ത് സാലിം മൗലാ അബൂഹുദയ്ഫ എന്ന് പറയപ്പെടാൻ തുടങ്ങി. ആദ്യം അബൂഹുദയ്ഫയുടെ മകനെന്നാണ് പറയപ്പെട്ടിരുന്നത്. പക്ഷേ, പിന്നീട് അദ്ദേഹത്തെ സ്വതന്ത്രനാക്കിയപ്പോൾ, സ്വതന്ത്രനാക്കപ്പെട്ട ഈ അടിമ സുഹൃത്തായിത്തീർന്നു. മുഹമ്മദ് ബിൻ ജഅ്ഫർ വിവരിക്കുന്നു, ഹദ്റത്ത് അബൂ ഹുദയ്ഫയും ഹദ്റത്ത് സാലിം മൗലാ അബീ ഹുദയ്ഫയും മക്കയിൽനിന്ന് മദീനയിൽ ഹിജ്‌റത്ത് ചെയ്തപ്പോൾ ഇരുവരും ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്‌റിന്റെ വീട്ടിലാണ് താമസിച്ചത്.'(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 62, 'അബൂ ഹദയ്ഫ ബിൻ ഉത്ബ' പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് ഇബ്നു ഉമർ(റ) നിവേദനം: 'മക്കയിൽ നിന്ന് മദീനയിലേയ്ക്ക് ആദ്യമായി വന്ന മുഹാജിരീംകൾ ഖുബായ്ക്ക് സമീപമുള്ള ഉസ്ബ എന്ന സ്ഥലത്ത് താമസിച്ചു. ഹദ്റത്ത് സാലിമാണ് അവർക്ക് ഇമാമത്ത് നിർവഹിച്ചിരുന്നത്. കാരണം അവരിൽ ഏറ്റവും കൂടുതൽ വിശുദ്ധ ഖുർആൻ അദ്ദേഹത്തിനാണ് അറിയാമായിരുന്നത്.'(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 64, സാലിം മൗലാ അബൂ ഹുദയ്ഫ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

മസ്ഊദ് ബിൻ ഹുനയ്ദ് വിവരിക്കുന്നു: 'ഞങ്ങൾ നബി(സ)തിരുമേനിയുടെ കൂടെ ഖുബായിൽ താമസിച്ചപ്പോൾ അവിടെ ഒരു മസ്ജിദ് കണ്ടു. അതിൽ സ്വഹാബത്ത് ബയ്ത്തുൽ മുഖദ്ദസിലേക്ക് മുഖംതിരിച്ച് നമസ്കരിക്കാറുണ്ടായിരുന്നു. ഹദ്റത്ത് സാലിം മൗലാ അബൂഹുദയ്ഫ(റ) അവരെ നമസ്കരിപ്പിക്കാറുണ്ടായിരുന്നു.' (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 4, പേജ് 233, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് സാലിം(റ) വിശുദ്ധഖുർആന്റെ 'ഖാരി' യായിരുന്നു. നിങ്ങൾ വിശുദ്ധഖുർആൻ നാലുപേരിൽനിന്ന് പഠിച്ചുകൊള്ളുക എന്ന് നബി(സ)തിരുമേനി പറഞ്ഞവരിൽ ഒരാൾ സാലിമായിരുന്നു. (ഉസുദുൽ ഗാബ, വാല്യം 2, പേജ് 382, സാലിം മൗലാ അബൂഹുദയ്ഫ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബനാൻ 2003).

ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എഴുതുന്നു: ചില സ്വതന്ത്രരാക്കപ്പെട്ട അടിമകൾ അറിവിലും ശ്രേഷ്ഠതയിലും വലിയ സ്ഥാനം കരസ്ഥമാക്കിയിരുന്നു. ഹദ്റത്ത് സാലിം ബിൻ മഅ്ഖിൽ മൗലാ അബി ഹുദയ്ഫ പ്രഗൽഭ പണ്ഡിതരായ സ്വഹാബാക്കളിൽ ഗണിക്കപ്പെട്ടിരുന്നു. നബി(സ)തിരുമേനി വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതിന് നിയമിച്ച നാല് സ്വഹാബത്തിൽ ഒരാൾ സാലിമും ആയിരുന്നു. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്‌മദ് എം.എ.(റ)പേജ് 399)

ഇതുസംബന്ധമായി ചരിത്രമനുസരിച്ച് കൂടുതൽ വിവരിക്കുന്നു: 'അബൂ ഹുദയ്ഫ ബിൻ ഉത്ബഃയുടെ മോചിപ്പിക്കപ്പെട്ട നിസാരനായ അടിമയായിരുന്നു സാലിം ബിൻ മഅ്ഖിൽ(റ). എന്നാൽ, അദ്ദേഹം തന്റെ അറിവിലും ശ്രേഷ്ഠതയിലും എത്രമാത്രം അഭിവൃദ്ധിപ്പെട്ടുവെന്നാൽ നബി(സ)തിരുമേനി മുസ്‌ലീംകളെ പഠിപ്പിക്കാൻവേണ്ടി നിശ്ചയിച്ച നാലുസ്വഹാബത്തിൽ ഒരാളായി മാറി അദ്ദേഹം. ഇക്കാര്യത്തിൽ നബി(സ) തിരുമേനി തന്റെ പകരക്കാരനർഹനാകാൻ യോഗ്യതയുള്ള ആളുകളായി മനസ്സിലാക്കിയവരിൽ ഒരാൾ സാലിമും ആയിരുന്നു.'(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്‌മദ് എം.എ.(റ)പേജ് 403)

ഒരു നിവേദനത്തിൽ വരുന്നു, നബി(സ)തിരുമേനി പറഞ്ഞു: 'ഈ നാല് സ്വഹാബത്തിൽനിന്ന് വിശുദ്ധ ഖുർആൻ പഠിച്ചുകൊള്ളുക; ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്, ഹദ്റത്ത് സാലിം മൗലാ അബൂ ഹുദയ്ഫ, ഹദ്റത്ത് ഉബയ് ബിൻ കഅ്ബ്, ഹദ്റത്ത് മുആദ് ബിൻ ജബൽ.'(സ്വഹീഹുൽ ബുഖാരി, കിതാബു ഫളാഇലു അസ്ഹാബുന്നബിയ്യി(സ), ബാബു മനാഖിബ് സാലിം മൗലാ അബൂ ഹുദയ്ഫ, ഹദീഥ് 3758)

മറ്റൊരു നിവേദനത്തിൽ വരുന്നു: 'ഒരിക്കൽ നബി(സ)തിരുമേനിയുടെ അടുക്കൽ വരുന്നതിൽ ഹദ്റത്ത് ആഇശാ(റ) കുറച്ചു താമസിച്ചു. നബി(സ)തിരുമേനി കാരണം അന്വേഷിച്ചപ്പോൾ അവർ പറഞ്ഞു: ഒരു ഖാരി വളരെ മനോഹരമായി വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നത് കേട്ടു നിന്നതിനാൽ വൈകിപോയി. നബി(സ)തിരുമേനി തന്റെ പുതപ്പെടുത്ത് ധരിച്ച് പുറത്തിറങ്ങി നോക്കിയപ്പോൾ ഹദ്റത്ത് സാലിം തിലാവത്ത് ചെയ്യുന്നത് കണ്ടു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'താങ്കളെപോലുള്ള ഖാരിയെ എന്റെ ഉമ്മത്തിൽ ലഭ്യമാക്കിയതിന് അല്ലാഹുവിന് നന്ദി.'(ഉസുദുൽ ഗാബ, വാല്യം 2, പേജ് 383, സാലിം മൗലാ അബൂ ഹുദയ്ഫ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബ്നാൻ, 2003).

ഉഹുദ് യുദ്ധാവസരത്തിൽ നബി(സ)തിരുമേനിയ്ക്ക് പരിക്കേറ്റപ്പോൾ അവിടത്തെ മുറിവുകൾ കഴുകി വൃത്തിയാക്കാനുള്ള ഭാഗ്യവും ഹദ്റത്ത് സാലിമിന് ലഭിച്ചു. ഹദ്റത്ത് ഖതാദ നിവേദനം ചെയ്യുന്നു: 'ഉഹുദ് യുദ്ധ ദിവസം നബി(സ)തിരുമേനിയുടെ നെറ്റിത്തടത്തും പല്ലിനും(അത് മുൻ പല്ലിനും അണപ്പല്ലിനും ഇടിയിലായിരുന്നു) പരിക്കേറ്റു. ഹദ്റത്ത് സാലിം മൗലാ അബൂഹുദയ്ഫ(റ) നബി(സ)തിരുമേനിയുടെ മുറിവ് കഴു

കി വൃത്തിയാക്കികൊണ്ടിരിക്കുമ്പോൾ നബി(സ) പറഞ്ഞു: 'തന്റെ നബിയോട് ഈവിധം പെരുമാറിയ സമൂഹം എങ്ങനെവിജയം കരസ്ഥമാക്കാനാണ്.' ആ അവസരത്തിലാണ് അല്ലാഹു ഈ ആയത്തിറക്കിയത്: *ലയ്സ ലക്ക മിനൽ അംരി ശയ്ഉൻ ഔ യതൂബ അലയ്ഹിം ഔ യുഅദ്ദിബഹും ഫ ഇന്നഹും ളാലിമൂൻ*(3:129)ഈ കാര്യവുമായി നിനക്ക് ഒരു ബന്ധവുമില്ല. ഒന്നുകിൽ അവൻ അവരുടെനേരെ കാരുണ്യത്തോടെ തിരിയുകയോ അല്ലെങ്കിൽ അധർമികളാണെന്ന കാരണത്താൽ അവരെ അവൻ ശിക്ഷിക്കുകയോ ചെയ്യുന്നതാണ്.'(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 35, മൻഖത്തല മിനൽമുസ്ലിമീനയൗമ ഉഹുദിൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് സാലിം വിവരിക്കുന്നു, നബി(സ) തിരുമേനി പറഞ്ഞു: 'അന്ത്യദിനത്തിൽ ഒരു ജനതയെ കൊണ്ട് വരുന്നതാണ്. (വളരെ ശ്രദ്ധയോടെ കേൾക്കേണ്ട കാര്യമാണിത്). അന്ത്യദിനത്തിൽ ഒരു ജനതയെ കൊണ്ടുവരുന്നതാണ്. അവരോടൊപ്പം തഹാമയുടെ മലകൾ കണക്കെ നന്മകൾ ഉണ്ടായിരിക്കും.'(തഹാമ അറേബ്യയിലെ കടൽത്തീരത്തോടു ചേർന്നുള്ള ഒരു താഴ്ന്ന പ്രദേശമാണ്. അത് സീനാ മലയിൽനിന്നുതുടങ്ങി അറേബ്യയുടെ പടിഞ്ഞാറും തെക്കുമായി കിടക്കുന്നു. ഖലീജ് ഖുൽസമിൽനിന്ന് തുടങ്ങുന്ന തഹാമ, മലകളുടെ ഒരു ശൃംഖലയാണ്. അതുകൊണ്ട് നബി(സ)തിരുമേനി പറഞ്ഞു: അവരുടെ നന്മകൾ തഹാമാ മലകൾക്ക്) സമാനമായിരിക്കും. പക്ഷേ, അത് സമർപിക്കപ്പെടുമ്പോൾ അല്ലാഹു അവരുടെ സകല കർമങ്ങളും പാഴാക്കിക്കളയുന്നതായിരിക്കും. അവരെ തീയിൽ ഇടുന്നതാണ്. അപ്പോൾ ഹദ്റത്ത് സാലിം(റ) ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് ബലി ആയിരിക്കട്ടെ, ഞങ്ങൾ അവരെ തിരിച്ചറിയുന്നതിന് അവരുടെ അടയാളങ്ങൾ ഞങ്ങൾക്ക് പറഞ്ഞുതന്നാലും. അങ്ങയെ സത്യവുമായി അയച്ച ആ അസ്തിത്വത്തെ കൊണ്ട് സത്യം! ഞാൻ ചിലപ്പോൾ അതിൽ ഉൾപ്പെട്ടുപോകുമോ എന്ന് ഭയപ്പെടുന്നു.' നബി(സ)പറഞ്ഞു: (ശ്രദ്ധിച്ച് കേൾക്കേണ്ടതാണിത്)അവർ നോമ്പു പിടിക്കുന്നവരും നമസ്കാരം നിർഹിക്കുന്നവരും രാത്രിയിൽ അല്പം മാത്രം ഉറങ്ങുന്നവരും നഫ്ലുകൾ നിർവഹിക്കുന്നവരുമായിരിക്കും. എന്നാൽ, അവരുടെ മുന്നിൽ നിഷിദ്ധമായവ സമർപിക്കപ്പെടുമ്പോൾ അതിന്മേൽ ചാടി വീഴുന്നതായിരിക്കും. അതൊക്കെയാണെങ്കിലും ഭൗതികമായ അത്യാഗ്രഹത്തിൽ വീണുകിടക്കുകയാണ് അവർ. ഹറാം ഏതാണെന്നും ഹലാൽ ഏതാണെന്നും അവർ നോക്കുകയില്ല. അതു കാരണം അല്ലാഹു അവരുടെ കർമങ്ങൾ പാഴാക്കി കളയുന്നതായിരിക്കും.'(ഉർദു ദാഇറയെ മആരിഫ് ഇസ് ലാമിയ്യ, വാല്യം 6, പേജ് 851, 'തഹാമ' എന്ന പദത്തിനു താഴെയുള്ള കുറിപ്പ്, ദാനിശ് ഗാഹ് പഞ്ചാബ് ലാഹോർ 2005)(മഅ്രിഫത്തുസ്സ്വഹാബ ലി അബീ നഈം, വാല്യം 2, പേജ് 483, സാലിം മൗലാ അബൂ ഹുദയ്ഫ(റ), ഹദീഥ് 3456 ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2002)

ഹദ്റത്ത് ഥൗബാൻ(റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: 'ഖിയാമത്തുന്നാൾ 'തഹാമ' മലകൾക്ക് സമാനം തിളങ്ങുന്ന നന്മകളോടു കൂടി വരുന്ന എന്റെ ഉമ്മത്തിലെ കുറച്ചാളുകളെ കുറിച്ച് എനിക്കറിയാം. പക്ഷേ, പ്രതാപവാനായ അല്ലാഹു, ഒന്നിനുംകൊള്ളാത്തതെന്ന് പറഞ്ഞ് അവ കാറ്റിൽ പറത്തിക്കളയുന്നതാണ്. ഇതിനെ സംബന്ധിച്ച് കൂടുതലായി ഒരു നിവേദകന്റെ നിവേദനമുണ്ട്. ഥൗബാൻ(റ)ചോദിച്ചു: യാ റസൂലുല്ലാഹ്! അവരുടെ എന്തെങ്കിലും അടയാളം ഞങ്ങൾക്ക് പറഞ്ഞുതന്നാലും. ഞങ്ങൾ അവരിൽപെട്ടുപോകാതിരിക്കാൻ അവരെ സംബന്ധിച്ച് വിശദീകരിച്ചു പറഞ്ഞുതന്നാലും.' നബി(സ) തിരുമേനി പറഞ്ഞു: 'അവർ നിങ്ങളുടെതന്നെ സഹോദരന്മാരാണ്. ചർമങ്ങൾ നിങ്ങളുടേതുപോലെതന്നെയാണ്. നിങ്ങളുടെ വർഗത്തിൽപെട്ട ആളുകളാണ്. നിറവും നിങ്ങളുടേതുതന്നെയാണ്. നിങ്ങൾ രാത്രിയിൽ ആരാധനയ്ക്കു സമയം എടുക്കുന്നതുപോലെ അവരും രാത്രിനേരത്ത് ആരാധനയ്ക്ക് സമയമെടുക്കുന്നു. അതായത് ആരാധന നിർവഹിക്കുന്നവരായിരിക്കും. പക്ഷേ, അല്ലാഹു നിഷിദ്ധമാക്കിയതിലേക്ക് പോകുമ്പോൾ അതിനെ അപമാനിക്കുകയും ചവിട്ടിമെതിക്കുകയും ചെയ്യുന്നവരാണ് അവർ.' (സുനൻ ഇബ്നുമാജ, കിതാബുസ്സുഹ്ദ്, ബാബു ദിക്റുദ്ദുനൂബ് ഹദീഥ് 4245)

ഏതൊരു കാര്യങ്ങളെയാണോ അല്ലാഹു വിരോധിച്ചത്, ഹറാമാക്കിയത് അവർക്ക് അതിനെ സംബന്ധിച്ച് ഹറാമേതാണെന്നോ ഹലാലേതാണെന്നോ ഉള്ള ബോധംപോലും ഉണ്ടാകുകയില്ല. പിന്നീട് ഭൗതികത അവരെ അതിജയിക്കുന്നു. ഇത് സ്ഥിരമായി ചിന്തിക്കേണ്ടതും വളരെ ഭയക്കേണ്ടതുമായ കാര്യമാകുന്നു. അല്ലാഹു എല്ലാവർക്കും ആത്മ പരിശോധന നടത്താൻ എപ്പോഴും തൗഫീഖ് നല്കുമാറാകട്ടെ.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിന്റെ ആൺമക്കളുടെ പേരുകൾ സാലിം, വാഖിദ്, അബ്ദുല്ലാഹ് എന്നായിരുന്നു. അദ്ദേഹം ചില മുതിർന്ന സ്വഹാബാക്കളുടെ പേരുകളാണ് തന്റെ മക്കൾക്കിട്ടിരുന്നത്. അതിൽ സാലിം മൗലാ അബൂഹുദയ്ഫയുടെ പേരിനെ സ്മരിച്ചുകൊണ്ടാണ് തന്റെ ഒരു മകന് സാലിം എന്ന് പേരിട്ടത്. ഹദ്റത്ത് സഈദ് ബിൻ അൽ മുസയ്യബ് വിവരിക്കുന്നു, എന്നോട് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ ചോദിച്ചു: 'എന്റെ മകന് സാലിം എന്ന് പേരിട്ടത് എന്തിനാണെന്ന് താങ്കൾക്കറിയുമോ?' ഞാൻ പറഞ്ഞു: 'എനിക്കറിയില്ല.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഹദ്റത്ത് സാലിം മൗലാ അബൂഹുദയ്ഫയുടെ പേരാണ് ഞാനെന്റെ മകന് ഇട്ടിരിക്കുന്നത്. പിന്നീട് പറയാൻ തുടങ്ങി: 'ഞാനെന്റെ മകന്റെ പേര് വാഖിദ് എന്ന് വച്ചത് എന്തുകൊണ്ടാണെന്ന് താങ്കൾക്കറിയാമോ? ഞാൻ പറഞ്ഞു: ഇല്ല, എനിക്കറിയില്ല. അദ്ദേഹം പറഞ്ഞു: 'ഹദ്റത്ത് വാഖിദ് ബിൻ അബ്ദുല്ലാഹ് യർബൂഈയുടെ പേരാണ്.' പിന്നീട് ചോദിച്ചു: എന്റെ മകന് അബ്ദുല്ലാഹ് എന്ന് പേരിടാൻ കാരണമെന്താണെന്ന് താങ്കൾക്കറിയാമോ? ഞാൻ അറിയില്ലായെന്ന് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'അത് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയുടെ പേരാണ്.'(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 4, പേജ് 119, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

സ്വഹാബത്ത് മുതിർന്ന സ്വഹാബിമാരെ വളരെ ആദരിക്കുകയും ബഹുമാനിക്കുയും ചെയ്തിരുന്നു. തങ്ങളുടെ മക്കൾക്ക് ചില പ്രത്യേക ഉദ്ദേശ്യത്തോടെ അവരുടെ പേരിടുമായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റ) നിവേദനം: 'ഒരു യുദ്ധത്തിൽ ഞങ്ങൾ നബി(സ)തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. യുദ്ധം ശക്തമായപ്പോൾ കുറച്ചാളുകൾ പരിഭ്രാന്തരായി.' അദ്ദേഹം പറയുന്നു: 'ഞാൻ എന്റെ ആയുധവുമെടുത്ത് ഇറങ്ങി. അപ്പോൾ എന്റെ ദൃഷ്ടി ഹദ്റത്ത് സാലിം മൗലാ അബീ ഹുദയ്ഫായിൽ പതിഞ്ഞു. അദ്ദേഹത്തിന്റെ കൈവശം സ്വന്തം ആയുധമുണ്ടായിരുന്നു. മുഖത്ത് അന്തസും സമാധാനവുമുണ്ടായിരുന്നു. ഒരുപരിഭ്രമവും കണ്ടില്ല. അദ്ദേഹം മുന്നോട്ട് നീങ്ങുകയായിരുന്നു. ഞാൻ പറഞ്ഞു: ഞാൻ ആ നല്ല മനുഷ്യന്റെ പിന്നാലെ പോകുന്നതായിരിക്കും. അങ്ങനെ നബി(സ)തിരുമേനിയുടെ സന്നിധിയിലെത്തി. ആ മഹാത്മാവിന്റെ അടുത്തിരുന്നു. നബി(സ)തിരുമേനി വിദ്വേഷത്തിന്റെ അവസ്ഥയിൽ ഇറങ്ങി. അവിടന്ന് പറഞ്ഞു: ജനങ്ങളേ! എന്തൊരു പരിഭ്രമവും എന്തൊരു ഭയവുമാണിത്? ഈ രണ്ടു മുഅ്മിനീംകൾ കാണിച്ചതുപോലുള്ള തന്റേടം കാണിക്കാൻ നിങ്ങൾക്കു കഴിവില്ലാതെപോയോ? നിങ്ങളും തന്റേടം കാണിക്കുക.' (അത്താരീഖുൽകബീർ, വാല്യം 6, പേജ് 127, ബാബു അൽഅയ്ൻ, ഹദീഥ് 8538, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001). ഒരു പരിഭ്രമവും ഉണ്ടാകാൻ പാടില്ല. ഏതുപോലെ ഹദ്റത്ത് സാലിമും അദ്ദേഹത്തിന്റെ ഒപ്പം ഉണ്ടായിരുന്ന ആളും പ്രതിജ്ഞ നിറവേറ്റിക്കൊണ്ട് ഒരു പരിഭ്രമവും കൂടാതെ ഈ കഠോരമായ നേരത്തും പോരാടിക്കൊണ്ടിരുന്നു.

ഇബ്നു ഇസ്ഹാഖ് വിവരിക്കുന്നു: 'മക്കാവിജയത്തിന്റെ അവസരത്തിനുശേഷം നബി(സ) തിരുമേനി മക്കയ്ക്കു ചുറ്റുവട്ടത്തുള്ള പ്രദേശങ്ങളിൽ അവിടുത്തെ ഗോത്രക്കാരെ ഇസ്ലാമിലേക്ക് ക്ഷണിക്കുന്നതിനുവേണ്ടി ചെറിയ ചെറിയ സൈന്യത്തെ അയച്ചു. പക്ഷേ, അവർക്ക് യുദ്ധം ചെയ്യാൻ അനുവാദം നല്കിയിരുന്നില്ല. പ്രബോധനത്തിനാണ് അവരെ അയച്ചത്. യുദ്ധം ചെയ്യരുതെന്ന് അവരോടു പറഞ്ഞിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ ബനൂജുദയ്മ ഗോത്രത്തിലേക്കാണ് ഇസ്ലാമിലേക്ക് ക്ഷണിക്കാൻ അയച്ചത്. അവർ ഹദ്റത്ത് ഖാലിദിനെ കണ്ടപ്പോൾ ആയുധമെടുത്തു. ഹദ്റത്ത് ഖാലിദ് അവരോടു പറഞ്ഞു: ജനങ്ങളെല്ലാം മുസ്ലിമീംകളായിക്കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ ആയുധമെടുക്കേണ്ട ആവശ്യമില്ല. അവരിൽ ഒരാളായ ജഹ്ദം പറഞ്ഞു: 'ഞാൻ ഒരിക്കലും ആയുധം താഴെ ഇടുകയില്ല. ഇത് ഖാലിദാണ്. എനിക്ക് വിശ്വാസമില്ല. അല്ലാഹുവാണ! ആയുധമിട്ടതിനുശേഷം തടവിൽ പോകേണ്ടിവരും. തടവിലായ ശേഷം കഴുത്തുവെട്ടുന്നതാണ്.' അയാളുടെ ജനതയിലെ ചിലയാളുകൾ അയാളെ പിടിച്ചു. അവർ പറഞ്ഞു: 'ജഹ്ദമേ! ഞങ്ങളുടെ രക്തമൊഴുകണമെന്ന് നീ ആഗ്രഹിക്കുകയാണോ? തീർച്ചയായും ആളുകൾ ആയുധമിട്ടുകഴിഞ്ഞിരിക്കുന്നു. യുദ്ധം അവസാനിച്ചിരിക്കുന്നു.' പിന്നീട് അവർ അയാളിൽനിന്ന് ആയുധം പിടിച്ചുവാങ്ങി. അവർ തന്നെയും ആയുധം താഴെയിട്ടു. അവർ ആയുധം താഴെ വെച്ചപ്പോൾ ഹദ്റത്ത് ഖാലിദ് അവരിൽ ചിലരെ വധിച്ചു. ചിലരെ തടവിലാക്കി. ഞങ്ങൾക്കെല്ലാവർക്കും തടവുകാരെ ഏല്പിച്ചുതരികയും ചെയ്തു. പിന്നീട് അടുത്തദിവസം എല്ലാവരും അവരവരുടെ തടവുകാരെ വധിക്കാൻ കല്പിച്ചു. ഹദ്റത്ത് സാലിം മൗലാ അബൂഹുദയ്ഫ വിവരിക്കുന്നു, ഞാൻ പറഞ്ഞു: 'അല്ലാഹുവാണ! ഞാനെന്റെ തടവുകാരെ വധിക്കുകയില്ല. എന്റെ കൂട്ടുകാരും അങ്ങനെ ചെയ്യുകയില്ല.'

ഇബ്നു ഹിശാം പറയുന്നു: അവരിൽനിന്ന് ഒരാൾ പുറപ്പെട്ട് നബി(സ)തിരുമേനിയുടെ അടുത്തുവന്ന് എല്ലാ സംഭവങ്ങളും വിവരിച്ചു. ആരെങ്കിലും ഖാലിദിന്റെ ഈ ചെയ്തി ഇഷ്ടപ്പെടാതിരുന്നിട്ടുണ്ടോ എന്ന് അവിടന്ന് ചോദിച്ചു. അങ്ങനെ ചെയ്തത് നബി(സ)തിരുമേനിക്ക് ഇഷ്ടമായില്ല. അയാൾ പറഞ്ഞു: 'വെളുത്തനിറമുള്ളതും മധ്യഉയരമുള്ളതുമായ ഒരാൾ തന്റെ അനിഷ്ടം പ്രകടിപ്പിച്ചിരുന്നു. ഖാലിദ് അദ്ദേഹത്തെ വഴക്കു പറഞ്ഞപ്പോൾ അദ്ദേഹം മിണ്ടാതിരുന്നു. പൊക്കമുള്ള മറ്റൊരാൾ ആ ചെയ്തി ഇഷ്ടപ്പെട്ടില്ല. അപ്പോൾ ഖാലിദ് അയാളോടും വഴക്കിട്ടു. ഇരുവരും തമ്മിൽ സംസാരവുമുണ്ടായി.' അപ്പോൾ ഹദ്റത്ത് ഉമർ ബിൻ ഖത്വാബ് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! എനിക്ക് അവരിരുവരേയും അറിയാം. ഒന്ന് എന്റെ മകൻ അബ്ദുല്ലായാണ്. മറ്റെയാൾ സാലിം മൗലാ അബൂ ഹുദയ്ഫയാണ്.' ഇബ്നു ഇസ്ഹാഖ് പറയുന്നു: 'അതിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് അലിയെ വിളിച്ച് അവരുടെ അടുത്തുപോകാനും കാര്യങ്ങൾ നോക്കാനും എന്തുകൊണ്ടാണ് അങ്ങനെയുണ്ടായതെന്ന് അന്വേഷിക്കാനും പറഞ്ഞു. ജാഹിലിയ്യാ കാലഘട്ടത്തിലെ ഇത്തരം കാര്യങ്ങളെ ചവുട്ടിമെതിക്കാനും ഇപ്പോൾ നടന്നിട്ടുള്ള ജഹാലത്തിന്റെ കാര്യങ്ങളെ പാടെ അവസാനിപ്പിക്കാനും കല്പിച്ചു. നബി(സ)തിരുമേനി നല്കിയ ധനവുമായി ഹദ്റത്ത് അലി പോയി.

ഹദ്റത്ത് അലിയെ വെറുതെ അയക്കുകയല്ല ചെയ്തത് പ്രത്യുത ഒരുപാട് ധനവും അദ്ദേഹത്തിന് കൊടുത്തിരുന്നു. അവർക്ക് നഷ്ടമുണ്ടായതിന് നബി(സ)തിരുമേനി ദിയത്ത് (നഷ്ടപരിഹാര ധനം)നല്കി. ധനം കൊടുത്തയച്ചത്, ജീവനും സ്വത്തും നഷ്ടപ്പെട്ടവർക്ക് അതിനുള്ള ദിയത്ത് കൊടുക്കാനാണ്. നഷ്ടപരിഹാരം കൊടുത്തതിനുശേഷവും ഹദ്റത്ത് അലിയുടെ കൈയിൽ കുറച്ച് ധനം ഉണ്ടായിരുന്നു. അദ്ദേഹം അവരോടു ചോദിച്ചു, സ്വത്തും ജീവനും നഷ്ടപ്പെട്ടവർക്ക് ദിയത്ത് കിട്ടാത്തതായി ഇനി ആരെങ്കിലുമുണ്ടോ? അവർ പറഞ്ഞു: 'ഇല്ല.' നീതിയോടുകൂടി എല്ലാം കാര്യങ്ങളും നിർവഹിച്ചു. ഒന്നും ബാക്കിയായില്ല. അപ്പോൾ ഹദ്റത്ത് അലി പറഞ്ഞു: 'എങ്കിൽത്തന്നെയും നബി(സ) തിരുമേനിക്ക് വേണ്ടി ഈ ധനവും നിങ്ങൾക്ക് ഞാൻ നല്കുകയാണ്. കാരണം അദ്ദേഹം അറിയുന്നു. നിങ്ങളറിയുന്നില്ല.' അങ്ങനെ അലി(റ) അവർക്ക് നഷ്ടപരിഹാരധനം നല്കി നബി(സ)തിരുമേനിയുടെ അടുത്ത് തിരിച്ചു വന്ന് എല്ലാ വിവരങ്ങളും നബിയോടുപറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു: 'താങ്കൾ ഇക്കാര്യം നല്ലവണ്ണം നിറവേറ്റി.' പിന്നീട് നബി(സ)തിരുമേനി ഖിബലയിലേക്ക് മുഖം തിരിച്ച് മൂന്നുവട്ടം ഇങ്ങനെ ദുആ ചെയ്തു: *അല്ലാഹുമ്മ ഇന്നീ അബ്റഉ ഇലയ്ക്ക മിമ്മാ സ്വനഅ ഖാലിദുബ്നുൽവലീദ്.* അല്ലാഹുവേ! ഖാലിദ് ബിൻ വലീദ് ചെയ്ത പ്രവൃത്തിയിൽ എനിക്ക് ഒരു ബാധ്യതയുമില്ല. ഇതു ഞാനിതാ ഒഴിഞ്ഞു പറഞ്ഞുകൊള്ളുന്നു.' (സീറത്തു ഇബ്നു ഹിശാം പേജ് 557–558, ദാറുഇബ്നു ഹസം ബേറൂത്ത് 2009) സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി ബാബു ബഅഥന്നബിയ്യു(സ) ഖാലിദ് ബിൻ വലീദ് ഇലാ ബനീ ജുദയ്മ. ഹദീഥ് 4339)

വലിയ തെറ്റായ കാര്യമാണ് നടന്നത്. സ്വന്തക്കാരും എന്തെങ്കിലും അക്രമം ചെയ്യുകയോ തെറ്റുചെയ്യുകയോ ചെയ്താൽ നബി(സ)തിരുമേനി അതിൽനിന്ന് ജാഗ്രത പ്രകടിപ്പിക്കുകയും തടയുകയും ചെയ്തിരുന്നു. എന്നല്ല അതിന് നഷ്ടപരിഹാരവും കൊടുത്തിരുന്നു. മർദ്ദിതരുടെ സമാധാനത്തിനുള്ള സൗകര്യം ഒരുക്കാൻ ശ്രമിക്കുകയും ചെയ്തു. അവർ ശത്രുക്കളായിരുന്നിട്ടും ആയുധങ്ങൾ എടുത്തിരുന്നിട്ടും, ഇങ്ങനെ ചെയ്യുന്നത് നബി(സ)തിരുമേനി ഇഷ്ടപ്പെട്ടില്ല. അതായിരുന്നു നബി(സ)തിരുമേനിയുടെ നീതിയുടെ നിലവാരം.

ഹദ്റത്ത് ഇബ്റാഹീം ബിൻ ഹൻളല തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു, യമാമ യുദ്ധ ദിവസം പതാക കാത്തുസൂക്ഷിക്കാൻ ഹദ്റത്ത് സാലിം മൗലാ അബൂഹുദയ്ഫയോടു പറയപ്പെട്ടു. തങ്ങൾക്ക് അങ്ങയുടെ ജീവനിൽ ഭയമുണ്ടെന്ന് അദ്ദേഹത്തോടു ചിലർ പറഞ്ഞ നേരമായിരുന്നു അത്. അതുകൊണ്ട് മറ്റാരെയെങ്കിലും പതാക ഏല്പിക്കാമെന്ന് അവർ പറഞ്ഞു. അപ്പോൾ സാലിം പറഞ്ഞു: അപ്പോൾ ഞാൻ ഏറ്റവും മോശപ്പെട്ട ഖുർആൻ വാഹകനായിരിക്കും. അതായത് തനിക്ക് വിശുദ്ധ ഖുർആന്റെ അറിവ് നല്ലവണ്ണമുണ്ടെന്നും താൻ അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ അത് വളരെ മോശമായിരിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. ജീവൻ ഭയന്ന് ഒരു സുപ്രധാനമായ കടമ, വിശുദ്ധ ഖുർആന്റെ കല്പന പാലിക്കാതെ അതിൽനിന്ന് രക്ഷപ്പെടുന്നവനാകുന്നെങ്കിൽ അത്തരം ഖുർആനിക ജ്ഞാനംകൊണ്ട് എന്താണ് നേട്ടം? അങ്ങനെ യുദ്ധവേളയിൽ അദ്ദേഹത്തിന്റെ വലതുകൈ മുറിക്കപ്പെട്ടപ്പോൾ അദ്ദേഹം ഇടതു കൈകൊണ്ട് പതാക പിടിച്ചു. ഇടത് കൈയും മുറിക്കപ്പെട്ടപ്പോൾ കഴുത്തുകൊണ്ട് പതാക അമർത്തി പിടിച്ച് ഇങ്ങനെ പറയാൻ തുടങ്ങി:

وَمَا مُحَمَّدٌ اِلَّا رَسُوْل-وَكَاَيِّنْ مِّنْ نَّبِيٍّ قٰتَلَ مَعَهٗ رِبِّيُّوْنَ كَثِيْرٌ

അതായത് മുഹമ്മദ്(സ) അല്ലാഹുവിന്റെ റസൂലാകുന്നു. എത്രയെത്ര നബിമാർ, അവരോടൊപ്പം ചേർന്ന് റബ്ബിന്റെ ധാരാളമാളുകൾ യുദ്ധം ചെയ്തു. അങ്ങനെ ഹദ്റത്ത് സാലിം നിലത്ത് വീണപ്പോൾ തന്റെ കൂട്ടാളികളോട് ചോദിച്ചു: 'അബൂ ഹുദയ്ഫയുടെ അവസ്ഥ എന്താണ്? അദ്ദേഹം ശഹീദാക്കപ്പെട്ടുവെന്ന് ആളുകൾ മറുപടി നല്കി. പിന്നെ മറ്റൊരാളുടെ പേരെടുത്ത് അയാളുടെ അവസ്ഥ എന്താണെന്ന് ചോദിച്ചു. അദ്ദേഹവും ശഹീദായെന്ന് മറുപടി അറിയിച്ചു. അപ്പോൾ 'തന്നെ അവരുടെ ഇടയിൽ കിടത്തുക' എന്ന് ഹദ്റത്ത് സാലിം പറഞ്ഞു. അങ്ങനെ അദ്ദേഹവും ശഹീദായപ്പോൾ പിന്നീട് ഹദ്റത്ത് ഉമർ(റ)അദ്ദേഹത്തിന്റെ പൈതൃകം ഥുബയ്ത്ത് ബിൻത് യഗാറിന്റെ അടുത്ത് അയച്ചു. അവരാണ് ഹദ്റത്ത് സാലിമിനെ സ്വതന്ത്രനാക്കിയത്. പക്ഷേ, അവർ പൈതൃകം സ്വീകരിച്ചില്ല. ഒപ്പം ഇങ്ങനേയും പറഞ്ഞു: ഞാൻ അദ്ദേഹത്തെ 'സാഇബ' ആക്കിയാണ് അതായത് അല്ലാഹുവിനുവേണ്ടി മാത്രമാണ് സ്വതന്ത്രനാക്കിയത്. അതിനുശേഷം ഹദ്റത്ത് ഉമർ(റ) അത് ബയ്ത്തുൽമാലിൽ നിക്ഷേപിച്ചു.'(ഉസുദുൽ ഗാബ, വാല്യം 2, പേജ് 384, സാലിം മൗലാ അബീ ഹുദയ്ഫ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

മുഹമ്മദ് ബിൻ ഥാബിത്(റ) വിവരിക്കുന്നു: യമാമ യുദ്ധത്തിൽ മുസ്ലിംകൾ ചിതറി ഓടിയപ്പോൾ ഹദ്റത്ത് സാലിം(റ)പറഞ്ഞു. നാം നബി(സ)തിരുമേനിയോടു ഇങ്ങനെ ചെയ്യുകയില്ല. അതായത് പിന്തിരിഞ്ഞോടുകയില്ല. അദ്ദേഹം തനിക്കുവേണ്ടി ഒരു കുഴിയെടുത്തു. അതിൽ എഴുന്നേറ്റുനിന്നു. ആ ദിവസം അദ്ദേഹത്തിന്റെ കൈയിൽ മുഹാജിരീന്റെ പതാക ഉണ്ടായിരുന്നു. അതിനുശേഷം അദ്ദേഹം ധീരതയോടെ പോരാടി ശഹീദായി. അവിടന്ന് ഹിജ്റ 12–ൽ നടന്ന യമാമ യുദ്ധത്തിലാണ് ശഹീദായത്. ഈ സംഭവം ഹദ്റത്ത് അബൂബക്കറിന്റെ ഖിലാഫത്തുകാലത്താണുണ്ടായത്.' ത്വബക്കാത്തുൽ കുബ്റായിലെ ഉദ്ധരണിയാണിത്. (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 64–65, സാലിം മൗലാ അബീഹുദയ്ഫ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത് (റ) നിവേദനം: 'ഹദ്റത്ത് സാലിം ശഹീദാക്കപ്പെട്ടപ്പോൾ ഖുർആന്റെ നാലിൽ ഒരുഭാഗം പോയിരിക്കുന്നുവെന്ന് ആളുകൾ പറയാൻ തുടങ്ങി.'(അൽമുസ്തദർക്ക് അലസ്സ്വഹീഹയ്ൻ, വാല്യം 3, പേജ് 251–252, കിതാബുമഅ്രിഫത്തുസ്സ്വഹാബ, ബാബു ദിക്റു മനാഖിബ് സാലിം മൗലാ അബീ ഹുദയ്ഫ(റ) ഹദീഥ് 5004 പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002). അതായത് ഖുർആൻ പഠിപ്പിക്കുന്നതിന് നബി(സ)തിരുമേനി പേരെടുത്ത് പറഞ്ഞ നാല് പണ്ഡിതൻമാരിൽ ഒരാൾ മരണപ്പെട്ടു.

**ഹദ്റത്ത് ഇത്ബാൻ ബിൻ മാലിക്ക്(റ):** ഹദ്റത്ത് ഇത്ബാൻ ബിൻ മാലിക്കി(റ)ന്റെ ബന്ധം ഖസ്റജിന്റെ ശാഖയായ ബനൂ സാലിം ബിൻ ഔഫുമായാണ്. നബി(സ)തിരുമേനി ഇദ്ദേഹത്തേയും ഹദ്റത്ത് ഉമറിനേയും സഹോദരന്മാരാക്കിയിരുന്നു. ഇദ്ദേഹം ബദ്ർ, ഉഹുദ്, ഖൻദഖ് യുദ്ധങ്ങളിൽ പങ്കെടുത്തു. നബി(സ)തിരുമേനിയുടെ ജീവിതകാലത്ത് അദ്ദേഹത്തിന്റെ കാഴ്ച നഷ്ടപ്പെട്ടിരുന്നു. അദ്ദേഹം ഹദ്റത്ത് മുആവിയായുടെ ഭരണകാലത്താണ് വഫാത്തായത്.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 415–416, ഇത്ബാൻ ബിൻ മാലിക്ക്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

നബി(സ)തിരുമേനി മദീനയിൽ ഇറങ്ങിയപ്പോൾ ഹദ്റത്ത് ഇത്ബാൻ ബിൻ മാലിക് തന്റെ സ്നേഹിതന്മാരോടൊപ്പം മുന്നോട്ടുവന്ന്, തന്റെ വീട്ടിൽ താമസിക്കാൻ പറഞ്ഞു. പക്ഷേ, നബി(സ) തിരുമേനി പറഞ്ഞു: 'എന്റെ ഒട്ടകത്തെ വിടുക. അത് അല്ലാഹു ഇച്ഛിക്കുന്നിടത്ത് ഇരിക്കുന്നതായിരിക്കും.' (സീറത്ത് ഇബ്നുഹിശാം പേജ് 228–229, പ്രസാധകർ ദാറു ഇബ്നു ഹസം ബേറൂത്ത് 2009) (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 267–268)

ഹദ്റത്ത് ഉമർ വിവരിക്കുന്നു: ഞാനും അൻസ്വാറിൽപെട്ട എന്റെ ഒരു അയൽവാസിയും(ഇത്ബാൻ) ബനുഉമയ്യ ബിൻ സയ്ദിലാണ് (ഇത് സ്ഥലത്തിന്റെ പേരാണ്) താമസിച്ചിരുന്നത്. അത് മേലെ മദീനപ്രദേശുത്തുള്ള ഒരു ഗ്രാമമായിരുന്നു. ഞങ്ങൾ ഊഴമിട്ടാണ് നബി(സ)തിരുമേനിയുടെ അടുക്കൽ ഇറങ്ങിച്ചെല്ലുക. ഒരു ദിവസം അദ്ദേഹം ഇറങ്ങിചെല്ലും; മറ്റൊരു ദിവസം ഞാനും. ഞാൻ പോകുമ്പോൾ അന്നുണ്ടായ ദിവ്യസന്ദേശവും മറ്റു വിവരങ്ങളും ഞാൻ അദ്ദേഹത്തിന് എത്തിച്ചുകൊടുക്കും. അദ്ദേഹം പോകുമ്പോഴും ഇതേപ്രകാരം ചെയ്യും. ഒരു ദിവസം അൻസ്വാരിയായ എന്റെ സ്നേഹിതൻ തന്റെ ഊഴമനുസരിച്ച് നബി(സ) തിരുമേനിയുടെ അടുക്കൽ പോയി തിരിച്ചുവന്ന് എന്റെ വാതിലിൽ ശക്തമായി മുട്ടിവിളിച്ചു. അദ്ദേഹം ഇവിടെയുണ്ടോ? എന്ന് എന്നെക്കുറിച്ചു ചോദിച്ചുകൊണ്ടിരുന്നു. അപ്പോൾ ഞാൻ ബേജാർപൂണ്ട് വെളിയിൽ വന്നു. ഉടനെ അദ്ദേഹം പറഞ്ഞു: ഗൗരവമേറിയ ഒരു സംഭവം നടന്നിട്ടുണ്ട്. ഉടനെ ഞാൻ പുറപ്പെട്ട് ഹഫ്സ്വയുടെ അടുക്കൽ പ്രവേശിച്ചു. അവർ കരയുകയായിരുന്നു. ഞാൻ ചോദിച്ചു: നബി(സ)തിരുമേനി നിങ്ങളെയെല്ലാം വിവാഹമോചനം ചെയ്തുവോ? അവർ പറഞ്ഞു: എനിക്കറിയില്ല. പിന്നീട് ഞാൻ നബി(സ)തിരുമേനിയുടെ അടുത്തുപോയി ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ! അങ്ങ് ഭാര്യമാരെയെല്ലാം വിവാഹമോചനം ചെയ്തുവോ? അവിടന്ന് പറഞ്ഞു: 'ഇല്ല.' അപ്പോൾ ഞാൻ പറഞ്ഞു. അല്ലാഹു അക്ബർ. അല്ലാഹു ഏറ്റവും മഹാൻ.'(സ്വഹീഹ് ബുഖാരി, കിതാബുൽ ഇൽമ്, ഹദീഥ് 89)

നിവേദനങ്ങളനുസരിച്ച് ചില സ്ഥലത്ത് വിശദീകരണവും ലഭിക്കുന്നുണ്ട്. ദീർഘമായ സംഭവമാണ് വിവരിച്ചിട്ടുള്ളത്. അതായത് ഒരു മാസത്തേക്ക് നബി(സ)തിരുമേനി സ്വയം വേർപെട്ടുനിന്നു. ഭാര്യമാരിൽനിന്ന് മാത്രമല്ല, സ്വഹാബത്തിൽനിന്നും മാറിനിന്നു. അക്കാരണത്താൽ ഏതോ കാരണത്താൽ വെറുപ്പുണ്ടായെന്നും വിവാഹം മോചനം ചെയ്തുവെന്നും ധരിച്ചുപോയി. എന്തായാലും ഇക്കാരണമായിരുന്നില്ല. മറ്റെന്തോ കാരണം ആയിരുന്നു.

പക്ഷേ ഹദ്റത്ത് സയ്യിദ് സയ്നുൽ ആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് ബുഖാരിയുടെ ഹദീഥിന്റെ ശർഹിൽ ഹദ്റത്ത് ഉമർ(റ) പറഞ്ഞ 'ഒരു ദിവസം ഞാൻ പോകും മറ്റൊരു ദിവസം എന്റെ സ്നേഹിതൻ പോകും' എന്നതിനെക്കുറിച്ച് എഴുതുന്നു: ആർക്കെങ്കിലും അറിവ് സമ്പാദിക്കുന്നതിന് പൂർണമായും ഒഴിവുകിട്ടുന്നില്ലെങ്കിൽ മറ്റാരെങ്കിലുമായി അയാൾക്ക് ഊഴം നിശ്ചയിക്കാവുന്നതാണ്; ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഇത്ബാൻ ബിൻ മാലിക് അൻസ്വാരിയുമായി ഊഴമിട്ടിരുന്നതുപോലെ. ജോലിയും തൊഴിലും ഉപേക്ഷിച്ച് മൂന്നുനാല് മൈൽ ദൂരത്തുനിന്ന് വന്ന് ദിവസം മുഴുവൻ അതേ ജോലിയിൽ മുഴുകുന്നതിൽനിന്ന് സ്വഹാബാക്കളുടെ താൽപര്യത്തെ സംബന്ധിച്ചും അറിയാൻ കഴിയുന്നു. (സ്വഹീഹ് ബുഖാരി, കിതാബുൽഇൽമ്, ഹദീഥ് 89, വാല്യം 1, പേജ് 165, നള്വാറത്ത് ഇശാഅത്ത് റബ്വ)

പക്ഷേ, അല്ലാമ അയ്നീ ബുഖാരിയുടെ ശർഹ് ഉംദത്തുൽഖാരിയിൽ എഴുതുന്നു: 'അയൽവാസി ഹദ്റത്ത് ഇത്ബാൻ ബിൻ മാലിക്കായിരുന്നുവെന്ന് പറയപ്പെടുന്നു. പക്ഷേ, ഹദ്റത്ത് ഉമറിന്റെ അയൽവാസി ഔസ് ബിൻ ഖൗലി ആയിരുന്നുവെന്നതാണ് ശരി.' (ഉംദത്തുൽ ഖാരി, വാല്യം 20, പേജ് 256, കിതാബുന്നിക്കാഹ് ഹദീഥ് 5191 ദാറുൽ കുതുബുൽഇൽമിയ്യ, ബേറൂത്ത് 2001) എന്തായാലും ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തിന്റെ നിവേദനത്തിൽ വിവരിച്ചതുതന്നെയാണ് വിവരണം.

ഒരു നിവേദനത്തിൽ വരുന്നു, ഹദ്റത്ത് ഇത്ബാൻ ബിൻ മാലിക്കിന് കാഴ്ച നഷ്ടമായപ്പോൾ അദ്ദേ

ഹം നബി(സ)തിരുമേനിയോട് ജമാഅത്തായ നമസ്കാരത്തിന് മാപ്പുകിട്ടാൻ അനുവാദം ചോദിച്ചു. അവിടന്ന് ചോദിച്ചു: ബാങ്കിന്റെ ശബ്ദം കേൾക്കാറുണ്ടോ? ഹദ്ത്ത് ഇത്ബാൻ പറഞ്ഞു: കേൾക്കാറുണ്ട്. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിന് അനുവാദം നല്കിയില്ല. ഇത് പ്രസിദ്ധമായ ഹദീഥാണ്. മിക്കപ്പോഴും അവതരിപ്പിക്കുന്ന ഹദീഥാണ്. പക്ഷേ, അതിനു കുറച്ച് വിശദീകരണവുമുണ്ട്. ബുഖാരിയിലെ നിവേദനത്തിൽനിന്ന് പിന്നീട് നബി(സ)തിരുമേനി ഹദ്റത്ത് ഇത്ബാന് വീട്ടിൽ നമസ്കരിക്കാനുള്ള അനുവാദം നല്കിയിരുന്നുവെന്നാണ് മനസിലാകുന്നത്. എന്നാൽ, എവിടെ നമസ്കരിച്ചാലും ജമാഅത്തോടുകൂടി നമസ്കരിക്കണമെന്ന നിബന്ധന ഉണ്ടായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് ഇത്ബാന്റെ അപേക്ഷ പ്രകാരം അദ്ദേഹത്തിന്റെ വീട്ടിൽച്ചെന്ന് താങ്കൾ താങ്കൾക്ക് നമസ്കരിക്കാൻ എവിടെയാണ് നമസ്കരിക്കാൻ ഇഷ്ടപ്പെടുന്നതെന്ന് ചോദിച്ചു. അദ്ദേഹം ഒരു സ്ഥലം ചൂണ്ടിക്കാണിച്ചു. നബി(സ)തിരുമേനി അവിടെ നമസ്കരിച്ചു.' (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 415, ഇത്ബാൻ ബിൻ മാലിക്ക്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).(സ്വഹീഹ് ബുഖാരി, കിതാബുൽ അദാൻ, ബാബു അർറുഖ്സത്തു ഫിൽ മത്വ്രി ഹദീഥ് 667)

പ്രത്യേക സാഹചര്യത്തിൽ ഒരു സ്ഥലത്ത് വീട്ടിൽ നമസ്കരിക്കാൻ അനുവാദം നല്കിയിട്ടുണ്ടെങ്കിലും അവിടേയും മറ്റു നിവേദനങ്ങളിൽനിന്ന് സ്ഥാപിതമാകുന്നത് അവിടന്ന് ഒരു സ്ഥലത്ത് ജനങ്ങളെ സംഘടിപ്പിച്ച് അവിടെ നമസ്കരിപ്പിച്ചിരുന്നുവെന്നാണ്. കാലാവസ്ഥ കഠിനമായ കാരണത്താൽ, വഴികൾ തടസ്സമായ കാരണത്താൽ ആളുകൾക്ക് മസ്ജിദിൽ പോകാൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് ഒഴികഴിവൊന്നുമില്ല. പിന്നീട് അനുവാദം നല്കിയിരുന്നെങ്കിൽത്തന്നെയും അദ്ദേഹത്തിന്റെ വീടിന്റെ ഒരു ഭാഗത്ത് ജമാഅത്തായി നമസ്കരിക്കാനായിരുന്നു. ഇക്കാര്യം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് സയ്യിദ് വലിയുല്ലല്ലാഹ് ശാഹ് സാഹിബ് സ്വഹീഹ് ബുഖാരിയുടെ കിതാബുൽ അദാന്റെ ബാബുൻ അർറുഖ്സത്തു ഫിൽമത്വ രി വൽഇല്ലത്തി അൻയ്യുസ്വല്ലിയ ഫീ റഹ്ലിഹീ അതായത് മഴയോ മറ്റുവല്ല കാരണത്താലോ അവരവരുടെ താമസസ്ഥലത്ത് നമസ്കരിക്കാനുള്ള അനുവാദത്തിന്റെ ശർഹിൽ പറയുന്നു: ഇമാം ബുഖാരി നിർബന്ധാവസ്ഥയുടെ ആ അവസ്ഥകൾ അവതരിപ്പിക്കുകയാണ്. അവയിൽ ജമാഅത്തോടുകൂടി നമസ്കരിക്കുന്നതിൽനി ന്ന് ഒഴിവാക്കേണ്ടതായിരുന്നു. എന്നാൽ, നബി(സ)തിരുമേനി അദ്ദേഹത്തിനു വീട്ടിൽ തനിച്ചു നമസ്കരിക്കാൻ അനുവാദം നല്കിയില്ല. (വീട്ടിൽ തനിച്ചു നമസ്കരിക്കാൻ കല്പന കൊടുത്തില്ല) നബി(സ) തിരുമേനി എപ്പോഴും കഴിയുന്നിടത്തോളം കല്പനകൾ നടപ്പിൽവരുത്തുന്നതിൽ സൗകര്യം നോക്കുമായിരുന്നു. ദീനിന്റെ കാര്യത്തിൽ എളുപ്പം എവിടെയെങ്കിലും സാധ്യമാകുമെങ്കിൽ അവിടെ അങ്ങനെ ചെയ്യേണ്ടതാണ്. പക്ഷേ, അവിടന്ന് അദ്ദേഹത്തിന് തനിച്ചു നമസ്കരിക്കാൻ അനുവാദം നല്കിയില്ല. അനുവാദം കൊടുത്തിട്ടുണ്ടെങ്കിൽത്തന്നെ ജമാഅത്തോടുകൂടി നമസ്കരിക്കേണ്ടതിനായിരുന്നു.

വീണ്ടും എഴുതുന്നു: ഹദ്റത്ത് ഇത്ബാൻ(റ) അന്ധനായിരുന്നു. വഴിയിൽ തോടുണ്ടായിരുന്നു. ചില നിവേദനങ്ങളിൽ വരുന്നു, അദ്ദേഹം വീട്ടിൽ നമസ്കരിക്കാനാണ് അനുവാദം ചോദിച്ചത്. അപ്പോൾ അവിടന്ന് അദ്ദേഹത്തിന് അനുവാദം നല്കി; എന്നാൽ, ജമാഅത്തോടുകൂടിയ നമസ്കാരത്തിനായിരുന്നു അത്. ജമാഅത്തായി നമസ്കരിക്കുകയാണെങ്കിൽ അനുവാദമുണ്ട്. പിന്നീട് അദ്ദേഹം എഴുതുന്നു:നിർബന്ധമാക്കപ്പെട്ട നമസ്കാരം ഒറ്റയ്ക്ക് നമസ്കരിക്കാമായിരുന്നെങ്കിൽ അവിടന്ന് ഹദ്റത്ത് ഇത്ബാനെ ഭിന്നശേഷിക്കാരൻ എന്ന് മനസ്സിലാക്കി വീട്ടിൽ തനിച്ചു നമസ്കരിക്കാൻ അനുവാദം നല്കുമായിരുന്നു.' (സ്വഹീഹ് ബുഖാരി, വാള്യം 2, പേജ് 66, കിതാബുൽ അദാൻ ഹദീഥ് 667, നള്വാറത്ത് ഇശാഅത്ത് റബ്വ)

അതുകൊണ്ട് ഇക്കാര്യം എപ്പോഴും ഓർമ വെക്കേണ്ടതാണ്. ദൂരം കൂടുതലോ വാഹനമില്ലെങ്കിലോ സമയം ലഭിക്കുന്നില്ലെങ്കിലോ പലപ്രാവശ്യം പറഞ്ഞു കഴിഞ്ഞിട്ടുള്ളതുപോലെ അഹ്മദികൾ അവരുടെ വീടുകളിൽ നമസ്കാരസെന്ററുകൾ ഒരുക്കുകയും ചുറ്റുമുള്ളവരെ ഒരുമിച്ചുകൂട്ടി ജമാഅത്തായി നമസ്കരിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹു നമുക്ക് എല്ലാവർക്കും അവന്റെ കൽപനകൾ അനുസരിച്ച് പ്രവർത്തിക്കുവാൻ തൗഫീഖ് നല്കുമാറാകട്ടെ.

ഇനി ഞാൻ മരണപ്പെട്ടുപോയ ചിലരെ കുറിച്ച് പറയുന്നതാണ്. അവരുടെ ജനാസയും നമസ്കരിപ്പിക്കുന്നതാണ്. അവരിൽ ഒരാൾ റബ്വയിലെ ഗുലാം മുസ്തഫാ അഅ്വാൻ സാഹിബാണ്. 2019 മാർച്ച് 16ന് 78-ാം വയസ്സിൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ദൈവകൃപയാൽ അദ്ദേഹം ജന്മനാ അഹ്മദിയായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് അദ്ദേഹത്തിന്റെ പിതാമഹൻ ദയ്വാൻ ബഖ്ശ് സാഹിബ് മുഖേനയായിരുന്നു. പരേതൻ അഞ്ചുനേര നമസ്കാരം കൃത്യമായി അനുഷ്ഠിക്കുകയും സ്ഥിരമായി തഹജ്ജുദ് നമസ്കരിക്കുകയും ഭക്തിനിർഭരമായ ജീവിതം നയിക്കുകയും ചെയ്ത ആളായിരുന്നു. അതിഥിസൽക്കാരപ്രിയനായിരുന്നു. ദരിദ്രരെ സഹായിക്കുകയും ചാർച്ചയെ ചേർക്കുകയും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുകയും ചെയ്ത ആത്മാർഥ വ്യക്തിത്വമായിരുന്നു. ജമാഅത്തു വ്യവസ്ഥിതിയോടും ഖിലാഫത്തിനോടും അഗാധബന്ധമായിരുന്നു. ജോലി സംബന്ധമായി ഇദ്ദേഹം സഊദിഅറേബ്യയായിലും താമസിച്ചിരുന്നു. സഊദി ജീവിതത്തിനിടയിൽ 9 പ്രാവശ്യം ഹജ്ജ് ചെയ്യാനും തൗഫീഖ് കിട്ടി. നിരവധി തവണ ഉംറയും ചെയ്തു. ഇദ്ദേഹത്തിന് കഅ്ബ മന്ദിരത്തിലും മസ്ജിദ് നബ്വിയിലും നിർമാണപ്രവൃത്തി ചെയ്യുന്നതിനും ഭാഗ്യം ലഭിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയായിരുന്നു. ഒരു ദിവസം അപ്രതീക്ഷിതമായി ആരോഗ്യം മോശമായപ്പോൾ 'ഹിസ്സജാഇദാദ്' അടയ്ക്കണമെന്ന ചിന്തയാണ് ആദ്യമുണ്ടായത്. അങ്ങനെ അല്ലാഹു ആരോഗ്യം നല്കി. തന്റെ കുറച്ചു സ്വത്തുക്കൾ വിറ്റ് 'ഹിസ്സജാഇദാദ്' അടച്ചു. അദ്ദേഹത്തിന്റെ ദുഃഖാർത്തരായ കുടുംബത്തിൽ ഭാര്യയ്ക്കു പുറമെ ജർമനിയിലുള്ള ഒരു മകൻ അഹ്മദ് മൂർത്തളായും നാലു പുത്രിമാരുമുണ്ട്. ജാമാതാക്കളായ മുഹമ്മദ് ജാവേദ് സാഹിബും, ജമീൽ അഹ്മദ് തബസ്സും സാഹിബും സാംബിയായിലും റഷ്യയിലും മുബല്ലിഗുമാരാണ്. വഖ്ഫെ സിന്ദഗി എന്ന നിലയിൽ അവിടെ സേവനം ചെയ്തുകൊണ്ടിരിക്കുന്നു. ഈ മുബല്ലിഗുമാർ വിവാഹം കഴിച്ചിട്ടുള്ള അദ്ദേഹത്തിന്റെ മക്കൾ, ഭർത്താക്കന്മാരോടൊപ്പം വിദേശത്താണുള്ളത്. ഇക്കാരണത്താൽ അവർക്ക് അവിടെ പോകാൻ കഴിഞ്ഞിട്ടില്ല. ഈ ദുഃഖവും അവർക്ക് വിദേശത്ത് സഹിക്കേണ്ടിവന്നു. അല്ലാഹു അവർക്ക് ക്ഷമിക്കാനും സഹിക്കാനും തൗഫീഖ് നല്കുമാറാകട്ടെ. പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ.

രണ്ടാമത്തെ ജനാസ കാഠ്ഗഢിയിലെ മുഹമ്മദ് നവാസ് സാഹിബിന്റെ ഭാര്യ അമത്തുൽ ഹയ്യ് സാഹിബയുടേതാണ്. 2019 മാർച്ച് 15 നാണ് അവർ വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഖാദിയാനടുത്തുള്ള ബഗോൾ ഗ്രാമവുമായിട്ടായിരുന്നു അവരുടെ ബന്ധം. ഇവർക്ക് രണ്ടുവയസ്സുള്ളപ്പോൾ പിതാവ് വഫാത്തായി. അവരുടെ മൂത്താപ്പ മുഹമ്മദ് ഇബ്റാഹിം സാഹിബാണ് അവരെ പോറ്റിവളർത്തിയത്. പരേത ജന്മനാ അഹ്മദിയായിരുന്നു. 1903 ലാണ് അവരുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രവേശിക്കുന്നത്. പാക്കിസ്താൻ നിലവിൽ വന്നതിനുശേഷം തന്റെ മൂത്താപ്പായുടെ കുടുംബത്തോടൊപ്പം ഹിജ്റത്ത് ചെയ്ത് ജഡാൻവാലയിൽവന്ന് താമസിക്കാൻ തുടങ്ങി. അവിടെനിന്ന് 1981-ൽ കുട്ടികളുടെ വിദ്യാഭ്യാസത്തിനും മറ്റുമായി അവർ റബ്വയിൽ ഹിജ്റത്ത് ചെയ്തു. അവസാനശ്വാസംവരെ റബ്വയിലായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയാ ആയിരുന്നു. അല്ലാഹു അവർക്ക് ആറ് ആൺകുട്ടികളേയും അഞ്ച് പെൺകുട്ടികളേയും നല്കി അനുഗ്രഹിച്ചു. ഒരു മകൾ ചെറുപ്രായത്തിൽ മരണപ്പെട്ടു. തന്റെ മക്കളിൽനിന്ന് ആൺകുട്ടികളെ വഖ്ഫ് ചെയ്യാൻ തുടങ്ങി. പിന്നീട് മക്കളിലും മക്കളുടെ മക്കളിലും ഈ പരമ്പര നിലനിന്നുവരുന്നു. അവരുടെ മൂത്തമകൻ റാണാ ഫാറൂഖ് അഹ്മദ് സാഹിബ് നള്വാറത്ത് ദഅ്വത്തെ ഇലല്ലായിൽ മുറബ്ബിയാണ്. ചെറിയ മകൻ ഹാഫിള് മഹ്മൂദ് അഹ്മദ് ത്വാഹിർ ടൻസാനിയായിലെ ജാമിഅ അഹ്മദിയ്യായിൽ ഉസ്താദ് എന്ന നിലയിൽ സേവനമനുഷ്ഠിച്ചുവരുന്നു. ഉമ്മയുടെ മരണത്തിൽ പാക്കിസ്താനിൽ പോകാൻ കഴിഞ്ഞില്ല. ഇപ്രകാരം ഒരു പൗത്രനും ജമാഅത്തിന്റെ മുറബ്ബിയാണ്. ഒരു ദൗഹിത്രൻ ഘാനയിൽ ജമാഅത്തിന്റെ മുറബ്ബിയാണ്. ഒരു പൗത്രനും പൗത്രിയും ഖുർആൻ ഹാഫിളുമാരാണ്. ധാരാളം പൗത്രന്മാരുടേയും ദൗഹിത്രിമാരുടേയും വിവാഹങ്ങൾ അവർ മുറബ്ബിമാരെക്കൊണ്ട്, വാഖ്ഫിനെസിന്ദഗിമാരെക്കൊണ്ട് ചെയ്യിച്ചു.

അവരുടെ മകൻ ഹാഫിള് മഹ്മൂദ് പറയുന്നു: 'ഞങ്ങളുടെ മാതാപിതാക്കൾ ജീവിതം മുഴുവൻ ജമാഅത്തിന് സേവനം ചെയ്യാൻ മുൻഗണന നല്കിക്കൊണ്ടിരുന്നു. ജമാഅത്ത് വ്യവസ്ഥിതിയുമായും അഹ്മദിയ്യാ ഖിലാഫത്തുമായും ബന്ധപ്പെട്ടിരിക്കാനും ജമാഅത്തോടുകൂടി നമസ്കരിക്കാനും ഞങ്ങൾക്കു വേണ്ടി എല്ലാ ത്യാഗങ്ങൾക്കും തയ്യാറായിരുന്നു. അഹ്മദിയ്യത്തിനെ പ്രചരിപ്പിക്കാനുള്ള താൽപര്യവും ധാരാളമുണ്ടായിരുന്നു. അവരുടെ മാതാവിന്റെ എല്ലാ സഹോദരന്മാരും സഹോദരിമാരും അനഹ്മദികളായിരുന്നു. അവരെ കഴിയുന്നിടത്തോളം തബ്ലീഗ് ചെയ്യുമായിരുന്നു.

( ശേഷം പേജ് 10ൽ)

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"നമ്മുടെ ആരാധനാകർമങ്ങളുടെ അഭിവൃദ്ധി തന്നെയാണ് നമുക്ക് വിജയം നല്കുന്നത്. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതിനെക്കുറിച്ച് എല്ലാ വ്യവസ്ഥിതിയും ഗൗരവമാകേണ്ട ആവശ്യമുണ്ട്."**
**(ജുമുഅ ഖുത്ബ 27-01-2017)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.**

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

### (റിപ്പോർട്ട് കഴിഞ്ഞ ലക്കം തുടർച്ച.....)

### 2016 മെയ് 17 ചൊവ്വാഴ്ച

**ഹുദൂറിന്റെ പ്രഭാഷണം**

സ്വീഡൻ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയുമായി ബന്ധമുള്ള ഒരതിഥി തന്റെ വികാരം ഈ വാക്കുകളിൽ വിവരിച്ചു:'ഇത്തരത്തിലുള്ള പരിപാടികൾ സ്വീഡനിൽ സമാധാന സംസ്ഥാപനത്തിനും സ്വീഡിഷ് ജനതയുടെ ഐക്യത്തിനും വളരെ അത്യന്താപേക്ഷിതമാണ്. ഇതു സംബന്ധമായി അഹ്മദിയ്യാ ജമാഅത്ത് വളരെ നല്ല മാതൃകാപരമായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സ്വീഡനിൽ ഇത്തരത്തിലുള്ള മസ്ജിദുകൾ സ്ഥാപിതമാകുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഞങ്ങളുടെ പാർട്ടിയും ബഹുസ്വരതയ്ക്കും മതപരമായ സ്വാതന്ത്ര്യത്തിനുംവേണ്ടിയാണ് പ്രവർത്തിക്കുന്നത്. ഈ സമയത്ത് ലോകം വളരെയധികം പ്രശ്നങ്ങളാലും തർക്കവിതർക്കങ്ങളാലും ഉഴലുകയാണ്. അതുകൊണ്ട് ഏതൊരു മത നേതാവായാലും സമാധാന സംസ്ഥാപനത്തിനുവേണ്ടി മുൻനിരയിൽ നിൽക്കണമെന്നാണ് എന്റെ അഭിപ്രായം. ഈ ദൗത്യമാണ് ഖലീഫത്തുൽ മസീഹ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ലോകത്തിന് ഖലീഫത്തുൽ മസീഹിനെ പോലെയുള്ള സമാധാന കാംക്ഷികളുടെ ആവശ്യം എന്നുമുണ്ട്. ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം എന്നിൽ വളരെയധികം സ്വാധീനം ചെലുത്തുകയുണ്ടായി.'

മാൽമോ നഗരത്തിന്റെ മേയർ Kent Andsrson തന്റെ വാക്കുകൾ ഇങ്ങനെ വിവരിച്ചു:'എന്റെ അഭിപ്രായത്തിൽ ഇന്നത്തെ ദിവസം വളരെ പ്രധാനമാണ്. ഖലീഫത്തുൽ മസീഹ് കേവലം ലോകത്ത് സമാധാന സ്ഥാപനത്തിനുവേണ്ടിയല്ല ആഹ്വാനം ചെയ്തത്, മറിച്ച് ഈ പ്രദേശത്തെ പട്ടണത്തിൽ നിർമിതമായ മസ്ജിദിന്റെ യഥാർഥ ലക്ഷ്യങ്ങളും വിശദീകരിക്കുകയുണ്ടായി. ഈ മസ്ജിദിനെ ഞങ്ങൾ ഈ പട്ടണത്തിന്റെ സമാധാന സ്ഥാപനത്തിനും ഐക്യത്തിനുമുള്ള ഒരു മാർഗമായി മനസ്സിലാക്കുന്നു. ഞാനെന്റെ പ്രസംഗത്തിലും പറഞ്ഞിരുന്നു ലോകത്ത് സമാധാന സ്ഥാപനത്തിനുവേണ്ടി ഖലീഫത്തുൽ മസീഹ് എന്തെന്തെല്ലാം എഴുതുകയും പറയുകയും ചെയ്യുന്നുണ്ടോ അതിൽ ഞാൻ വളരെ ആകൃഷ്ടനാണ്. ഈ ലക്ഷ്യസാഫല്യത്തിനായുള്ള അദ്ദേഹത്തിന്റെ അക്ഷീണയാത്രയിലും ഞാൻ വളരെ ആകൃഷ്ടനാണ്.'

ഈ പരിപാടിയിലെ യഹൂദ വിശ്വാസിയായ അതിഥി Peter Vig തന്റെ വികാരങ്ങൾ ഈ വാക്കുകളിൽ പങ്കു വെച്ചു:'ഈ പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ഖലീഫയുടെ പ്രഭാഷണം കേട്ടതോടെ ഞാൻ വളരെ വികാരാധീനയായി. ഇതിനു മുമ്പേ നിങ്ങളുടെ സമൂഹത്തെ ഈ രൂപത്തിൽ കണ്ടുമുട്ടാൻ ഒരിക്കലും എനിക്ക് അവസരം കിട്ടിയിട്ടില്ല. എന്നാൽ, നിങ്ങളിലുള്ള ചിലർ സമൂഹത്തിൽ സമാധാന സംസ്ഥാപനത്തിനുവേണ്ടിയും ഐക്യത്തിനുവേണ്ടിയും ആഹ്വാനം ചെയ്യുന്ന ചില ലഘുലേഖകൾ വിതരണം ചെയ്യുന്നത് ഞാൻ കണ്ടിരുന്നു. ഇസ്‌ലാം ഭീകരതയുടേയും അക്രമത്തിന്റേയും രക്തചൊരിച്ചിലിന്റേയും മതമല്ലെന്ന് എനിക്ക് മുമ്പേ അറിയാമായിരുന്നു. എന്നാൽ, ഇവിടെ വന്ന് ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം ശ്രവിച്ചതിനുശേഷം എന്റെ ചിന്തകൾ ദൃഢതയിലേക്ക് പരിവർത്തിതമായി. ഈ ദിവസം എനിക്ക് വളരെയധികം വിജ്ഞാനപ്രദമായിരുന്നു. കാരണം ഞാൻ ഇസ്‌ലാമിനെ കുറിച്ച് വളരെ കാര്യങ്ങൾ പഠിച്ചു. സമാധാനസന്ദേശം പ്രചരിപ്പിക്കുന്ന ഖലീഫ ഒരു സമ്പൂർണ സമാധാനത്തിന്റെ ആൾരൂപമാണ്. ഇസ്‌ലാമിൽ ആന്റി സെമിറ്റിസത്തിന് ഒരു സ്ഥാനവുമില്ലെന്ന് അദ്ദേഹം വളരെ വിശദീകരിച്ച് പറഞ്ഞിട്ടുണ്ട്. അദ്ദേഹം വളരെ ഔദാര്യമനസ്കനാണ്. ജനങ്ങളെ യഥാർഥ ഇസ്‌ലാമിലേക്കാണ് അദ്ദേഹം വിളിക്കുന്നത്. ഈ ഇസ്‌ലാമിനെ പിൻപറ്റുകയാണെങ്കിൽ നമുക്ക് ഒരു ഭയവും ഉണ്ടാക്കേണ്ടതില്ല. ഇസ്‌ലാമിനെ സംബന്ധിച്ച് വളരെയധികം നിഷേധാത്മക ചിന്താഗതി ലോകത്ത് നിലനിൽക്കുന്നുണ്ട്. നമ്മൾ മുസ്‌ലീംകളുടെ ഭീകരപ്രവർത്തനത്തെ ഭയപ്പെടുന്നു. അതുകൊണ്ട് ഒരു മുസ്‌ലിം നേതാവിന്റെ സമാധാനത്തിലേക്ക് മാത്രമുള്ള സന്ദേശം കേട്ടപ്പോൾ എന്നെ അത് വളരെ വിസ്മയിപ്പിച്ചു. അനുകമ്പ, സമാധാനം, കാരുണ്യം എന്നീ വാക്കുകൾ അദ്ദേഹം വളരെ ആവർത്തിക്കുകയുണ്ടായി. ഒരു യഹൂദ സമൂഹമെന്ന നിലയിൽ ഏതു രീതിയിൽ നാം അഹ്മദികളെ സ്വീകരിക്കേണമോ ആ രീതിയിൽ നമുക്ക് സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാലിനി ഞങ്ങൾ നിങ്ങൾക്കായി സ്വന്തം ബന്ധങ്ങൾ തുറന്നിടുന്നതാണ്. നിങ്ങളുടെ ഖലീഫയിൽ ഒരു വെറുപ്പോ വിദ്വേഷമോ ഇല്ല. സ്വന്തം മതത്തിൽ അടിയുറച്ചു നിന്നു കൊണ്ട് സമൂഹവുമായി എങ്ങനെ ഐക്യപ്പെട്ടു പോകാം എന്നതിനെപ്പറ്റി അദ്ദേഹം മുസ്‌ലീംകളോടു വ്യക്തമാക്കുകയുണ്ടായി. ദൈവത്തെ ആരാധിക്കുവാനും ഒപ്പം മനുഷ്യത്വത്തെ സ്നേഹിക്കുവാനും അദ്ദേഹം ആഹ്വാനം ചെയ്തു. മുസ്‌ലീംകളും നമ്മുടെ സഹോദരൻമാരാണെന്നുള്ള തോന്നൽ ഖലീഫ എന്നിൽ സൃഷ്ടിക്കുയുണ്ടായി. ഇതുമുഖേന എന്റെയുള്ളിൽ ഫലസ്തീനികളോടുള്ള അനുകമ്പ വർധിച്ചു. ഒരുപക്ഷേ, അവരിൽ നിന്നുള്ളവരെല്ലാം മോശക്കാരല്ലെന്നുള്ള വികാരം എന്നിലുണർത്തി. ചിലർ അഹ്മദികളെപോലെ സമാധാനം ആഗ്രഹിക്കുന്നവരാണ്.'

ക്രിസ്ത്യൻ സൊസൈറ്റിയുമായി ബന്ധമുള്ള ഒരു അതിഥി ഈ വാക്കുകളിലാണ് തന്റെ വികാരങ്ങൾ പങ്കുവെച്ചത്:'വളരെ സുന്ദരമായ മസ്ജിദാണ് പണിതിട്ടുള്ളത്. ഉള്ളിൽനിന്ന് വളരെ മനോഹരമായ കാഴ്ചയാണ്. ഇന്നത്തെ ചടങ്ങിൽ നടന്ന ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം തികച്ചും പ്രാധാന്യം അർഹിക്കുന്നതാണ്. വളരെ ശ്രദ്ധയോടെ ജനങ്ങൾ ഇത് ശ്രവിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.സമാധാനത്തോടുകൂടി ജീവിക്കുകയെന്നത് എത്രമാത്രം അനിവാര്യമായ കാര്യമാണെന്ന് മനസ്സിലാക്കേണ്ടതാണ്. ഖലീഫത്തുൽ മസീഹിന്റെ സന്ദേശം വളരെയധികം പ്രാധാന്യം അർഹിക്കുന്നതാണെന്നാണ് എന്റെ അഭിപ്രായം.'

'ഖലീഫയോടൊപ്പം ഇരുന്നപ്പോഴും അദ്ദേഹത്തിന്റെ വാക്കുകൾ ശ്രവിച്ചപ്പോഴും സന്മനസ്സിന്റെ ഉടമയാണ് അദ്ദേഹം എന്ന് എനിക്ക് തോന്നി. ജനങ്ങൾ അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് നൽകപ്പെട്ട സന്ദേശം വളരെ ശ്രദ്ധിച്ചുകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കുമെന്ന് എനിക്ക് പ്രതീക്ഷയുണ്ട്.'

'Nordic Africa News മായി ബന്ധമുള്ള ഒരു പത്രപ്രവർത്തകൻ Charles Masikway എന്ന അതിഥിയുടെ വാക്കുകൾ ഇതായിരുന്നു: 'ഒരു നീണ്ട കാലമായി എനിക്ക് അഹ്മദിയ്യാ ജമാഅത്തിനെ അറിയാം. അവരെ സംബന്ധിച്ചുള്ള വാർത്തകളും കൊടുക്കാറുണ്ട്. അഹ്മദിയ്യാ ജമാഅത്ത് വളരെ ശ്രേഷ്ഠമായ കാര്യമാണ് ചെയ്യുന്നതെന്ന് വളരെ ഉറപ്പോടെ എനിക്ക് പറയാൻ കഴിയും. അഹ്മദിയ്യാ ജമാഅത്തിന്റെ പരിപാടികളിൽ ഞാൻ അധികവും പങ്കെടുത്തുകൊണ്ടിരിക്കുന്നു. കാരണം അഹ്മദിയ്യാ ജമാഅത്തിൽ നിന്ന് വളരെ നല്ല വാർത്തകൾ മാത്രമേ കേൾക്കാൻ സാധിക്കൂയെന്നുള്ളത് എനിക്ക് നല്ലവണ്ണം അറിയാം. ഇന്നത്തെ പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം കേട്ടപ്പോൾ എനിക്ക് വളരെ നല്ലതായി തോന്നി. ഖലീഫയുടെ പ്രസംഗം വളരെ ബൗദ്ധികവും പൂർണമായും സന്തുലിതവുമായിരുന്നു. സമാധാനത്തെ കുറിച്ച് സംസാരിച്ച അദ്ദേഹം എങ്ങനെ സമൂഹത്തിന്റെ ഭാഗമായിത്തീരാം എന്ന് വിശദീകരിച്ചു. മുമ്പേ ഇവിടെത്തെ ലോക്കൽ ഇമാമിന്റെ ഇന്റർവ്യൂ നടത്തിയിരുന്നു. കൂടാതെ പല അഹ്മദി മുസ്‌ലീംകളുമായി സംസാരിച്ചിരുന്നു. ഇന്ന് ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണവും കേട്ടു. എല്ലാ രംഗങ്ങളിലും അഹ്മദിയ്യാ ജമാഅത്ത് ഒരേ സന്ദേശമാണ് നൽകുന്നത്. അതെന്നെ വിസ്മയപ്പെടുത്തുന്നു. അവരുടെ സന്ദേശങ്ങളിൽ ഒട്ടും വൈരുദ്ധ്യമില്ല. മസ്ജിദിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ തികച്ചും മനോഹരമായൊരു ബിൽഡിംഗാണിത്. ഇന്ന് രാവിലെ നിങ്ങളുടെ ജമാഅത്തിലെ ഒരു വ്യക്തിയുമായി ഞാൻ സംസാരിക്കുകയായിരുന്നു. ഈ മസ്ജിദിന്റെ എല്ലാ ചെലവും ജമാഅത്തിലെ ആളുകൾ സ്വന്തം പോക്കറ്റിൽ നിന്നാണ് എടുത്തത് എന്ന് അദ്ദേഹം പറയുകയുണ്ടായി. ഇക്കാര്യം എനിക്ക് വളരെ അത്ഭുതമുണ്ടാക്കിയ കാര്യമാണ്. കാരണം ഇതൊരു സാരമായ തുകയായിരുന്നില്ല. മുപ്പത് മില്ല്യൺ ക്രോണറിന്റെ കാര്യമാണ്. ഞാൻ സ്വയം ഒരു ക്രിസ്ത്യാനിയാണ്. ഞങ്ങൾക്ക് ഭരണകൂടത്തിന്റേയോ അല്ലെങ്കിൽ മറ്റേതെങ്കിലും സംഘടനകളിൽ നിന്നോ ഫണ്ടുകൾ കിട്ടാറുണ്ട്. എന്നാൽ, നിങ്ങൾ ഈ കാര്യങ്ങളെല്ലാം നിങ്ങൾ സ്വയം ചെയ്തു. ഇത് മഹത്തായ ഒരു വിജയമാണ്. ഞാനിതിൽ വളരെ ആകൃഷ്ടനാണ്.

ഖുർആനിലും ബൈബിളിലും ഇതേ കാര്യത്തെ കുറിച്ച് സ്മരണയുണ്ട് എന്ന കാര്യം കൂടി ഞാൻ പറയുന്നു. അതായത് ദൈവത്തിന്റെ ഭാഗത്തുനിന്ന് നിശ്ചയിക്കപ്പെടുന്ന വഴികാട്ടികൾ ആദരിക്കപ്പെടേണ്ടതാണ്. ദിനേന ടീവിയിൽ ഭീകരവാദത്തിന്റേയും അക്രമസംഭവങ്ങളുടേയും കാര്യങ്ങൾ ഞാൻ കാണാറുണ്ട്. എന്നാൽ, നിങ്ങൾ ഇവകളിൽനിന്ന് തികച്ചും വ്യത്യസ്തരാണ്. യുദ്ധത്തിന്റെ ജിഹാദിൽ നിങ്ങൾ വിശ്യസിക്കുന്നില്ല. പ്രതികാരം ചെയ്യുന്നതിൽ നിങ്ങൾ വിശ്വസിക്കുന്നില്ല. ഇതര മുസ്‌ലീംകളുമായി ഞാൻ സംസാരിക്കുമ്പോൾ അവർ പറയുന്നത് നിങ്ങൾ ഞങ്ങളെ ബുദ്ധി മുട്ടിച്ചാൽ ഞങ്ങൾ നിങ്ങളേയും ബുദ്ധിമുട്ടിക്കുമെന്നാണ്. എന്നാൽ, അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണംതന്നെ തികച്ചും വ്യത്യസ്തമാണ്. ഈയ്യിടെ ഞാനൊരു സൂപ്പർ മാർക്കറ്റിൽ പോകുകയായയരുന്നു. ഞാൻ മുസ്‌ലിമാണോയെന്ന് ഒരാൾ അവിടെ എന്നോട് ചോദിച്ചു. ഞാൻ മുസ്‌ലിമല്ലെന്നും ക്രിസ്ത്യാനിയാണെന്നും പറഞ്ഞപ്പോൾ അയാൾ എന്നോടു പറഞ്ഞു: 'നിങ്ങൾ ക്രിസ്ത്യാനിയാണെങ്കിൽ നരകത്തിൽ പൊയ്ക്കൊള്ളുക.' നിങ്ങൾ അഹ്മദികളിൽ കാണാത്ത കാര്യങ്ങളാണിതെല്ലാം. ഇതു തന്നെയാണ് അഹ്മദീ മുസ്‌ലീംകളും ഇതര മുസ്‌ലീംകളും തമ്മിലുള്ള വ്യത്യാസവും. (ബദർ പത്രം 7 ജൂലൈ 2016).

അതിനുശേഷം ഹുദൂർ ഇംഗ്ലീഷിൽ പ്രസംഗിച്ചു. പറഞ്ഞു: ആദരണീയരായ അതിഥികളേ, നിങ്ങളുടെമേൽ അത്യുന്നതനായ അല്ലാഹുവിന്റെ സമാധാനവും കാരുണ്യവും വർഷിക്കുമാറാകട്ടെ. ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ഈ പരിപാടിയിൽ പങ്കെടുത്തതിന് നിങ്ങൾക്കെല്ലാവർക്കും ആദ്യമായി ഞാൻ നന്ദി പറയുകയാണ്.

നമ്മൾ ദുർഘടമായ ഒരു കാലഘട്ടത്തിലൂടെയാണ് കടന്നു പോകുന്നത്. എന്റെ കാഴ്ചപ്പാടിൽ നമ്മുടെ മുമ്പിലുള്ള ഇക്കാലഘട്ടത്തിലെ ഏറ്റവും ഗൗരവതരമായ വിഷയം ലോക സമാധാനമാണ്. ഈ ദുർഘട സമയത്തെ സാഹചര്യങ്ങളെ നമുക്കെങ്ങനെ നേരിടാൻ സാധിക്കും? മനുഷ്യ സമൂഹമാസകലം ഒത്തുചേർന്നുകൊണ്ട് വർണവർഗ കുടുംബ ബന്ധങ്ങൾക്കതീതമായി ശാന്തി, സമാധാനം, ക്ഷമ, ഐക്യം പോലെയുള്ള അടിസ്ഥാന മാനുഷിക മൂല്യങ്ങൾ ഇപ്പോൾ ഉയർത്തിപ്പിടിക്കണമെന്നതാണ് എന്റെ അഭിപ്രായം. ഏതെങ്കിലും വ്യക്തിയുടെ വിശ്വാസമോ മതമോ കുടുംബമോ അടിസ്ഥാനമാക്കിക്കൊണ്ട് അയാളോട് വിവേചനം കാണിക്കുകയെന്നതിന് ലോകത്ത് ഇന്ന് ഒരു സ്ഥാനവുമില്ല. അതുകൊണ്ട്, ഭരണകൂടവും മതവും എല്ലാവിധ വിദ്വേഷങ്ങളിൽനിന്നും പരിശുദ്ധമാക്കേണ്ടതുണ്ട്. ഏതൊരു വ്യക്തിക്കും തന്റെ തൃപ്തിക്കനുസരിച്ചുള്ള വിശ്വാസങ്ങൾ കൈക്കൊള്ളാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണ്. കാരണം ഒരു വ്യക്തിയുടെ വിശ്വാസം അയാളുടെ സ്വന്തം താൽപര്യമാണ്. അയാളുടെ ഹൃദയവും തലച്ചോറുമായിട്ടാണ് അതിന്റെ ബന്ധം. തന്റെ മതപരമായ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കാൻ ഓരോ വ്യക്തിക്കും സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണ്.

ഞാൻ പറഞ്ഞതുപോലെ നമ്മളെല്ലാം ഒത്തുചേർന്നുകൊണ്ട് നമ്മുടെ മോഹമായ സത്യസന്ധതയും സുദീർഘകാല സമാധാന സംസ്ഥാപനവും സ്ഥാപിക്കാൻ ശ്രമിക്കേണ്ടതായി വരും. എന്നാൽ, ഖേദകരമെന്നു പറയട്ടെ, മുസ്‌ലിം രാജ്യങ്ങൾ ഇന്ന് ലോകത്ത് അസ്ഥിരതയുടേയും യുദ്ധങ്ങളുടേയും കലാപങ്ങളുടേയും കേന്ദ്രമായി മാറിയിരിക്കുന്നു. ഈ രാഷ്ട്രങ്ങളിലെ ഭരണകൂടങ്ങളും നേതൃത്വവും തങ്ങളുടെ മതാധ്യാപനങ്ങളെ തികച്ചും അവഗണിച്ചിക്കുന്നുവെന്നതാണ് അതിനു കാരണം. എന്നാൽ, പാശ്ചാത്യരും തങ്ങൾ അപകടത്തിൽനിന്ന് സുരക്ഷിതരാണെന്ന് മനസ്സിലാക്കരുത്. ലോകമിന്ന് ചുരുങ്ങിച്ചുരുങ്ങി ഒരു ഗ്ലോബൽ വില്ലേജായിക്കഴിഞ്ഞിട്ടുണ്ട്. ലോകത്തിന്റെ ഒരു ഭാഗത്ത് നിലനിൽക്കുന്ന കുഴപ്പങ്ങളുടെ പ്രതികരണം കേവലം അവിടെത്തന്നെ ഒതുങ്ങി നില്ക്കണമെന്നില്ല. മുസ്‌ലിം ലോകത്ത് നടമാടുന്ന അസ്ഥിരത ദിനേന ബാക്കി ലോകത്തേക്കും വ്യാപിച്ചു വരുന്നതായി നമ്മൾ കാണുന്നു. യഥാർഥത്തിൽ ഇവിടെ സ്വീഡനിലും അതിന്റെ നേരിട്ടുള്ള സ്വാധീനം നമുക്ക് കാണാൻ കഴിയുന്നു.

ദീർഘമായ യാത്ര ചെയ്യുകയെന്നത് ഇപ്പോൾ വളരെ എളുപ്പമാണ്. കഴിഞ്ഞ വർഷം കോടികളല്ലെങ്കിലും ലക്ഷങ്ങൾ യുദ്ധ ബാധിത രാജ്യങ്ങളായ സിറിയ ഇറാഖ് പ്രദേശങ്ങളിൽ നിന്ന് ഓടിപ്പോകുകയും നല്ല ഭാവിക്ക് വേണ്ടിയുള്ള അന്വേഷണത്തിൽ പാശ്ചാത്യൻരാഷ്ട്രങ്ങളിൽ എത്തുകയുമുണ്ടായി. സ്വീഡിഷ് ഭരണകൂടത്തിന്റേയും ജനങ്ങളുടേയും വിശാലമനസ്കത കാരണത്താൽ രാജ്യത്തിന്റെ ജനസംഖ്യയെക്കാൾ കൂടുതൽ അഭയാർഥികളെ അവർ സ്വീകരിക്കുകയും ചെയ്തു. ഇത്രയും വലിയ അഭയാർഥി സമൂഹത്തെ സ്വീകരിച്ചത് ബാഹ്യദൃഷ്ട്യാ നോക്കുമ്പോൾ വളരെ ബുദ്ധിപരമാണ്. സ്വീഡൻ കരുണയുള്ളവരും വിശാലമനസ്കരുമായ ആളുകളെക്കൊണ്ട് നിറഞ്ഞിരിക്കുന്നുവെന്ന് അത് സ്ഥാപിക്കുന്നു. നിങ്ങളുടെ ഈ വിശാലമനസ്കത പലായനം ചെയ്തു വന്നവരുടെമേലും അഭയാർഥികളുടെമേലും വളരെ വലിയ ഉത്തരവാദിത്വം ഇടുന്നുണ്ട്. ഇവിടെ തികച്ചും സമാധാന സമ്പൂർണരായ പൗരന്മാർ എന്ന നിലയിൽ ജീവിക്കണമെന്ന് അത് അവരോട് ആവശ്യപ്പെടുന്നു. ഇവിടെത്തെ ഭരണകൂടത്തോടും ജനങ്ങളോടും നന്ദിയുള്ള പൗരന്മാരായി ജീവിക്കുക.

തന്റെ സഹചരരോട് നന്ദി കാണിക്കാത്തവർ അല്ലാഹുവിനോടു നന്ദിയുള്ളവരാണെന്ന് പറയപ്പെടുക സാധ്യമല്ലെന്ന് ഹദ്റത്ത് മുഹമ്മദ് നബി(സ) നമ്മെ പഠിപ്പിച്ചിരിക്കുന്നു.

അതുകൊണ്ട് ഈ രാഷ്ട്രം അവർക്ക് ഇവിടെ താമസിക്കാനും ഇവിടെനിന്ന് ഫലമെടുക്കാനും അനുവാദം നൽകി, അവരോടു ചെയ്തിട്ടുള്ള ഔദാര്യത്തെ എന്നും ഓർക്കുക എന്നത് അഭയാർഥികളായ മുസ്‌ലീംകളുടെ ഉത്തരവാദിത്വമാണ്. ഈ അഭയാർഥികൾ അവരുടെ മുൻ ജീവിതം ഉപേക്ഷിച്ച് സമാധാനം തേടിയാണ് പുറത്തു വന്നിട്ടുള്ളത്. ഇപ്പോൾ അവർക്ക് സമാധാനവും സുരക്ഷിതത്വവും ലഭിച്ചിരിക്കുമ്പോൾ ഈ രാജ്യത്ത് സമ്പൂർണ സമാധാനത്തോടെ ജീവിക്കുകയും ഈ രാജ്യത്തിന്റെ നിയമങ്ങൾ പാലിക്കുകയും ചെയ്യേണ്ടത് അവർക്ക് നിർബന്ധമാണ്. ഈ സമൂഹത്തിന്റെ ഭാഗമായിക്കൊണ്ട് അവർ പ്രവൃത്തിക്കണം. സ്വന്തം രാജ്യത്തോടുള്ള സ്നേഹം ഒരു മുസ്‌ലിമിന്റെ വിശ്വാസത്തിന്റെ ഭാഗമാണെന്നുള്ള അധ്യാപനമാണ് ഇസ്‌ലാമിന്റെ നബി മുഹമ്മദ്(സ) നൽകിയിട്ടുള്ളതെന്ന് അവർ ഓർക്കേണ്ടതാണ്. ഏതു രാജ്യമാണോ ഈ അഭയാർഥികളെ സ്വീകരിച്ചത് ആ രാജ്യത്തോട് എന്നും കൂറോടുകൂടി ജീവിക്കേണ്ടതാണ്. തന്റെ എല്ലാ കഴിവുകളും കർമമാർഗത്തിൽ കൊണ്ടുവന്ന് ഈ രാജ്യത്തിന്റെ പുരോഗതിക്കും വിജയത്തിനുമായി സഹായിക്കേണ്ടതാണ്.

ഹുദൂർ തുടരുന്നു: കൂടാതെ അവരെ കേവലം അഭയാർഥികളായി പുനരധിവസിപ്പിക്കുന്നതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാതിരിക്കുക എന്നത് ഭരണകൂടത്തിന്റേയും ഉത്തരവാദിത്വമാണ്. തൽഫലമായി അവരുടെ നിലവിലുള്ള പൗരന്മാരുടെ അവകാശങ്ങൾ അവഗണിക്കപ്പെടും. അഭയാർഥികൾക്ക് അവരുടെമേൽ കൂടുതൽ മേൽക്കൈവന്നിരിക്കുന്നു എന്ന പരാതി മുമ്പേതന്നെ പ്രാദേശിക പൗരന്മാർ മീഡിയ മുഖേന നൽകിയിട്ടുള്ളത് നിലവിലുണ്ട്. ഒരു റിപ്പോർട്ടനുസരിച്ച് പ്രായാധിക്യം ചെന്ന ഒരു തദ്ദേശസ്ത്രീക്ക് യുക്തമായ ചികിത്സ കിട്ടിയില്ല. ആശുപത്രിയിൽ ഉള്ളപ്പോൾ ഭക്ഷണവും അവർക്ക് വേണ്ടുംവിധം നൽകപ്പെട്ടിരുന്നില്ല. മറു ഭാഗത്ത് അയാർഥികളെ നല്ല നിലയിൽ ശ്രദ്ധിക്കുകയും ചെയ്തു. ഈ റിപ്പോർട്ട് എത്രമാത്രം ശരിയാണെന്ന് അല്ലാഹുവിനേ അറിയുകയുള്ളൂ. എന്നാൽ, ഈ റിപ്പോർട്ടിൽ എന്തെങ്കിലും സത്യമുണ്ടെങ്കിൽ പിന്നെ ഇക്കാര്യം വളരെ അസ്വസ്ഥതയുണ്ടാക്കുന്നതും അപകടകരവുമാണ്. ഭാവിയിലും അഭയാർഥികൾക്ക് ഇത്തരത്തിലുള്ള പ്രാധാന്യം നൽകപ്പെടുകയാണെങ്കിൽ ഇതിന്റെ അപകടകരമായ ഫലങ്ങൾ മുമ്പിൽ വരുവാൻ സാധ്യതയുണ്ട്. ഇത്തരത്തിലുള്ള അനീതി സ്വാഭാവികമായും തദ്ദേശവാസികളിൽ അസന്തുഷ്ടിയുടേയും നൈരാശ്യത്തിന്റേയും വികാരങ്ങൾ ഉടലെടുക്കാൻ കാരണമാകും. ഇത് അഭയാർഥികൾക്കെതിരിൽ എളുപ്പത്തിൽ വെറുപ്പായി മാറാനും സാധ്യതയുണ്ട്. സ്വീഡിഷ് ജനത തങ്ങളുടെ തുറന്ന മനഃസ്ഥിതി കാരണത്താൽ നീണ്ട കാലമായി മറ്റുള്ളവരിൽനിന്ന് വ്യത്യസ്തരാണ്. എന്നാൽ, അവർക്ക് പ്രത്യേക രീതിയിലുള്ള പരിഗണന കൊടുക്കുന്നത് അവരോടുള്ള ജനങ്ങളുടെ സമീപനത്തിൽ പൊടുന്നനെ മാറ്റങ്ങൾ വരുത്താനും സാധ്യതയുണ്ട്. ഇതു കാരണത്താൽ സമൂഹത്തിന്റെ സമാധാനാന്തരീക്ഷത്തിന് ഭീഷണി ആകുകയും ചെയ്യാം. പിന്നീട് ഈ മാറ്റം പലായനത്തിന്റേയും ഐക്യത്തിന്റേയും നല്ല സ്വാധീനങ്ങളിൽനിന്ന് ഫലമെടുക്കാൻ സഹായിക്കുന്നതിനു പകരം വിദ്വേഷവും സംഘർഷവും വർധിപ്പിക്കുന്നതിലേക്ക് എത്തിക്കാനും ഇടയുണ്ട്.

ഹുദൂർ തുടരുന്നു: അതുകൊണ്ട് ഭരണകൂടത്തിനും പദ്ധതി തയ്യാറാക്കുന്ന വിദഗ്ദർക്കും ഞാൻ നൽകാനാഗ്രഹിക്കുന്ന നിർദേശം തദ്ദേശവാസികളുടെ അവകാശങ്ങൾ ഒരു വിധത്തിലും അവഗണിക്കപ്പെടുന്നില്ലെന്നും അവരുടെമേൽ ഒരു വിധത്തിലുമുള്ള ദുസ്വാധീനവും ഉണ്ടാകുന്നില്ലെന്നും ഉറപ്പു വരുത്തേണ്ടതാണ്. ഇതൊരു വൈകാരിക പ്രശ്നമാണ്. ഇത് വളരെ തന്മയത്വത്തോടും സൂക്ഷ്മതയോടും കാണേണ്ടതാണ്. കാരണം തദ്ദേശവാസികളുടെ ഉള്ളിൽ അഭയാർഥികളോട് അസന്തുഷ്ടി തുടങ്ങിക്കഴിഞ്ഞാൽ അത് അപകടകരമായ പ്രതികരണത്തിന്റെ ദുരവസ്ഥക്ക് തുടക്കമിടാം. അവർ എതിരിൽ വരുന്ന കാരണത്താൽ സമൂഹത്തിൽ അഭയാർഥികൾ ഒറ്റപ്പെടുത്തപ്പെടാം. ഈ ഒറ്റപ്പെടൽ വൈകാരികത കാരണത്താൽ ചില തീവ്രവാദ വിഭാഗത്തിന്റെ കൈകളിൽപ്പെട്ട് അതിന്റെ ഇരകളായിത്തീരും. സാത്താനികമായ ഒരു കലഹം ഇപ്രകാരം ആരംഭം കുറിക്കുകയും ഇത് ഈ ജനതയുടെ സമാധാനവും സ്വസ്ഥതയും കെടുത്തുകയും ചെയ്തേക്കാം.

ഇത്തരത്തിലുള്ള തീവ്രത ഇഷ്ടപ്പെടുന്ന ഏതാനും ചില വ്യക്തികളെ സൃഷ്ടിക്കുന്നതിൽ പോലും അവർ വിജയിക്കുകയാണെങ്കിൽ(ദൈവം അങ്ങനെ വരുത്താതിരിക്കട്ടെ) ഈ സമൂഹത്തിന്റെ സംതൃപ്ത ജീവിതത്തിനും സുരക്ഷിതത്വത്തിനും സമാധാനത്തിനും വളരെ വലിയ അപകടമായിരിക്കും അത് സൃഷ്ടിക്കുക. അതുകൊണ്ട് ഒരു സന്തുലിതാവസ്ഥ നിലനിറുത്തണമെന്ന് ഞാൻ പറഞ്ഞതുപോലെ സീമാതീതമായ രൂപത്തിൽ സൂക്ഷ്മതയോടെ തീവ്രവാദത്തെ കാണേണ്ടതുണ്ട്. ഈ അഭയാർഥികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ശ്രമം ഭരണകൂടം നടത്തുന്നതിനോടൊപ്പം അവരുടെമേൽ വ്യക്തമാക്കപ്പെടേണ്ട ഒരു കാര്യം ഈ അഭയാർഥികളെ സ്വന്തം കാലിൽ എത്രയും പെട്ടെന്ന് നിലനിറുത്താനുള്ള ശ്രമം ഉണ്ടാകുമെന്നും പ്രതീക്ഷിക്കപ്പെടുന്നുണ്ട്. ഈ സമൂഹത്തിന്റെ വിജയത്തിനു വേണ്ടി ഇവരുടെ പങ്കും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. മറു ഭാഗത്ത് തദ്ദേശവാസികൾ ഓർക്കേണ്ട കാര്യം മനുഷ്യത്വത്തിനോടുള്ള സേവനം സ്വഭാവപരമായ കടമയാണെന്ന് മനസ്സിലാക്കിക്കൊണ്ടാണ് സ്വീഡൻ ഈ അഭയാർഥികളെ സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് സേവനമനസ്കതയോടും സ്നേഹവികാരത്തോടും ഈ വന്നവരെ അവർ സ്വീകരിക്കേണ്ടതുണ്ട്. ഞാൻ വീണ്ടും പറയാനാഗ്രഹിക്കുന്നത് നിങ്ങൾ ഈ അഭയാർഥികളെ ഈ സമൂഹവുമായി ഐക്യപ്പെടുത്തുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടത് വളരെ അനിവാര്യമാണ്. അല്ലാത്ത പക്ഷം സാഹചര്യങ്ങൾ നിങ്ങളുടെ നിയന്ത്രണത്തിൽനിന്ന് കൈവിട്ടു പോകുന്നതാണ്.

ഹുദൂർ തുടരുന്നു: ഇസ്‌ലാമിക അധ്യാപനങ്ങളെ സംബന്ധിച്ചടത്തോളം ഞാൻ ഒരിക്കൽകൂടി ഉറ

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**നമ്മൾ അഹ്മദികൾത്തന്നെയാണ് ലോകത്തിന് ഇസ്‌ലാമിന്റെ മനോഹര അധ്യാപനം പറഞ്ഞു കൊടുക്കേണ്ടത്. അതിന് ഏറ്റവും പ്രധാനപ്പെട്ടകാര്യം അല്ലാഹുവുമായുള്ള ബന്ധം ഉണ്ടാക്കലാണ്.”**
**(ജുമുഅ ഖുത്ബ 3-2-2017)**

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**“ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക.”**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

പ്പിച്ചു പറയാനാഗ്രഹിക്കുന്നത് ഇസ്‌ലാം എല്ലാവർക്കും സമാധാനവും ശാന്തിയും സ്നേഹവും നൽകുന്ന മതമാണ്. സ്വന്തം നാടിനെ സ്നേഹിക്കാനും കൂറു പുലർത്താനും നിയമങ്ങൾ പാലിക്കാനുമാണ് ഇസ്‌ലാം മുസ്‌ലിമീംകളോട് നിർദേശിക്കുന്നത്. ഇവിടുത്തെ മുസ്‌ലിം ഇമാമുമാർ എല്ലാ അഭയാർഥികൾക്കും ഇതേ സന്ദേശമാണ് നൽകേണ്ടത്. ഈ രാജ്യത്തിനോടും ജനതയോടും നന്ദി കാണിക്കേണ്ടത് അവരുടെ നിർബന്ധ കടമയാണെന്നും പറഞ്ഞു കൊടുക്കേണ്ടതാണ്. തങ്ങൾക്ക് ഒരു പുതിയ ജീവിതം ലഭിച്ചുവെന്നും ഒരു തരത്തിലുമുള്ള യുദ്ധവും കുഴപ്പവും ഇല്ലാത്ത നാട്ടിൽ തങ്ങളുടെ മക്കളെ പരിപാലിക്കാൻ അവസരം കിട്ടിയിരിക്കുന്നുവെന്നും അവരെ ഓർമപ്പെടുത്തുക. അതുകൊണ്ട് ഈ പുതിയ വീടിന്റെ വിലയെ മനസ്സിലാക്കേണ്ടതും അത് ഓർമ വെക്കേണ്ടതും അവർക്ക് നിർബന്ധമാണ്.

ഹുദൂർ തുടരുന്നു: ഇസ്‌ലാമിന്റെ യഥാർഥ ചിത്രം കാണാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നമ്മൾ മുഹമ്മദ് നബിയുടേയും അദ്ദേഹത്തിന്റെ സച്ചരിതരായ ഖലീഫമാരുടേയും കാലഘട്ടത്തിലേക്ക് നോക്കേണ്ടതാണ്. അവർ സ്ഥാപിച്ചിട്ടുള്ള മാതൃകകൾ സ്ഥാപിച്ചു കാണിക്കുന്നത് ഇസ്‌ലാം സമാധാനത്തിനും നീതിക്കും വേണ്ടിയുള്ള ഒരു പ്രകാശമാണെന്നാണ്. ഇത് ആഗോള മത സ്വാതന്ത്ര്യത്തിനും ബഹുസ്വരതക്കും ജാമ്യം നൽകുന്നു. ഉദാഹരണമായി രണ്ടാം ഖലീഫ ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തിൽ ഇസ്‌ലാം സിറിയ വരെ വ്യാപിച്ചിരുന്നു.അവിടെ ഒരു മുസ്‌ലിംഭരണകൂടം സ്ഥാപിതമായി. എന്നാൽ, റോമൻ ആക്രമണത്തിന്റെ ഫലമായി മുസ്‌ലിമീംകൾ ആ രാജ്യം ഉപേക്ഷിച്ചു പോകാൻ നിർബന്ധിതരായി. മുസ്‌ലിമീംകൾ അവിടെ നിന്ന് പുറപ്പെട്ടപ്പോൾ അവിടുത്തെ ക്രൈസ്തവ പൗരൻമാരുടെ കണ്ണുകളിൽനിന്ന് കണ്ണീർ ഒഴുകിയ വസ്തുതക്ക് ചരിത്രം സാക്ഷിയാണ്.മുസ്‌ലിമീംകൾ എത്രയും പെട്ടെന്ന് തിരിച്ചു വരാൻ അവർ ദുആ ചെയ്യുന്നുണ്ടായിരുന്നു. കാരണം മുസ്‌ലിം ഭരണകൂടം എന്നും എങ്ങനെ അവരുടെ അവകാശങ്ങൾ സംരക്ഷിച്ചു എന്ന് അവർ കണ്ടിരുന്നു. വളരെ ദുഖവും വ്യസനവും ഉണ്ടാക്കുന്ന കാര്യമാണ് ഇക്കാലഘട്ടത്തിൽ മുസ്‌ലിം ഭരണകൂടങ്ങളും നേതാക്കളും ഇസ്‌ലാമിന്റെ അടിസ്ഥാന അധ്യാപനങ്ങളെ മറന്നു കളഞ്ഞു എന്നത്. അവർക്ക് കേവലം അവരുടെ ശക്തിയും സ്വന്തം താൽപര്യങ്ങളും കസേരുടെ ചിന്തയുമാണ് ബാധിച്ചിട്ടുള്ളത്. അവരുടെ അതിക്രമങ്ങളും അനീതികളും കാരണത്താൽ തദ്ദേശവാസികളിൽ നൈരാശ്യവും അസ്വസ്ഥതയും വർധിച്ചുകൊണ്ടിരിക്കുന്നു. അതുകാരണത്താൽ ഭീകരവാദി ഗ്രൂപ്പുകൾ പൂർണമായും ഈ സാഹചര്യത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ഹുദൂർ തുടരുന്നു:ഈ സാഹചര്യത്തിൽ വൻശക്തികളുടേയും ആഗോള സ്ഥാപനങ്ങളുടേയും ഉത്തരവാദിത്വമാണ് സമയാസമയങ്ങളിൽ നീതിപൂർവ്വം പെരുമാറുകയെന്നുള്ളത്. തർക്കങ്ങൾ ഉടലെടുക്കുന്ന സ്ഥലങ്ങളിൽ ഐക്യരാഷ്ട്ര സംഘടനയെ പോലുള്ള സ്ഥാപനങ്ങൾ പക്ഷപാതം കൂടാതെ സമത്വം കാണിക്കേണ്ടതാണ്. സമാധാന സ്ഥാപനവും എല്ലാ വിഭാഗങ്ങളുടേയും ഇടയിൽ സമഭാവന സൃഷ്ടിക്കലുമായിരിക്കണം അവരുടെ ലക്ഷ്യം. രാജ്യങ്ങളും ചില വിഭാഗങ്ങളും കഴിഞ്ഞ കാലങ്ങളിൽ നീതിപൂർവ്വം പെരുമാറിയിരുന്നുവെങ്കിൽ ഇന്ന് നാം കാണുന്ന അനിശ്ചിതത്വം ഉണ്ടാകുമായിരുന്നില്ല എന്നതാണ് യാഥാർഥ്യം.അഭയാർഥി പ്രശ്നവും ഇന്ന് നമ്മുടെ മുമ്പിൽ വരില്ലായിരുന്നു.

ഹുദൂർ തുടരുന്നു: വിശുദ്ധ ഖുർആനിൽ മുഅ്മിനൂൻ എന്ന 9–ാം അധ്യായത്തിൽ ഒരു സുപ്രധാന ഇസ്‌ലാമിക അടിസ്ഥാന കാര്യം വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അതിപ്രകാരമാണ്:യഥാർഥ മുസ്‌ലിം തന്നിൽ അർപിതമായ വിശ്വസ്ഥ കാര്യങ്ങളേയും കരാറുകളേയും ശ്രദ്ധിക്കുന്നവനാണ്. അതായത് ഏത് ഉത്തരവാദിത്വമാണോ ഏൽപ്പിക്കപ്പെട്ടിരിക്കുന്നത് അത് നിർവ്വഹിക്കാൻ ശ്രമിക്കുന്നതാണ്. എന്റെ അഭിപ്രായത്തിൽ ഈ അടിസ്ഥാന കാര്യം മുസ്‌ലിമീംകൾക്കുവേണ്ടി മാത്രമുള്ളതല്ല. മറിച്ച് എല്ലാ രാജ്യങ്ങൾക്കും സമൂഹങ്ങൾക്കും വേണ്ടിയുള്ള ആഗോള അടിസ്ഥാന നിർദേശങ്ങളാണിത്. എല്ലാ ഭരണകൂടങ്ങളുടേയും ആഗോള സ്ഥാപനങ്ങളുടേയും കൈകളിൽ ഈ ഉത്തരവാദിത്വ നിർവ്വഹണം അർപിതമാണ്. അവരുടെ തലവൻമാരുടെ കടമയാണ് വിശ്വസ്ഥതയോടും നീതിയെ നിലനിറുത്തിക്കൊണ്ടും തങ്ങളിൽ അർപിതമായ ഈ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുക എന്നത്. ഭരണകൂടങ്ങളുടേയും രാഷ്ട്രീയക്കാരുടേയും ഉത്തരവാദിത്വമാണ് പൊതു ജനങ്ങളെ സേവിക്കുക എന്നത്. സമൂഹത്തിന്റെ ഭാവിയെ സുരക്ഷിതമാക്കുകയെന്നുള്ളത്. ഈ ഉത്തരവാദിത്വം നിസാരമാണെന്ന് മനസ്സിലാക്കരുത്. ഐക്യരാഷ്ട്ര സംഘടനയുടെ പ്രഖ്യാപിത നയത്തിൽ ഈ സംഘടനയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. വരാനിരിക്കുന്ന തലമുറകളെ യുദ്ധത്തിന്റെ കെടുതികളിൽ നിന്ന് രക്ഷപ്പെടുത്തുമെന്നും പരസ്പരം സമാധാനത്തോടെ ജീവിക്കാനും ആഗോള സമാധാനം നിലനിർത്തുവാനും ശ്രമിക്കുമെന്നും അതിലുണ്ട്. ഐക്യരാഷ്ട്ര സഭയുടെ ചാർട്ടർ വ്യക്തമായി പറയുന്നത് രണ്ട് ലോകമഹായുദ്ധങ്ങൾ ഇരുപതാം നൂറ്റാണ്ടിൽ സംഭവിക്കാൻ കാരണമായ തെറ്റുകളിൽ നിന്ന് മനുഷ്യ കുലത്തെ സുരക്ഷിതമാക്കിവെക്കുക എന്നത് ഈ സംഘടനയുടെ ലക്ഷ്യമായിരിക്കുമെന്നാണ്. ഈ ഉത്തരവാദിത്വം മുമ്പിൽ വെച്ചുകൊണ്ട് ഐക്യരാഷ്ട്ര സഭ അതിന്റെ ഉന്നത ലക്ഷ്യങ്ങൾ പൂർത്തിയാക്കാൻ ശ്രമിക്കുക. ലോകസമാധാനത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ഇക്കാലഘട്ടത്തിലെ സുപ്രധാന പ്രശ്നമാണ് ഇതെന്ന് മനസ്സിലാക്കുക. എന്നാൽ, വ്യസനകരമെന്ന് പറയട്ടെ, ഈ ഉത്തരവാദിത്വം അവഗണിക്കപ്പെടുകയാണ്.

ഹുദൂർ തുടരുന്നു: ഞാൻ വീണ്ടും പറയുന്നു, എല്ലാ വിഭാഗവും അവരുടെ ഉത്തരവാദിത്വം മനസ്സിലാക്കുയാണെങ്കിൽ നീതിപൂർവ്വം പ്രവർത്തിച്ചുകൊണ്ട് പരസ്പരമുള്ള അവകാശങ്ങൾ നിർവ്വഹിക്കുകയാണെങ്കിൽ നമ്മുടെ ശിരസ്സുകൾക്കുമേൽ തങ്ങിനിൽക്കുന്ന യുദ്ധങ്ങളുടെ കറുത്ത മേഖം ഈ വൈകിയ സമയത്തും നീങ്ങിപ്പോകുന്നതാണ്.

ഹുദൂർ തുടരുന്നു: ഞാൻ ഒരു പ്രാവശ്യം കൂടി വൻശക്തികളോടു പറയുന്നു, ഒരേ മനസ്സോടും ആത്മാർഥതയോടും അവർ ലോകസമാധാനത്തിനു വേണ്ടി പൂർണശ്രമം നടത്തേണ്ടതുണ്ട്.ലോകർക്ക് അല്ലാഹു യുക്തിജ്ഞാനം പ്രദാനംചെയ്യുമാറാകട്ടെ. മാനവരാശിയുടെ വിശാല താൽപര്യങ്ങൾക്കുവേണ്ടി സ്വന്തം താൽപര്യങ്ങളെ മാറ്റിവെക്കാൻ സാഹചര്യം ഒരുക്കുമാറാകട്ടെ. ഇപ്രകാരം ചെയ്യുന്നതിൽ നമ്മൾ പരാജയപ്പെട്ടാൽ ഞാൻ മുമ്പേയും പല അവസരങ്ങളിലും പറഞ്ഞു വന്നതുപോലെ ലോകം മൂന്നാം ലോക മഹായുദ്ധത്തിലേക്ക് അതിവേഗം നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ദുസ്വാധീനം വരാനിരിക്കുന്ന പല തലമുറകൾവരെ ചലിച്ചു കൊണ്ടിരിക്കും. കാരണം,വളരെയധികം ജനതകളുടെ കൈകളിൽ ന്യൂക്ലിയർ ആയുധങ്ങളുണ്ട്. **(തുടരും)**

---

**(പേജ് 7ൽനിന്ന്)**

ആ തബ്‌ലീഗിന്റെ ഫലമായി അവരുടെ ഒരു സഹോദരൻ അബ്ദുൽ ഹമീദ് സാഹിബിന് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടി. അവരുടെ മക്കളും ദൈവകൃപയാൽ ജമാഅത്തിന്റെ സേവകരാണ്. ഇവർ ശോർകോട്ടിലുണ്ടായിരുന്നപ്പോൾ 53 ലേയും 74 ലേയും അവസ്ഥകൾ ജമാഅത്തിന് വലിയ പരീക്ഷണമായിരുന്നു. അവർ ഈ സമയം വലിയ തന്റേടത്തോടും ധൈര്യത്തോടുംകൂടി കഴിച്ചുകൂട്ടുകയും ഒരുതരത്തിലുള്ള ഭയവും അടുത്തുവരാൻ അനുവദിക്കാതിരിക്കുകയും ചെയ്തു. ഇദ്ദേഹം എഴുതുന്നു: 74–ലെ കലാപങ്ങളുടെ ഇടയ്ക്ക് ഒരു ദിവസം ഗ്രാമത്തലവന്റെ ഭാര്യ ഞങ്ങളുടെ വീട്ടിൽ വന്നു. അഹ്മദികളുടെ വീടുകൾ ആക്രമിക്കാൻ ജാഥ വന്നുകൊണ്ടിരിക്കുന്നുവെന്നുള്ള ഗ്രാമത്തലവന്റെ സന്ദേശം നല്കി; അതുകൊണ്ട് പുരുഷന്മാർ വയലുകളിൽ ഒളിക്കാനും സ്ത്രീകൾ തങ്ങളുടെ വീട്ടിൽ വരാനും പറഞ്ഞു. എന്നാൽ, ഞങ്ങളുടെ ഉമ്മ പറഞ്ഞു: 'ജീവിച്ചാലും മരിച്ചാലും വേണ്ടില്ല, ഞങ്ങൾ ഞങ്ങളുടെ വീട്ടിൽത്തന്നെ കഴിയുന്നതാണ്.' അക്കാലത്ത് ഒരു ദിവസം അവരുടെ വീട്ടിൽ ജാഥ വന്നു. അപ്പോൾ വീട്ടിൽ പുരുഷന്മാർ ആരുമുണ്ടായിരുന്നില്ല. സഹോദരിമാരും ഉമ്മയും മാത്രമാണുണ്ടായിരുന്നത്. ജാഥ വെളിയിലായിരുന്നു; ഉമ്മ വീടിന്റെ മുറ്റത്ത് ഒരു മഴുവുമെടുത്ത് ഉലാത്തിക്കൊണ്ടിരുന്നു. അവരുടെ വീട് ആക്രമിക്കാൻ ആരോ വിളിച്ചുപറഞ്ഞു. അപ്പോൾ ഉമ്മ ഉള്ളിൽനിന്ന് പറഞ്ഞു: 'ആരെങ്കിലും മതിൽചാടി അകത്തു കടക്കാൻ മുതിർന്നാൽ ഞാൻ നിങ്ങളുടെ തല നിങ്ങളുടെ ഉടലിൽനിന്നും വേർപെടുത്തു; ഹദ്റത്ത് സ്വഫിയ തലയെടുത്ത് വലിച്ചെറിഞ്ഞതുപോലെ ഞാൻ ചെയ്യുന്നതായിരിക്കും.' ഈ ധൈര്യം കണ്ട് എതിരാളികൾ അവിടെനിന്നു മടങ്ങിപ്പോയി. 71–ൽ അവരുടെ മകൻ യുദ്ധത്തടവുകാരനായി. പട്ടാളത്തിലോ സർക്കാർ ഉദ്യോഗത്തിലോ ആയിരുന്നു. മൂന്നുവർഷം യുദ്ധത്തടവുകാരനായി കിടന്നു. വളരെ ക്ഷമയോടെ അവർ അക്കാലം കഴിച്ചുകൂട്ടി. മകൻ തിരിച്ചുവന്നുടനെ ആ മകനെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ സന്നിധിയിൽ സമർപിച്ചു. ഞങ്ങളുടെ ഉമ്മായ്ക്ക് നബി(സ)തിരുമേനിയോടു അതിരറ്റ സ്നേഹമായിരുന്നു. എപ്പോഴും വീട്ടിൽ ചർച്ച നടക്കുമായിരുന്നു. നബി(സ)തിരുമേനിയുടെ സംഭവങ്ങൾ കേൾപിക്കുക എന്നു പറയുമായിരുന്നു. അവസാന നേരത്തും നബി(സ)തിരുമേനിയെ കുറിച്ചും മസീഹ് മൗഊദ്(അ)നെക്കുറിച്ചുമാണ് പറഞ്ഞിരുന്നത്; അവർ വരുന്നുവെന്ന്. അല്ലാഹു അവരുടെ ദർജകൾ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്തോടുപെരുമാറട്ടെ. അവരുടെ മക്കൾക്കും തലമുറകൾക്കും അവരുടെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

---

**അല്ലാഹുവിന്റെ കലാം**

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസ്വീർ(2:108)***

**"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"**

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

**കലാമുൽ ഇമാം:–**

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

# ഇൻ്റർനെറ്റിന്റെ ദുരുപയോഗവും സോഷ്യൽമീഡിയായുടെ അതിപ്രസരവും - 2

റഹീമ ഗഫൂർ പഴയങ്ങാടി

(കഴിഞ്ഞലക്കം തുടർച്ച...)അതല്ലെങ്കിൽ കുട്ടികളിൽ ഗ്രന്ഥപാരായണശീലം വളർത്താൻ ശ്രമിക്കുക. ഈ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം പ്രയോജനം ചെയ്യുന്നവയാണെന്നതിൽ സംശമില്ല. പക്ഷേ, ചില സന്ദർഭങ്ങളിൽ ഗുണത്തെക്കാളേറെ ദോഷം ചെയ്യുന്നവയായി അവ മാറിക്കൊണ്ടിരിക്കുന്നുവെന്നതാണ് വസ്തുത. അതിനാൽ മുതിർന്നവരും കുട്ടികളുമെല്ലാം അവയുടെ അനാവശ്യ ഉപയോഗത്തിൽനിന്ന് പിന്തിരിയേണ്ടതാണ്.

### മാതാപിതാക്കളുടെ ശ്രദ്ധയ്ക്ക്:

മൊബൈൽ ഫോൺ വേണമെന്ന് വാശിപിടിക്കുന്ന കുട്ടികളുണ്ട്. തങ്ങളുടെ മക്കൾക്ക് മൊബൈലിന്റെ ആവശ്യമുണ്ടോയെന്ന് തിരിച്ചറിഞ്ഞതിനുശേഷമായിരിക്കണം അവർക്ക് അത് ലഭ്യമാക്കേണ്ടത്.

മക്കളുടെ ഉറ്റസുഹൃത്തുക്കളേയും അവരുടെ കുടുംബാംഗങ്ങളേയും അടുത്തറിയേണ്ടത് അനിവാര്യമാണ്. ചീത്തകൂട്ടുകെട്ടിലേക്ക് നയിക്കുന്ന ഘടകങ്ങൾ തിരിച്ചറിയേണ്ടതാണ്. മൊബൈലിന്റെ ഉപയോഗത്തിന് സമയപരിധി നിശ്ചയിക്കുകയും വേണം.

കുട്ടികൾ കളിക്കുന്ന ഗെയിമുകൾ ഏതെന്നും അതിന്റെ ഉപയോഗമെന്തെന്നും മാതാപിതാക്കൾ തിരിച്ചറിയണം. ഇൻ്റർനെറ്റിലൂടെയുള്ള ലൈംഗിക അതിപ്രസരം വർധിക്കുന്ന കാലമാണിത്. അതുകൊണ്ടുതന്നെ മക്കളുടെ ഇൻ്റർനെറ്റ് ഉപയോഗം ശ്രദ്ധിക്കുക.

ചെറുതായി ഒന്ന് അടക്കിനിറുത്താൻ വേണ്ടി കുഞ്ഞുങ്ങളുടെ കൈയിലേക്ക് മൊബൈൽ ഫോൺ കൊടുക്കുമ്പോൾ, നിങ്ങൾ അറിഞ്ഞോ അറിയാതെയോ അവരുടെ ഭാവി തകർക്കുകയാണെന്ന് മനസിലാക്കുക. നമ്മുടെ കുട്ടികൾ ആരോഗ്യമുള്ളവരായി മാറുന്നതിന് ഈ മൊബൈൽ മാറ്റിനിറുത്താൻ ശ്രമിക്കേണ്ടതാണ്.

ഏതൊരു സാങ്കേതികവിദ്യയും എങ്ങനെയാണ് നമ്മൾ ഉപയോഗപ്പെടുത്തുന്നത് എന്നതിനെ ആശ്രയിച്ചാണ് അത് നല്ലതും ചീത്തയും ആകുന്നത്. ആധുനിക സുഖസൗകര്യങ്ങളുടെ ഒഴിച്ചുകൂടാനാവാത്ത ഘടകമായി ഇതിനകം മാറിക്കഴിഞ്ഞ മൊബൈൽ ഫോൺ നിരോധിക്കുക ഒരിക്കലും സാധ്യമല്ല. എന്നാൽ, ആവശ്യമായ രക്ഷാപദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുവേണ്ടിയുള്ള പഠനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകത നാം തിരിച്ചറിയേണ്ടതാണ്.

### മൊബൈൽ ഫോണിന്റെ അടിമത്തം കുട്ടികളുടെ ജീവനുഭീഷണി:

മനുഷ്യന്റെ നിത്യജീവിതത്തിൽ അതിശക്തമായ സ്വാധീനമാണ് മൊബൈൽ ഫോണുകൾക്കുള്ളത്. ഊണിലും ഉറക്കത്തിലും യാത്രയിലും വിശ്രമത്തിലും ജനനത്തിലും മരണത്തിലും അവ മനുഷ്യനൊപ്പമുണ്ട്. നാടിന്റെ നാനാഭാഗത്തും തലയുയർത്തി നിൽക്കുന്ന ബഹുസഹസ്രം ടവറുകളിലൂടെ അവ മനുഷ്യന്റെ സുഖദുഃഖങ്ങളും വികാരങ്ങളും നിമിഷങ്ങൾകൊണ്ട് കൈമാറുന്നു. മൊബൈൽ ഫോണിന്റെ മണിനാദം മുഴങ്ങാത്ത ഗ്രാമങ്ങൾ ഇന്ന് നമ്മുടെ നാട്ടിലില്ലെന്ന് പറയാം.

പക്ഷേ, സാങ്കേതികവിദ്യയുടെ മിന്നൽപ്രയാണത്തിൽ മനുഷ്യന് ലഭിച്ച ഈ വരദാനത്തെക്കുറിച്ച് ശരിക്കും മനസ്സിലാക്കിയവർ തീരെയില്ല. മൊബൈൽ ഫോണുകളുടെ ഉപയോഗം ഒട്ടേറെ ആരോഗ്യ സാമൂഹിക പ്രശ്നങ്ങൾക്ക് വഴിവെക്കുന്നതായി ആധുനിക ഗവേഷണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കേവലം ഉറക്കമില്ലായ്മയും തലവേദനയും മുതൽ അർബുദംവരെ സമ്മാനിക്കാൻ മൊബൈലിന്റെ അമിത ഉപയോഗം വഴിയൊരുക്കുമത്രെ. ഈ കൂട്ടുകാരൻ ആളെക്കൊല്ലിയും അപകടകാരിയുമാണെന്ന് പക്ഷേ മനുഷ്യൻ അറിയുന്നില്ല.

അനാവശ്യവസ്തു എന്ന് ഒരുകാലത്ത് വിലയിരുത്തപ്പെട്ടിരുന്ന മൊബൈൽ ഫോണുകൾ ഇന്ന് അത്യാവശ്യ വസ്തുക്കളുടെ പട്ടികയിൽ സ്ഥാനം പിടിച്ചുകഴിഞ്ഞു. ചില സന്ദർഭങ്ങളിലെങ്കിലും ഏറെ ഉപകാരപ്രദമായ ഈ ഉപകരണം നമ്മുടെ കുട്ടികൾക്കിടയിൽ ഉണ്ടാക്കുന്ന സ്വാധീനം ചെറുതല്ല. ഇന്ന് മൊബൈൽഫോൺ ഉപയോഗിക്കാത്ത കുട്ടികളില്ല. കൂട്ടുകാരോടൊപ്പം കളിച്ചും മരത്തിൽ കയറിയും പൂമ്പാറ്റകളെ പിടിച്ചും നടക്കുന്ന ഒരു ബാല്യകാലം നമ്മുടെ കുട്ടികളിൽ അന്യമായിരിക്കുന്നു. പകരം ഇന്ന് മൊബൈലിൽ ഒറ്റയ്ക്കിരുന്ന് സംസാരിക്കുന്ന കുട്ടികളേയും വീഡിയോകളും ഓഡിയോകളും ആസ്വദിക്കുന്നവരേയുമാണ് നമ്മൾ കാണുന്നത്. അങ്ങനെ മൊബൈൽ ഉപഭോഗത്തിന്റെ നല്ലതും ചീത്തയുമായ എല്ലാ വിഭാഗത്തിൽപ്പെട്ടവരും നമുക്ക് ചുറ്റും കാണാം.

എന്തിനും ഏതിനും കുട്ടികൾക്ക് മൊബൈൽ ഫോണും, ടാബും ആവശ്യമാണ്. ഭക്ഷണം കഴിക്കുമ്പോഴും പഠിക്കുമ്പോഴും കളിക്കുമ്പോഴും എന്തിനേറെ ഉറങ്ങാൻ കിടക്കുമ്പോഴും മൊബൈൽ കൈയിലില്ലാതെ പറ്റില്ലെന്നായിട്ടുണ്ട് പല കുട്ടികൾക്കും. കുട്ടികളുടെ ലോകം മൊബൈൽഫോണായി മാറിക്കഴിഞ്ഞിട്ടുണ്ട്. കുട്ടികളിൽ മൊബൈൽ ഫോണിന്റെ ഉപയോഗം വളരെയേറെ ദോഷകരമാണെന്ന് മിക്ക മാതാപിതാക്കൾക്കും അറിയാം. എങ്കിലും എങ്ങനെയെങ്കിലും അല്പസമയം അടങ്ങിയിരിക്കട്ടെ എന്ന മനോഭാവമാണ് മിക്കവർക്കും. ആ അല്പസമയത്തെ ഉപയോഗംപോലും കുട്ടികളിൽ തീവ്രമായ പ്രശ്നങ്ങളുണ്ടാക്കുന്നു. ഇവയുടെ അമിത ഉപയോഗംമൂലം കുട്ടികളിൽ എ.ഡി.എച്ച്.ഡി. ഹൈപ്പർ ആക്ടിവിറ്റി തുടങ്ങി കാൻസർവരെ ഉണ്ടാകാൻ കാരണമാകുന്നു. കുട്ടികളുടേയും കൗമാരക്കാരുടേയും ഫോൺ ഉപയോഗം ഇന്ന് മയക്കുമരുന്ന് ഉപയോഗത്തേക്കാൾ ഗുരുതരമായ അവസ്ഥയിലാണെന്ന് വിദഗ്ദ്ധർ പറയുന്നു. മയക്കുമരുന്നിന് അടിമയായ കുട്ടികളുടെ എണ്ണത്തെക്കാൾ കൂടുതലാണ് സ്ക്രീൻ അഡിഷന് ചികിത്സ തേടി എത്തുന്ന കുട്ടികൾ എന്ന് ഡോക്ടർമാർ വിലയിരുത്തുന്നു.

കുട്ടികളുടെ ത്വക്ക് മുതൽ ഓരോ അവയവങ്ങളും വളർച്ചയെത്താത്തതാണ്. അതുകൊണ്ടുതന്നെ വളർച്ചയുടെ ഘട്ടത്തിൽ ഇവയുടെ റേഡിയേഷൻ ഓരോ അവയവത്തേയും ബാധിക്കുന്നു. ഇവ യിൽനിന്ന് വരുന്ന ഇലക്ട്രോ മാഗ്നറ്റിക് റേഡിയേഷൻ മുതിർന്നവരേക്കാൾ രണ്ടിരട്ടിയിലധികം വേഗത്തിൽ കുട്ടികളെ ദോഷകരമായി ബാധിക്കുന്നു. കുട്ടികളുടെ തലച്ചോറിന്റെ കട്ടികുറവും തലച്ചോറിലെ വെള്ളത്തിന്റെ അളവ് കൂടുതലാണെന്നതും കുട്ടികളിൽ ഇത് പ്രശ്നങ്ങൾ സൃഷ്ടിക്കാൻ കാരണമാകുന്നു. കാഴ്ചയുടെ വിശാലത നഷ്ടമാകുന്നതോടൊപ്പം നേത്രരോഗങ്ങൾ പിടിപെടാനുള്ള സാധ്യതയും കൂടുതലാണ്. ഇവയുടെ ഉപയോഗം അതിരുകടക്കുന്നത് കുട്ടികളുടെ സ്വഭാവത്തേയും സാമൂഹികബന്ധങ്ങളേയും ആരോഗ്യത്തേയും വിദ്യാഭ്യാസത്തേയും തലച്ചോറിന്റെ വികാസത്തേയും വ്യക്തിത്വത്തേയും അതുവഴി ഭാവിജീവിതത്തേയും ബാധിക്കുന്നു.

പണ്ടുകാലത്ത് പാടത്തും പറമ്പിലും കളിച്ചുനടന്നിരുന്ന ഒരു കുട്ടിക്കാലമുണ്ടായിരുന്നു. എന്നാൽ, ഇന്ന് അങ്ങനെയല്ല. കൂട്ടുകാരോടൊപ്പം കളിച്ചു നടക്കേണ്ട പ്രായത്തിൽ മൊബൈൽഫോണിന്റെ ചെറിയ സ്ക്രീനിനുള്ളിൽ കുട്ടിയുടെ ലോകം ഒതുങ്ങുകയാണ്. കണ്ടും കേട്ടും അനുഭവിച്ചുമാണ് ഒരു കുട്ടി വളരേണ്ടത്. ഇല്ലെങ്കിൽ നാലു ചുവരുകൾക്കുള്ളിൽ അവന്റെ ചിന്തകളും ചുരുങ്ങിപ്പോകും. മാതാപിതാക്കളിൽ പലരും കുട്ടികൾക്കുള്ള വീഡിയോ ഗെയിം കളിക്കാൻ അമിതമായി പ്രോത്സാഹിപ്പിക്കാറുണ്ട്. മൊബൈൽഫോണിലെ ഗെയിം പ്രശ്നക്കാരനല്ലെന്ന ചിന്ത വേണ്ട. ഗെയിമുകൾ കുട്ടികളുടെ ചിന്തയെ ദോഷമായി ബാധിക്കുന്നുണ്ട്. കാർ റെയ്സിംഗും ബൈക്ക് റെയ്സിംഗും വെടിവെപ്പും നിസാരമെന്ന് കരുതരുത്. ഇത്തരം ഗെയിമുകൾ കുട്ടികളെ അക്രമസ്വഭാവമുള്ളവരും ദ്വേഷക്കാരുമാക്കാറുണ്ട്. ശരിയേത്, തെറ്റേത് എന്ന് തിരിച്ചറിയാനാവാത്ത കുട്ടികൾ വീഡിയോ ഗെയിമിൽ കാണുന്ന പലതും സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കും. വീഡിയോ ഗെയിം പോലെ അപകടകരമാണ് കാർട്ടൂണുകളും. ചുരുങ്ങിയ സമയംകൊണ്ട് കഥ പറയുന്ന കാർട്ടൂണുകൾ മനസ്സിലാക്കാൻ അധികസമയം വേണ്ടതില്ല. ഇവയുടെ ആശയം മനസ്സിലാക്കാൻ അതിബുദ്ധിയും ആവശ്യമില്ല. അതിനാൽ പതിവായി കാർട്ടൂൺ കാണുന്ന കുട്ടികൾക്ക് ശ്രദ്ധക്കുറവുണ്ടാകാനുള്ള സാധ്യത കൂടുതലാണ്.

രണ്ട് വയസ്സിനുമുമ്പേ ഒരു കാരണവശാലും കുട്ടികളെ സ്ക്രീനിനു മുമ്പിൽ ഇരുത്തരുത്. കുട്ടികളുടെ വളർച്ചയ്ക്ക് പ്രകൃതിദത്തമായ പരിസ്ഥിതിയാണ് വേണ്ടത്. അവർ ആർട്ടിഫിഷലായി മാറുന്നത് അവരുടെ ആരോഗ്യത്തേയും വളർച്ചയേയും ബാധിക്കും. വളർച്ചയുടെ ഘട്ടത്തിൽ ഇത് ലൈംഗിക ദുരുപയോഗങ്ങൾക്കും അക്രമവാസനയ്ക്കും കാരണമാകും. കാര്യകാരണം ബോധ്യപ്പെടുത്തണം.

ഹുദൂർ തിരുമനസ്സ് അത്ഫാലുൽ അഹ്മദിയ്യായെ സംബോധന ചെയ്തുകൊണ്ട് പറയുകയുണ്ടായി: 'ഇപ്പോഴുള്ള ഗവേഷണങ്ങളിൽനിന്ന് വ്യക്തമായിക്കൊണ്ടിരിക്കുന്ന ഒരു കാര്യം മണിക്കൂറുകളോളം ടിവിയുടേയും ഫോണിന്റേയും മുമ്പിൽ ഇരിക്കുന്നതിന്റെ ഫലമായി അത് കണ്ണിനെ ദോഷകരമായി ബാധിക്കും എന്നു മാത്രമല്ല അത് മസ്തിഷ്ക്കത്തേയും ദോഷകരമായി ബാധിക്കുമെന്നാണ്. ചിലർക്ക് ഇത് കാരണമായി പൂർണമായും ബുദ്ധിമാന്ദ്യംവരെ സംഭവിക്കാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് ചില കാര്യങ്ങളിൽ നിങ്ങളെ തടയുന്നുണ്ടെങ്കിൽ അത് നല്ലതിനാണെന്ന് കരുതുക. വിജ്ഞാനപ്രദമായ കാര്യങ്ങൾ അതിലുണ്ട്. അതാണ് കാണേണ്ടത്.

മറ്റൊരു രോഗം ഇക്കാലത്ത് കുട്ടികളിൽ കണ്ടുവരുന്നത് കുട്ടികൾ മാതാപിതാക്കളോട് മൊബൈൽ ഫോൺ വേണമെന്ന് ആവശ്യപ്പെടുന്നതാണ്. 10 വയസ്സു കഴിഞ്ഞാൽ കൈയിൽ മൊബൈൽ ഫോൺ ഉണ്ടായിരിക്കണമെന്നാണ് വെപ്പ്. എന്താ നിങ്ങൾ ഓരോ നിമിഷവും വിവരങ്ങൾ അറിഞ്ഞിരിക്കേണ്ട ജോലിയാണോ ചെയ്തുകൊണ്ടിരിക്കുന്നത്? കുട്ടികൾ പറയാറുള്ളത് തങ്ങൾക്ക് മാതാപിതാക്കളെ വിളിക്കാനാണ് ഫോൺ എന്നാണ്. മാതാപിതാക്കൾക്ക് കുട്ടികളെക്കുറിച്ച് അറിയണമെന്നുണ്ടെങ്കിൽ അതിന് വേറെ സംവിധാനം അവർ ഏർപ്പെടുത്തും. ഫോൺ മുഖേന ദുഃസ്വഭാവങ്ങൾ ഉടലെടുക്കുന്നതാണ്. ഫോൺ മുഖേന കുട്ടികളെ വഴിതെറ്റിക്കുന്നവർ അവരുമായി ബന്ധങ്ങൾ സ്ഥാപിക്കുന്നു. അവർ കുട്ടികളിൽ ദുഃശ്ശീലങ്ങൾ ഇട്ടുകൊടുക്കുന്നു. മോശമായ പ്രവർത്തനങ്ങളിൽ അവരെ കൊണ്ടെത്തിക്കുന്നു. അതുകൊണ്ട് ഫോൺ എന്ന വസ്തു വളരെയധികം നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നതാണെന്ന് തിരിച്ചറിയുക. സ്വബോധമില്ലാത്ത കുട്ടികൾ ഇതുകാരണം തെറ്റായ പ്രവർത്തനങ്ങളിൽപെട്ടുപോകുന്നു. നമ്മളും നമ്മുടെ കുട്ടികളും ഇതിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. അല്ലാഹു എല്ലാവിധ ദൂഷ്യഫലങ്ങളിൽനിന്ന് നമ്മളേയും നമ്മുടെ കുട്ടികളേയും കാത്തുരക്ഷിക്കുമാറാകട്ടെ.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 02 May 2019 Issue-18

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# വിശപ്പും ദാഹവും സഹിക്കലല്ല നോമ്പിന്റെ ഉദ്ദേശ്യം

ഇസ്‌ലാം കാര്യങ്ങളിലെ നാലാമത്തേതാണ് നോമ്പ്. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ആത്മീയപരിഷ്കരണവും നല്ല സംസ്കാരവും ക്ഷമാശീലവും വളർത്തലാകുന്നു . ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്യുന്നു: "കഠിനാധ്വാനമില്ലാത്ത മതം നമ്മുടെ ദൃഷ്ടിയിൽ ഒന്നുമല്ല." 'സ്വൗമുൻ' എന്ന വാക്കിന്റെ അർഥം നിൽക്കുക, തടയുക, ഒന്നും പ്രവർത്തിക്കാതിരിക്കുക എന്നാണ്. ധർമശാസ്ത്രത്തിന്റെ സാങ്കേതികാർഥത്തിൽ സൂര്യോദയം മുതൽ സൂര്യാസ്തമയംവരെ, ആരാധന എന്ന നിയ്യത്തോടെ ഭക്ഷണപാനീയങ്ങളിനിന്നും ശാരീരിക ബന്ധങ്ങളിൽനിന്നും തങ്ങളെ തടഞ്ഞു നിറുത്തലാകുന്നു നോമ്പ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: .

"പ്രഭാതത്തിന്റെ വെള്ളനൂൽ (രാവിന്റെ) കറുപ്പു നൂലിൽനിന്ന് വേർതിരിഞ്ഞ് നിങ്ങൾക്ക് പ്രത്യക്ഷപ്പെടുന്നതുവരെ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക . പിന്നീട് രാത്രിയാകുന്നതുവരെ നിങ്ങൾ വ്രതം പൂർത്തിയാക്കുക"(2:188). അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻവേണ്ടി ഭക്ഷണപാനീയങ്ങളിൽനിന്നും ശരീരേച്ഛകളിൽനിന്നും തടയുന്ന കല്പനകൾ, എല്ലാതരത്തിലുള്ള തിന്മയിൽനിന്നും രക്ഷപ്പെടാനുള്ള മാർഗമാകുന്നു. നബി (സ) അരുൾ ചെയ്യുന്നു:

"ആരാണോ കള്ളംപറയുന്നതിൽനിന്നും അത് പ്രവർത്തിക്കുന്നതിൽനിന്നും പിന്മാറാത്തത് അവന്റെ വിശപ്പും ദാഹവും സഹിക്കൽ അല്ലാഹുവിന് ഒരു ആവശ്യവുമില്ല." യഥാർഥ ഉദ്ദേശ്യത്തിന്റെ വികാരം ഉൾക്കൊള്ളാത്ത നോമ്പ് ഒരു പ്രയോജനവും ചെയ്യാത്തതാണ് . മറ്റൊരവസരത്തിൽ പറയുകയുണ്ടായി, ഭക്ഷണപാനീയങ്ങളിൽനിന്ന്, തന്നെ തടയുന്നതിന്റെ പേരല്ല നോമ്പ്; എല്ലാ വൃത്തികെട്ടകാര്യങ്ങളിൽ നിന്നും, ചീത്തവിളികളിൽനിന്നും എല്ലാ നിരർഥമായ കാര്യങ്ങളിൽനിന്നും, അസഭ്യ സംസ്കാരങ്ങളിൽനിന്നും ഒഴിയലാണ് നോമ്പ്. അതുകൊണ്ട് അല്ലയോ നോമ്പുകാരാ! ആരെങ്കിലും നിന്നെ അസഭ്യം പറയുകയോ നിന്നോട് ദ്വേഷം പ്രകടിപ്പിക്കുകയോ ചെയ്താൽ അവനോട് പറയുക, 'ഞാൻ നോമ്പ് കാരനാണ്.' നോമ്പ് എടുത്തുകൊണ്ട് ചീത്ത പറഞ്ഞു നടക്കുന്നവന്റെ നോമ്പ് പട്ടിണി മാത്രമാണ്. അവന് ഒരു പ്രതിഫലവും ലഭിക്കുകയില്ല.

**നോമ്പ് പുരാതന മതങ്ങളിൽ**

നോമ്പ ്എന്ന ഇബാദത്ത് അഥവാ ആരാധന അതിപുരാതന കാലംമുതലേ മതങ്ങളിൽ നിലനിന്നുവരുന്നതാണ് . അതിന് സൂചന നൽകിക്കൊണ്ട് അല്ലാഹു പറയുന്നു:

അല്ലയോ മുസ്‌ലിമീംകളേ! നിങ്ങൾക്ക് മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; (നിങ്ങൾ ധാർമിക വും ആത്മീയവുമായ ന്യൂനതകളിൽനിന്ന് സുരക്ഷിതരാകും വിധം) ദോഷബാധയെ സൂക്ഷിക്കാൻവേണ്ടി.

ഇസ്‌ലാമികവ്രതവും പുരാതനമതങ്ങളിലെ വ്രതവും രൂപഭാവത്തിൽ വ്യത്യാസമുള്ളതാണെങ്കിലും അടിസ്ഥാന ഉദ്ദേശ്യം ഒന്നുതന്നെയാണ്.

നബി(സ) അരുൾ ചെയ്യുന്നു: "നമ്മൾ അത്താഴം കഴിക്കുന്നു എന്നതാണ് ഗ്രന്ഥാനുസാരികളുടെ വ്രതവും നമ്മുടെ വ്രതവും തമ്മിലുള്ള വ്യത്യാസം." മുസ്‌ലിമീംകൾ അത്താഴം കഴിച്ച് വ്രതം അനുഷ്ഠിക്കുന്നു. എന്നാൽ, ഗ്രന്ഥാനുസാരികൾ അത്താഴം കഴക്കാതെയാണ് നോമ്പനുഷ്ഠിക്കുന്നുത്. ഇതുപോലെ ഹിന്ദുക്കൾക്ക് വ്രതാവസ്ഥയിൽ ചിലതെല്ലാം കഴിച്ചാലും അവരുടെ വ്രതം നിലനില്ക്കും. എന്നല്ല ചില വസ്തുക്കൾ ഉപേക്ഷിക്കുന്നതിനെയാണ് അവർ വ്രതം എന്നു പറയുന്നത് . ക്രിസ്ത്യാനികളുടെ വ്രതത്തിൽ മാംസവും പുളിപ്പുള്ള ആഹാരം ഉപയോഗിക്കാൻ പാടില്ല. മറ്റു ചില മതത്തിൽ ഒരുദിവസം മുഴുവനും അത്താഴം പോലും കഴിക്കാതെ സന്ധ്യക്ക് അവസാനിക്കുന്ന വ്രതവുമുണ്ട്. മാത്രമല്ല 4 ദിവസം തുടർച്ചയായി അനുഷ്ഠിക്കുന്ന വ്രതവും കാണാം. കനമുള്ള ഭക്ഷണം വർജിച്ചുകൊണ്ട് ലഘുഭക്ഷണമായ പാല്, പഴവർഗങ്ങൾ തുടങ്ങിയവ അനുവദനീയമായ വ്രതവും ഇന്ന് പലമതങ്ങളിലും നിലനിൽക്കുന്നുണ്ട്.

ഇനി ഇസ്‌ലാമിക വ്രതത്തിലേക്ക് തിരിച്ചുവരാം. ആത്മസംസ്ക്കരണത്തിന് വ്രതാനുഷ്ഠാനം അത്യന്താപേക്ഷിതമായതിനാൽ എല്ലാ മതങ്ങളിലും വ്യത്യസ്തമായ രീതിയിൽ വ്രതാനുഷ്ഠാന സമ്പ്രദായമുണ്ട് എന്നതിന് ഒരു സംശയവുമില്ല. മാത്രമല്ല മനുഷ്യശരീരത്തിന് വ്രതാനുഷ്ഠാനംകൊണ്ട് ഒരുപാട് ഗുണങ്ങളുണ്ട്. അവന്റെ ശരീരത്തിലടിഞ്ഞുകൂടിയിരിക്കുന്ന കൊഴുപ്പ് , ദുർമ്മേദസ് എന്നിവയുടെ അളവ് വ്രതാനുഷ്ഠാനം കൊണ്ട് കുറയുന്നു എന്ന് ശാസ്ത്രീയമായി തെളിയിച്ചിട്ടുള്ളതാണ്. ആരോഗ്യം മെച്ചപ്പെടുന്നു. ഡോക്ടർമാർ പറയുന്നത് ഇന്നത്തെ ഭക്ഷണരീതി കണക്കിലെടുത്ത് ഒരു മനുഷ്യൻ ആഴ്ചയിൽ ഒരു പകൽ മുഴുവൻ ഉദരത്തിന് റസ്റ്റ് നൽകുന്നത് നല്ലതാണെന്നാണ്.

ഈ തത്ത്വം ഇസ്‌ലാമിൽ 1400 വർഷങ്ങൾക്കുമുമ്പേ നബി (സ)തിരുമേനി പഠിപ്പിച്ചിരിക്കുന്നു. അതാണ് നഫ്ൽനോമ്പ്, റമളാൻനോമ്പ് തുടങ്ങിയവ. അത് ഒരുപരിധിവരെ മനുഷ്യന് ആത്മീയവും ശാരീരികവുമായ അഭിവൃദ്ധി നൽകുന്നു. റമളാനിൽ ഒരുമാസം മുഴുവൻ അനുഷ്ഠിക്കുന്ന നോമ്പ് അല്ലാഹുവിനെ പ്രാപിക്കാനുള്ള ഏറ്റവും വലിയ ഷോട്ട്കട്ടാണ്. ദൈവസാമീപ്യം കരസ്ഥമാക്കാനുള്ള ഏറ്റവും വലിയ എളുപ്പവഴിയാണ് റമളാനിലെ നോമ്പ്. .യഥാവിധം ഭക്ഷണ പാനീയങ്ങൾ നിയന്ത്രിച്ച്, ദൈവകല്പനകൾ പാലിച്ച് അനുഷ്ഠിച്ചാൽ നോമ്പ് മുഖേന ആത്മീയമായും ശാരീരികമായും ഒരു പുതിയജീവിതം മനുഷ്യന് ലഭിക്കുമെന്ന് നബി (സ)തിരുമേനിയുടെ വചനങ്ങളിൽ നിന്നു വ്യക്തമാകുന്നുണ്ട്.

അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) പറയുന്നു: "ഒരു സത്യവിശ്വാസി അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട്, തന്റെ വലിയ വലിയ ആവശ്യങ്ങൾക്കൊട്ടും പ്രധാന്യം നൽകാതെ അത് ഉപേക്ഷിക്കുന്നു. നോമ്പുകാരൻ ശരീഅത്ത് അനുവദിച്ച കാര്യങ്ങൾ ദൈവപ്രീതിക്കുവേണ്ടി ഒരുനിശ്ചിതസമയത്തേക്ക് ഉപേക്ഷിക്കാൻ തയ്യാറാകുന്നു. അപ്പോൾ ശരീഅത്ത് അനുവദിച്ചിട്ടില്ലാത്ത കാര്യങ്ങളെ അവർ ഒരിക്കലും ചെയ്യുകയില്ലെന്ന് മാത്രമല്ല, നിഷിദ്ധമായത് കഴിക്കുകയോ കുടിക്കുകയോ വികാരേച്ഛകളെ പൂർത്തിയാക്കാൻ മറ്റുമാർഗങ്ങൾ സ്വീകരിക്കാൻ തയ്യാറാകുകയോ ഇല്ല.

"നോമ്പിന്റെ ഉദ്ദേശ്യം വിശപ്പും ദാഹവും സഹിക്കൽ മാത്രമല്ല. പട്ടിണി കിടന്ന് ആർക്കെങ്കിലും സ്വർഗം കിട്ടുമെങ്കിൽ ഞാൻ മനസിലാക്കുന്നു നിഷേധികളിൽ വലിയ നിഷേധിയും മുനാഫിക്കുകളിൽ വലിയ മുനാഫിക്കുകളുംപോലും അതിന് തയ്യാറാകുന്നതായിരിക്കും. കാരണം പട്ടിണികിടന്നു ചാകുക എന്നത് എളുപ്പമുള്ള കാര്യമാണ്.

"നോമ്പ് നിങ്ങളുടെ ആത്മാവിനെ ആർദ്രമാക്കുകയും അതിന്റെ കെട്ടുറപ്പിനുവേണ്ട സംവിധാനം ഒരുക്കുകയും ചെയ്യുന്നു. മാത്രമല്ല ശരീരത്തിൽ അനാവശ്യമായുള്ള കൊഴുപ്പിനെ ഉരുക്കിക്കളയുന്നു. ഭൗതികമായ സംവിധാനത്തിലേക്ക് ഒന്ന് കണ്ണോടിക്കുക. പട്ടാളത്തിലും പോലീസിലും ഫയർ ഫോഴ്സിലുമെല്ലാം വർഷത്തിൽ ഒന്നുരണ്ട് തവണ പ്രത്യേകമായ പരിശീലനം നല്കാറുണ്ട്. കൃത്രിമമായുള്ള അപകടസാഹചര്യങ്ങൾ സൃഷ്ടിച്ച് അപകടം വരുമ്പോൾ അതിൽനിന്ന് എങ്ങനെ രക്ഷപ്പെടണം എന്ന് പരിശീലിപ്പിക്കുന്നത് പതിവാണ്. ഭാവിയിൽ വരുന്ന പ്രശ്നങ്ങളെയും പ്രതിസന്ധികളെയും സുഗമമായി നേരിടാൻ ആ പരിശീലനങ്ങൾ ഉപകരിക്കുന്നു. ഇതുപോലെ വർഷത്തിൽ ഒരിക്കൽ വരുന്ന റമളാൻ ആത്മീയാധ്യാപനങ്ങൾ പ്രാവർത്തികമാക്കി ആത്മാവിന്റെയും ശരീരത്തിന്റെയും ആരോഗ്യത്തിന് ശക്തി പകരുന്നു. ദൈനംദിനജീവിതം ഇസ്‌ലാമിക ധർമശാസ്ത്രമനുസരിച്ച് നയിക്കാനുള്ളതാണ്. അനുവദനീയമായതിനെപോലും വർജിച്ചുകൊണ്ട് നടത്തുന്ന 30 ദിവസത്തെ ട്രെയിനിംങ്ങാണ് നോമ്പ്. യഥാർഥത്തിൽ നമ്മൾ മുമ്പേ കഴിച്ചിരുന്നതിനെക്കാൾ കുറച്ച് ഭക്ഷണംകൊണ്ട് ജീവിക്കാൻ കഴിയും എന്ന് റമളാൻ നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് ഭക്ഷണസാധനങ്ങൾ ലാഭിക്കുന്നതോടൊപ്പം ആരോഗ്യവും സംരക്ഷിക്കുവാൻ നോമ്പ് നമ്മെ പഠിപ്പിക്കുന്നു. ഇതിനേക്കാൾ ഉത്തമമായ ഒരു ഡയറ്റിംങ്ങില്ല. ഹദ്റത്ത് മസിഹ് മൗഊദ് (അ) ഈ വിഷയത്തെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് പറയുന്നു: "നോമ്പിൽ ഭക്ഷണം കുറക്കേണ്ടത് അത്യാവശ്യമാണ്. ഭക്ഷണം കുറക്കാതെ നോമ്പിന്റെ ഉദ്ദേശ്യം പൂർണമാവുകയില്ല. കുറച്ച് സമയം പട്ടിണികിടക്കുന്നതിനെ നോമ്പ് എന്ന് പറയാൻ പാടില്ല."

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾചെയ്യുന്നു: "നബി (സ) തിരുമേനി റമളാനിൽ ധാരാളമായി ആരാധനാകർമങ്ങൾ നിർവഹിച്ചിരുന്നു. ഈ ദിവസങ്ങളിൽ ഭക്ഷണപാനീയ ചിന്തകളിൽനിന്ന് മുക്തനാകുകയും ഭൗതിക ആവശ്യങ്ങളുമായിട്ടുള്ള ബന്ധം വിച്ഛേദിക്കുകയും അല്ലാഹുവിന്റെ മുമ്പിൽ എപ്പോഴും കുനിഞ്ഞിരിക്കുന്ന അവസ്ഥ ഉണ്ടാക്കുകയുമാണ് വേണ്ടത്."(1906ലെ ജൽസസാലാന പ്രഭാഷണം).

അത്താഴസമയത്തും നോമ്പ് തുറക്കുന്ന സമയത്തും ക്ഷമയും മിതത്ത്വവും പാലിക്കണമെന്ന് മാത്രമല്ല, ക്രമാതീതമായി ഭക്ഷണം കുറച്ചുകൊണ്ടിരിക്കേണ്ടതുമാണ്. ഇതുകൂടാതെ മനുഷ്യന്റെ ശ്രദ്ധ ദൈവത്തിലേക്ക് തിരിയുകയില്ല. ദൈവസ്മരണയെക്കുറിച്ച് മസീഹ് മൗഊദ് (അ)അരുൾ ചെയ്യുന്നു: 'ദൈസ്മരണ ഒരു ആത്മീയ ഭക്ഷണമാണ്. ദൈനംദിനമുള്ള ആത്മാവിന്റെ ഭക്ഷണമാണത്. ഭൗതിക ഭക്ഷണത്തിൽനിന്ന് നമ്മുടെ ശ്രദ്ധ ആത്മീയ ഭക്ഷണത്തിലേക്ക് തിരിച്ചു വിടുന്നു എന്നതാണ് നോമ്പിന്റെ ബർക്കത്ത് . ദൈവസ്മരണയിൽ ഒരുനിർവൃതി വരാൻ തുടങ്ങുന്നു,അത് ആത്മീയ അനുഭൂതിയാകുന്നു.'

നിങ്ങളുടെ ആരോഗ്യം മെച്ചപ്പെടാൻ വേണ്ടി നോമ്പ് എടുക്കുവിൻ. അമിതമായി നമ്മൾ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നത് വിഢിത്തമായിരുന്നുവെന്ന പാഠം നോമ്പിൽനിന്ന് പഠിക്കുമ്പോഴാണ് നമ്മുടെ ആരോഗ്യംനന്നാകുന്നത്.

---

**(പേജ് 2ൽനിന്ന്)**

ചില ആളുകൾ നാസ്തികരായിത്തീരുന്നു. ഞങ്ങളുടെ ഗ്രാമത്തിൽ ഒരു ആശാരിയുണ്ടായിരുന്നു. അയാളുടെ ഭാര്യ രോഗിയാവുകയും പിന്നെ മരിക്കുകയും ചെയ്തു.

ഒരു ദൈവമുണ്ടായിരുന്നെങ്കിൽ താൻ ധാരാളമായി ചെയ്ത പ്രാർഥന സ്വീകരിക്കപ്പെടുമായിരുന്നുവെന്നും അവൾ മരിക്കുമായിരുന്നില്ലെന്നും പറഞ്ഞ് അയാൾ ദൈവനിഷേധിയായി.

ഒരു സാത്വികനായ വ്യക്തി കൂറും ആത്മാർഥതയും കാണിക്കുകയാണെങ്കിൽ അയാളുടെ വിശ്വാസം വർധിക്കുകയും ഉദ്ദേശ്യസാഫല്യം നേടുകയും ചെയ്യും. ഐഹികലോകത്തെ സമ്പാദനത്തിന് സർവ്വശക്തനായ ദൈവത്തിനു മുമ്പിൽ ഒരു വിലയുമില്ല. അവൻ ഓരോ കാര്യവും ഒരൊറ്റ നിമിഷംകൊണ്ടു ചെയ്യും. തികച്ചും അജ്ഞരായ ജനങ്ങൾക്ക് അവൻ ഭരണാധികാരം നൽകിയത് നിങ്ങൾ കണ്ടിട്ടില്ലേ? അവരോടു അനുസരണമുള്ള രാജഭരണങ്ങളുമുണ്ടായി. അവൻ അടിമകളിൽനിന്ന് രാജാക്കന്മാരെയുണ്ടാക്കി. ഒരു വ്യക്തി സാത്വികനും പരിപൂർണമായി ദൈവത്തിന്റേതായിത്തീരുകയും ചെയ്താൽ അവൻ മികവുറ്റ ജീവിതം നയിക്കും. അയാൾ ആത്മാർഥതയുള്ളവനും ദൃഢനിശ്ചയമുള്ളവനുമായിരിക്കണമെന്നതാണ് നിബന്ധന. അയാളുടെ ഹൃദയം ഒരിക്കലും ഇടറിപ്പോകരുത്. കാണിച്ചുകൂട്ടലും കർത്തവ്യവിമുഖതയുമുണ്ടാവരുത്. തന്റെ ജനതയുടെ പിതാവും ദൈവത്തിൽ സമർപണം ചെയ്തവരുടെ പിതാവുമാക്കാൻ എന്താണ് ഇബ്റാഹിമിൽ(അ) ഉണ്ടായിരുന്നത്? സർവ്വശക്തനായ അല്ലാഹു എണ്ണമറ്റ മഹത്തായ അനുഗ്രഹങ്ങൾ അദ്ദേഹത്തിന് നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ സാത്വികതയും ആത്മാർഥതയുമായിരുന്നു കാരണം. തന്റെ സന്തതികളിൽനിന്ന് അറേബ്യയിൽ ഒരു പ്രവാചകൻ പ്രത്യക്ഷനാവുമെന്ന് ഇബ്റാഹിം(അ) പ്രാർഥിച്ചിട്ടുണ്ടായിരുന്നു. അത് ഉടനെതന്നെ സ്വീകരിക്കപ്പെട്ടുവോ? ഇബ്റാഹിം(അ)ന് ശേഷം ദീർഘകാലംവരെ ആരും ആ പ്രാർഥനയിൽ ശ്രദ്ധ ചെലുത്തിയിരുന്നില്ല. എന്നിട്ടും ആ പ്രാർഥന വിശുദ്ധനബി(സ)യിൽ പുലർന്നു. എത്ര മഹത്തായിരുന്നു അതിന്റെ പൂർത്തീകരണം. (അൽഹക്കം, വാള്യം 7, നമ്പർ 8, ഫെബ്രുവരി 28, 1903, പേജ് 1- 3)(തുടരും)

(ദി റിവ്യൂ ഓഫ് റിലീജ്യൻസ്, ഒക്ടോബർ 2018)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin